316
AUGUST-SEPTEMBER 2025

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# ഇന്ത്യൻ നവഫാസിസം: ജനാധിപത്യത്തിനുള്ളിലെ പരാദ പരീക്ഷണങ്ങൾ

KERALA PRIVATE
COLLEGE TEACHER
AUG/SEP 2025
316

EDITORIAL BOARD

Editor
**Dr. Vidhu Narayan**

Managing Editor
**Dr. N. Renuka**

Assistant Editors
**Dr. M. R. Rajesh**
**Sreelekshmi A.R.**

**Members**
A. Nisanth
Prof. (Dr.) K. Bijukumar
Asha Prabhakaran
Sanjeev G.
Pramod Vellachal
Dr. Sumesh A.S.
Dr. Bindumol B.
N.K. Sunilkumar
Harinarayanan S.
Dr. Vishnu Sreevalsan
Midhun Shah
Dr. Remya G.
Dr. Anju Linda Varghese
Dr. Sanand C. Sadananda Kumar
Dr. Preetha Krishna L.

Design :
Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.
Edited, Printed and Published by
Prof. (Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
**Ph: 0471-2463494**
**Mobile: +91 94470 14956**
collegeteacheredt@gmail.com
www.akpcta.org




# എഡിറ്റോറിയൽ

ഭക്ഷണം, ജലം, വായു എന്നിവ പോലെ ജീവിതത്തിന്റെ അടിസ്ഥാന ഘടകമായി വിദ്യാഭ്യാസത്തെ കണക്കാക്കുന്ന ജനവിഭാഗമാണ് കേരളത്തിലേത്. കേരള സമൂഹത്തെ സാംസ്കാരികമായി ഉയർന്നതലത്തിൽ നിലനിർത്തുന്നത് നമ്മുടെ വിദ്യാഭ്യാസത്തിന്റെ അടിത്തറയാണ്. കേരളം ലോകത്തിനു നൽകുന്ന ഏറ്റവും വലിയ സംഭാവന മാനവ വിഭവശേഷിയാണ്. പുരോഗതിയിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഒരു ജനസമൂഹത്തെ രക്തംചിന്താതെ തകർക്കാനുള്ള മികച്ച വഴി അവരുടെ സംസ്കാരത്തെ തകർക്കുകയാണ് എന്ന് ഫാസിസ്റ്റ് ഭരണാധികാരികൾക്ക് ബോധ്യമുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ നശിപ്പിക്കുന്ന തരത്തിലുള്ള അത്തരം അനാവശ്യ ഇടപെടലുകൾ നടത്തുന്നതിന് ആരെയും അനുവദിക്കില്ല എന്ന നിലപാടാണ് കേരളം ഭരിക്കുന്ന ഇടതുപക്ഷ സർക്കാരിനുള്ളത്. ഉപരോധങ്ങളുടെ ഈ കാലത്ത് നമ്മുടെ വിദ്യാഭ്യാസരംഗത്തെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ജില്ലകളിലും വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ചു കഴിഞ്ഞു. ദേശീയതലത്തിലുള്ള പ്രതിഷേധസമരം ഐഫക്ടോയുടെ നേതൃത്വത്തിൽ വാരണാസിയിൽ നടത്തുകയുണ്ടായി. ഏതു പ്രതിസന്ധിയെയും അതിജീവിക്കുന്ന ഉന്നത വിദ്യാഭ്യാസത്തിന്റെ കാവലാളുകൾക്ക് ഈ ലക്കം സമർപ്പിക്കുന്നു.

**എഡിറ്റർ**
collegeteacheredt@gmail.com
9447237659

# ഉള്ളടക്കം





ഭരണകൂടഭീകരതകളും ജനാധിപത്യ വഴികളും
**ഡോ. ബിജുകുമാർ കെ.** .......... 4

AIFUCTO REPORT .......... 17

GOLDEN FIELDS OF TENKASI
**ARCHANA P.J.** .......... 19

സുവിശേഷത്തിലില്ലാത്ത മറിയമേ...
**ഡോ. ജോർജ് സെബാസ്റ്റ്യൻ** .......... 29


മലയാളം മണക്കുന്ന ഒരിംഗ്ലീഷ് നോവൽ
**ഹരിനാരായണൻ എസ്.** .......... 33


**സംഘടനാവാർത്തകൾ** .......... 39

**ബുക്ക് ഷെൽഫ്** .......... 44

**സർക്കാർ ഉത്തരവുകൾ** .......... 45


Cover: Gino Severini's "Armored Train in Action" (1915). Art Courtesy MOMA / ARS, NY / Adagp, Paris / Scala / Art Resource, NY






GENERAL SECRETARY'S PAGE



ഡോ. ബിജുകുമാർ കെ.

# ഭരണകൂടഭീകരതകളും ജനാധിപത്യ വഴികളും

ആഗോളതലത്തിലും ദേശീയതലത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്ന ഗതിഭേദങ്ങൾ സംസ്ഥാനങ്ങളുടെ സ്വതന്ത്ര്യാധികാരങ്ങൾക്കും അതിജീവനത്തിനും കനത്ത വെല്ലുവിളിയാകുന്നുണ്ട്.അതിൽ ഏറ്റവും ഭീകരവും നിസ്സഹായവുമായ ഒന്ന് ഗാസയിൽ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന വംശഹത്യയാണ്. ലോകമന:സാക്ഷിയെ നിരന്തരം വേട്ടയാടുന്ന സംഭവങ്ങളാണ് അടുത്ത ദിവസങ്ങളിൽ പോലും നടന്നത്. തെക്കൻ ഗാസയിലെ നസ്സർ ആശുപത്രിയുടെ മുകൾ നിലയിൽ ഉണ്ടായ സ്ഫോടനത്തിൽ അന്താരാഷ്ട്ര വാർത്താ ഏജന്റുകൾ ഉൾപ്പെടെയുള്ളവർ കൊല്ലപ്പെട്ടു. ആതുരശുശ്രൂഷയുടെ സുരക്ഷാകേന്ദ്രങ്ങളിൽ പോലും മാധ്യമപ്രവർത്തകരും കുട്ടികളും സ്ത്രീകളും കൊല്ലപ്പെടുന്ന ക്രൂരമായ വംശീയ കലാപത്തിന്റെ പശ്ചാത്തലത്തിൽ രോഗവ്യാപനവും പോഷകാഹാരക്കുറവും ഭക്ഷ്യക്ഷാമവും മൂലം ഒരു ദേശം ഇല്ലാതാവുകയാണ്.

മനുഷ്യരുടെ അടിസ്ഥാന അവകാശങ്ങളും ആവശ്യങ്ങളും ഭരണകൂടഭീകരതകൾ ഇല്ലാതാക്കുന്നത് എങ്ങനെ എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് സൂചിപ്പിച്ചത്. അമേരിക്കൻ പ്രസിഡന്റ് ട്രംപ് പ്രഖ്യാപിച്ച തീരുവയുദ്ധവും ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച ജി എസ് ടി പരിഷ്കരണവും കേരളം പോലുള്ള സംസ്ഥാനങ്ങളിലെ ചെറുകിട സംരംഭകരെയും കർഷകരെയും പ്രതികൂലമായി ബാധിക്കുന്നതെങ്ങനെ എന്ന തരത്തിലുള്ള സാമ്പത്തിക രാഷ്ട്രീയ വിശകലനങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

സംഘപരിവാറിന്റെ എന്നത്തേയും രാഷ്ട്രീയ ലക്ഷ്യമായ മതരാഷ്ട്ര നിർമ്മാണത്തിന്റെയും ഏകീകൃതവും അധീശത്വപരവുമായ ഭരണനിർവ്വഹണത്തിന്റെയും സാധ്യതകൾ ഏത് പഴുതിലൂടെയും അവർ നടപ്പിലാക്കി വരികയാണ്. പ്രത്യക്ഷത്തിൽ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയും നീതിന്യായ വ്യവസ്ഥയെപ്പോലും ചൊൽപ്പടിയിലാക്കുകയും ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ അങ്ങേയറ്റം ജനാധിപത്യ വിരുദ്ധമായ ഒരു പ്രവൃത്തിയാണ് 130-ാം ഭരണഘടനാ ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്. കോടതിയിൽ കുറ്റം തെളിയിക്കപ്പെടുന്നതിന് മുൻപ് തന്നെ കുറ്റാരോപിതനായ മന്ത്രിമാരെ ഉൾപ്പെടെ തടങ്കലിൽ പാർപ്പിച്ചുകൊണ്ട് നിലവിലുള്ള അധികാരസ്ഥാനങ്ങളിൽ നിന്ന് നീക്കം ചെയ്യാനുള്ള അധികാരമാണ് ഈ ഭേദഗതിയിലൂടെ നേടിയെടുക്കുന്നത്. സംഘപരിവാർ അധികാരത്തിൽ വന്നതിന് ശേഷം വിരുദ്ധ ചേരികളിൽ ഉള്ള സംസ്ഥാന സർക്കാരുകളെ അട്ടിമറിക്കാനും മന്ത്രിമാരെ അറസ്റ്റ് ചെയ്യുവാനും കാണിക്കുന്ന പ്രവണതകളുടെ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ ഈ ഭരണഘടനാ ഭേദഗതിയിലൂടെ സംസ്ഥാന ഗവൺമെന്റുകളുടെ നിലനില്പ് തന്നെ അവതാളത്തിലാവുകയാണ്.

കേരളം പോലെ ജനാധിപത്യ സംവിധാനത്തിൽ പുലരുന്ന ഒരു സംസ്ഥാനത്തിൽ സംഘപരിവാർ

നോമിനികളായ ഗവർണർമാരെയും അവരുടെ ആജ്ഞാനുവർത്തികളായ വൈസ് ചാൻസലർമാരെയും ഉപയോഗിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയെ പൂർണമായും തകർക്കുവാനും അശാസ്ത്രീയതയും അയുക്തിയും പടർത്തി അന്ധവിശ്വാസങ്ങളുടെയും സങ്കുചിത രാഷ്ട്രീയത്തിന്റെയും തട്ടകമായിമാറ്റുവാനും ശ്രമിച്ചു വരുന്നു. ദേശീയ വിദ്യാഭ്യാസ നയം 2020 സംസ്ഥാനങ്ങളിൽ നടപ്പിലാക്കുവാനുള്ള സമ്മർദ്ദങ്ങളുടെ ഭാഗമെന്ന നിലയിൽ ആണ് യുജിസി അശാസ്ത്രീയ പാഠ്യപദ്ധതി ചട്ടക്കൂട് പുറത്ത് വന്നത്. Learning Outcome based Curriculum Framework (LOCF) അനുസരിച്ച് കെമിസ്ട്രി, ആന്ത്രപ്പോളജി, കൊമേഴ്സ്, എക്കണോമിക്സ്, ജ്യോഗ്രഫി, ഹോംസയൻസ്, മാത്തമാറ്റിക്സ്, ഫിസിക്കൽ എഡ്യുക്കേഷൻ, പൊളിറ്റിക്കൽ സയൻസ് എന്നീ ഒൻപതു വിഷയങ്ങളുടെ പാഠ്യപദ്ധതിയാണ് ഇത്തരത്തിൽ വികലവും യുക്തിഹീനവും വർഗ്ഗീയവുമായി പരിഷ്കരിക്കപ്പെടുന്നത്. കെമിസ്ട്രിയിൽ പൗരാണിക ഇന്ത്യയുടെ സങ്കല്പങ്ങളിലൊന്നായ പരമാണു(atom)വിനെക്കുറിച്ചും കൊമേഴ്സിൽ കൗടില്യന്റെ അർത്ഥശാസ്ത്രവും രാമരാജ്യ സങ്കല്പവും ശുഭ് – ലാഭ് തത്വചിന്തയും മാത്തമാറ്റിക്സിൽ ക്ഷേത്രവാസ്തുശൈലിയും ഗണിതകലാരൂപങ്ങളുടെ മാതൃക എന്ന നിലയിൽ രംഗോലി, കോലം, മണ്ഡല ജ്യോമട്രി തുടങ്ങിയവയും സാമ്പത്തിക ശാസ്ത്രത്തിൽ രാജാധികാരത്തിന്റെയും ദാനധർമ്മങ്ങളുടെയും സദാചാരപരവും സാംസ്കാരികവുമായ സങ്കല്പങ്ങളും പൊളിറ്റിക്കൽ സയൻസിൽ വി. ഡി. സവർക്കറെക്കുറിച്ചും കുട്ടികൾ പഠിക്കേണ്ടി വരുന്ന സാഹചര്യം അതിഭീകരമാണ്. കരിക്കുലം ഫ്രെയിംവർക്കിന്റെ ഏതാനും സൂചനകൾ മാത്രമാണിത്. Indian Knowledge System എന്ന സങ്കല്പത്തിൽ നിന്നുകൊണ്ട് തികച്ചും മതപരവും അശാസ്ത്രീയവുമായ അറിവുകൾ സിലബസിൽ ഉൾപ്പെടുത്തുകയാണ്. മിത്തുകളും ഐതിഹ്യങ്ങളും ചരിത്രവും ശാസ്ത്രവുമായി അവതരിപ്പിക്കപ്പെടുന്നു.

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ കോടതിയെപ്പോലും വെല്ലുവിളിക്കുന്ന കേന്ദ്രഭരണകൂടത്തിന്റെ ഇടപെടലുകളെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള വിദ്യാഭ്യാസ സമിതി രൂപം കൊണ്ടത്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും വർഗ്ഗീയതയ്ക്കെതിരെ പ്രചാരണ പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതുണ്ട്. കാരണം ഇത് കേരളസമൂഹത്തെ മുഴുവൻ ബാധിക്കുന്ന പ്രശ്നമാണ്.**

ശ്ചിതത്വം അനുഭവിക്കുകയുമാണ്.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ കോടതിയെപ്പോലും വെല്ലുവിളിക്കുന്ന കേന്ദ്രഭരണകൂടത്തിന്റെ ഇത്തരം ഇടപെടലുകളെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള വിദ്യാഭ്യാസ സമിതി രൂപം കൊണ്ടത്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും വർഗ്ഗീയതയ്ക്കെതിരെ പ്രചാരണപ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതുണ്ട്. കാരണം ഇത് കേരളസമൂഹത്തെ മുഴുവൻ ബാധിക്കുന്ന പ്രശ്നമാണ്. നമ്മുടെ ഫെഡറൽ സംവിധാനങ്ങളെ നിലനിർത്തിക്കൊണ്ട് മുന്നോട്ടു പോകാൻ ഇതുപോലുള്ള പുരോഗമന സമിതികൾ ആവശ്യമാണ്. ഐഫക്ടോ പ്രതിഷേധങ്ങളും എകെപിസിടിഎ ദിനംപ്രതി കേരളത്തിലെ ക്യാമ്പസുകളിൽ നടത്തി വരുന്ന വർഗ്ഗീയവിരുദ്ധ സമരങ്ങളും ജനാധിപത്യത്തെ സംരക്ഷിക്കുന്ന





ആഗസ്റ്റ് 14 വിഭജനഭീതിദിനമായി ആചരിക്കണമെന്ന ഗവർണറുടെ നിർദ്ദേശത്തെ കേരളത്തിലെ പുരോഗമന സമൂഹവും സംസ്ഥാന സർക്കാരും നിർഭയം തള്ളിക്കളയുകയാണ് ഉണ്ടായത്. കേരള സർവകലാശാലയിലും സാങ്കേതിക സർവകലാശാലയിലും നിലനിൽക്കുന്ന തുടർച്ചയായ നിയമയുദ്ധങ്ങളും വിസിയുടെ ദുരധികാരങ്ങളും മൂലം സർവകലാശാല സംവിധാനങ്ങൾ താറുമാറാവുകയും വിദ്യാർത്ഥികളും അദ്ധ്യാപകരും ജീവനക്കാരും പൊതുസമൂഹം തന്നെയും വലിയ അനിതിന്റെ ഭാഗമാണ്.

കേന്ദ്ര ഗവൺമെന്റിന്റെ കടുത്ത അവഗണനയ്ക്കിടയിലും സർക്കാർ ജീവനക്കാർക്കും സർവകലാശാല – കോളജ് അദ്ധ്യാപകർക്കും ഒരു ഗഡു ക്ഷാമബത്ത അനുവദിച്ച സംസ്ഥാന സർക്കാരിന്റെ കരുതൽ സമരങ്ങൾക്ക് ഊർജ്ജം പകരുന്നു. സമത്വവും നീതിയും സാഹോദര്യവുമുള്ള ഒരു കാലത്തിന് വേണ്ടിയുള്ള സമരങ്ങൾക്ക് ഇടയിലാണ് ഒരു ഓണക്കാലം വന്നുചേരുന്നത്. ഏവർക്കും ഓണാശംസകൾ. ■

ഡോ. എൻ. രേണുക
അസോസിയേറ്റ് പ്രൊഫസർ, എൻഎസ്എസ് കോളജ് ചേർത്തല

# "ഹന്ത! ധന്യമിഹ നിന്റെ ജീവിതം"



മനുഷ്യർ സ്വയം ലൈബ്രറിയായി വികസിക്കുന്ന അനുഭവങ്ങൾ ഉണ്ട്. നൂറ്റാണ്ടുകളുടെ ഓർമ്മകളും ചരിത്രവും നീതിസമരങ്ങളും പ്രത്യാശയുടെ ഭാവിയും ഒക്കെയായി മാറുവാൻ ഗ്രന്ഥപ്പുരകളെപ്പോലെ മനുഷ്യർക്കും സാധിക്കും. അത് അത്ര എളുപ്പമുള്ള കാര്യമല്ല. നിതാന്തമായ അനുശീലനങ്ങളുടെയും ധാർമ്മികമായ അനുയാത്രകളുടെയും ബാക്കിപത്രങ്ങളാണവ. അങ്ങനെ ആത്മാവിൽ കത്തിയെരിഞ്ഞ് വെളിച്ചത്തിന്റെ തീവെട്ടികൾ തീർക്കുന്ന അത്തരം മനുഷ്യർക്ക് സമാനതകളില്ല. സാനു മാഷ് അങ്ങനെയൊരാളായിരുന്നു. ജീവന്റെ അടയാളം ചലനമാണെന്ന് ജീവിതാന്ത്യത്തോളം സഹജീവികളെ ഓർമ്മിച്ച സർഗ്ഗാത്മകവ്യക്തിത്വം.

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ നിത്യയൗവ്വനത്തോടെ സാനു മാഷ് ഉയർന്നു നിൽക്കുന്നു. അദ്ധ്യാപകൻ, എഴുത്തുകാരൻ, പ്രഭാഷകൻ, സാമൂഹ്യപ്രവർത്തകൻ, സാംസ്കാരിക നായകൻ, നിയമസഭാംഗം ഇങ്ങനെ അനേകം സ്വത്വങ്ങൾ സാനുമാഷിൽ എല്ലാ വൈരുദ്ധ്യങ്ങളെയും മറികടന്ന് ജീവിച്ചു. മനുഷ്യരെ കാണാതെ മനുഷ്യരോട് സംവദിക്കാതെ തനിക്ക് നിലനിൽക്കുവാൻ കഴിയില്ല എന്ന് കോവിഡ്കാലത്ത് പലപ്പോഴും സാനുമാഷ് പറയുമായിരുന്നു. മനുഷ്യരുള്ള ഇടം അതായിരുന്നു സാനുമാഷിന്റെ ലോക വീക്ഷണം. അതുകൊണ്ടാണ് സാഹിത്യ നിരൂപണങ്ങളിലും ജീവചരിത്രങ്ങളിലും പ്രഭാഷണങ്ങളിലും സാമൂഹിക ഇടപെടലുകളിലും മനുഷ്യപക്ഷത്തെക്കുറിച്ചുള്ള ആകുലതകളും നിലപാടുകളും ഒരുപോലെ പ്രാധാന്യം അർഹിക്കുന്നത്. നവോത്ഥാനചിന്തകളുടെ പ്രസരണത്തെ ഇക്കാലമത്രയും നിരന്തരം സ്വീകരിച്ചു പൊതുമണ്ഡലത്തിന്റെ ഭാഗമായി നിലനിൽക്കുക എന്നത് ശ്രമകരമായ പ്രവൃത്തിയാണ്. വിശാലമായ ലോകബോധത്തിന്റെയും മാനുഷികമായ ഉൾക്കൊള്ളലിന്റെയും ബാക്കിപത്രമാണത്.

ആലുവ സെന്റ്.സേവ്യേഴ്സ് കോളജിൽ പ്രീഡിഗ്രിക്ക് പഠിക്കുന്ന കാലത്താണ് സാനു മാഷെ ആദ്യമായി കാണുന്നതും കേൾക്കുന്നതും. അന്ന് കോളജ് ഡേ ഉദ്ഘാടനം ചെയ്തു സംസാരിച്ചത് മാഷായിരുന്നു. വായനയുടെ പ്രയോജനം എന്താണ് എന്ന് മാഷ് പറയുന്നത് ഇപ്പോഴും കേൾക്കാം. ഇടിമുഴക്കങ്ങളോ ദ്രുതചലനങ്ങളോ ഇല്ലാതെ മന്ദസ്ഥായിൽ നിശ്ശബ്ദതയിൽ നിന്ന് ആരംഭിച്ച ആ പ്രഭാഷണം അവസാനിക്കുന്നത് വരെ കുട്ടികൾ ശാന്തരായിരുന്നു. ഭൗതികലാഭങ്ങൾ ഒന്നും പ്രതീക്ഷിക്കേണ്ടതില്ലാത്ത എന്നാൽ അനുപേക്ഷണീയമായ ഒരു പ്രക്രിയയാണ് വായനയെന്നും അത് നിങ്ങളെ കൂടുതൽ കൂടുതൽ മനുഷ്യരാക്കും എന്നുമായിരുന്നു ആ സംസാരത്തിന്റെ കാതൽ. "അനുപേക്ഷണീയം" എന്ന വാക്ക് എടുത്തു പറഞ്ഞു. മാനുഷികമായി ചിന്തിച്ചാൽ അതൊരു മമതയുള്ള പദമാണ്. ഒരു പദത്തിന് പകരം വയ്ക്കാൻ മറ്റൊന്നുണ്ടാവില്ല. വ്യക്തികളെപ്പോലെ തന്നെ, വാക്ക് ഉപയോഗിക്കുന്നിടത്ത് സാനുമാഷ്ന് അത്രത്തോളം ജാഗ്രതയുണ്ടായിരുന്നു. വർഷങ്ങൾക്കു ശേഷം സെന്റ്. സേവ്യേഴ്സ് കോളജിൽ വച്ചു നടന്ന ഒരു



സാഹിത്യ പരിപാടിയിൽ സംസാരിക്കാൻ എത്തിയപ്പോൾ ഉദ്ഘാടകനായി സാനു മാഷ് ഉണ്ടായിരുന്നു. കവിതയായിരുന്നു വിഷയം. ഉയർന്ന വ്യക്തിത്വത്തോടുള്ള ആദരവ് കലർന്ന ദൂരക്കാഴ്ചയായല്ലാതെ വ്യക്തിപരമായി എനിക്ക് സാനു മാഷെ പരിചയം ഉണ്ടായിരുന്നില്ല. അതിപരിചയങ്ങൾ ഇല്ലാത്ത ഏത് വ്യക്തിയോടും സംസാരിച്ച് അടുപ്പമുണ്ടാക്കിയെടുക്കുവാനോ അത് നിലനിർത്തുവാനോ വൈമുഖ്യം ഉള്ളതിനാൽ അത്തരം സംഭാഷണങ്ങളിൽ നിന്ന് അകന്ന് നിൽക്കാനായിരുന്നു താത്പര്യം. പ്രസംഗം കഴിഞ്ഞു സീറ്റിൽ വന്നിരുന്നപ്പോൾ സാനു മാഷ് പറഞ്ഞു തന്നത്.

**വർഷങ്ങളുടെ ലോകാനുഭവങ്ങൾ തെളിമയുള്ള ഭാഷയും ദർശനവുമായി മാറുകയായിരുന്നു. ഒരു പണ്ഡിതൻ, സാംസ്കാരിക പ്രവർത്തകൻ ഇല്ലാതെയാകുന്നു എന്നത് മാത്രമല്ല സാനുമാഷിന്റെ തിരോധാനം ഉണ്ടാക്കുന്ന നഷ്ടം.**

വർഷങ്ങളുടെ ലോകാനുഭവങ്ങൾ തെളിമയുള്ള ഭാഷയും ദർശനവുമായി മാറുകയായിരുന്നു. ഒരു പണ്ഡിതൻ, സാംസ്കാരിക പ്രവർത്തകൻ ഇല്ലാതെയാകുന്നു എന്നത് മാത്രമല്ല സാനുമാഷ്ടെ തിരോധാനം ഉണ്ടാക്കുന്ന നഷ്ടം. ഒരു വൈകുന്നേരം എറണാകുളം BTH ൽ കാപ്പി കുടിയ്ക്കാൻ കയറിയപ്പോൾ മാഷും കുറച്ച് സ്നേഹിതരും അവിടെയുണ്ട്. ഞങ്ങൾ അടുത്തേക്ക് ചെന്നു. സംസാരിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ എന്റെ സഹോദരനെ പരിചയപ്പെടുത്തി. മാഷ് സ്വയം പരിചയപ്പെടുത്തുകയാണ് " എന്റെ പേര് എം. കെ. സാനു. ഞാൻ മഹാരാജാസ് കോളേജിലെ മലയാളം അദ്ധ്യാപകൻ ആയിരുന്നു". വിനയപൂർവ്വമുള്ള ആ സംസാരം കേട്ടുനിന്ന ഞങ്ങളെല്ലാവരും ഒരു പോലെ ഞെട്ടി.



വിട്ടില്ല. വീട്, നാട്, പഠിച്ച ഇടങ്ങൾ, ജോലി, വായിച്ചതും എഴുതിയതുമായ പുസ്തകങ്ങൾ എല്ലാം ചോദിച്ചു. ആധുനികോത്തര കവിതയെ കുറിച്ചുള്ള എന്റെ സംസാരം മുഴുവൻ ശ്രദ്ധിച്ചു. ഒരു സ്ഥലത്ത് ഞാൻ ഉപയോഗിച്ച വാക്കിന് പകരം മറ്റൊരു വാക്ക് ആയിരുന്നെങ്കിൽ കൂടുതൽ നന്നാവും എന്നെല്ലാം പറഞ്ഞു. പിന്നീട് യാദൃച്ഛികമായി പലയിടങ്ങളിലും മാഷെ കണ്ടു. വിവിധ കാരണങ്ങളാൽ എഴുത്തിൽ നിന്ന് മാറി നിൽക്കേണ്ടി വന്ന സാഹചര്യത്തിൽ എല്ലാം എന്തുകൊണ്ട് എഴുതുന്നില്ല, സംസാരിക്കുന്നില്ല എന്നെല്ലാം അന്വേഷിച്ചു. ഒരുപാടു തവണ എറണാകുളത്ത് മാഷ്ടെ വീട്ടിൽ പോയിട്ടുണ്ട്. അതിലേറെയും സംഘടനാപരമായ ആവശ്യങ്ങൾക്ക് വേണ്ടിയായിരുന്നു. എകെപിസിടിഎ ജേർണലിലേയ്ക്ക് ഒരു ലേഖനം വേണം എന്ന് സ്വാതന്ത്ര്യത്തോടെ ആവശ്യപ്പെട്ടപ്പോൾ യാതൊരു മടിയും കൂടാതെ പറയും ഞാൻ പറഞ്ഞു തരാം, എഴുതിയെടുക്കണമെന്ന്. കസേരയിൽ കണ്ണടച്ചിരുന്ന് മാഷ് പറഞ്ഞു കൊണ്ടിരിക്കുന്ന ചിത്രം മായാതെ നിൽക്കുന്നു. "നവോത്ഥാനവും മതഭാവനകളും" എന്ന ലേഖനമാണ് കോളജ് ടീച്ചറിനുവേണ്ടി അന്ന് സാനു മാഷ് സമഭാവനയുടെ രാഷ്ട്രീയം ഇത്ര തന്മയത്വത്തോടെ ആവിഷ്കരിച്ച സാനു മാഷ് മനുഷ്യരുടെ പ്രതീക്ഷയായിരുന്നു. ആ അഭയമാണ് ഇല്ലാതായത്. 'ആത്മശോഭ' എന്നത് കേവലം ഒരു കാവ്യഭാവനയല്ല എന്നാണ് സാനുമാഷ് തന്റെ ജീവിതം കൊണ്ട് പറയാൻ ശ്രമിച്ചത്. ■

പ്രമോദ് വെള്ളച്ചാൽ.
എം.ജി. കോളേജ്, ഇരിട്ടി, കണ്ണൂർ ജില്ല

# ഇന്ത്യൻ നവഫാസിസം: ജനാധിപത്യത്തിനുള്ളിലെ പരാദ പരീക്ഷണങ്ങൾ

നവഫാസിസം (Neo Fascism) എന്നത് രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഉയർന്നുവന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും സൂചിപ്പിക്കുന്നു. ഇത് ക്ലാസിക്കൽ ഫാസിസത്തിന്റെ ചില ഘടകങ്ങളായ ഏകാധിപത്യം, തീവ്രദേശീയത, സാംസ്കാരിക ഏകീകരണം, ന്യൂനപക്ഷങ്ങളോടുള്ള ശത്രുത എന്നിവയെ പുതിയ ചരിത്രപരവും സാമൂഹികവുമായ സാഹചര്യങ്ങൾക്കനുസരിച്ച് പുനരുജ്ജീവിപ്പിക്കുകയോ, മാറ്റിയെഴുതുകയോ ചെയ്യുന്നു. ബഹുജന അർദ്ധസൈനിക അക്രമങ്ങളെയും സമ്പൂർണ്ണ ഏകാധിപത്യത്തെയും ആശ്രയിച്ച ക്ലാസിക്കൽ ഫാസിസത്തിൽ നിന്ന് വ്യത്യസ്തമായി, നിയോ-ഫാസിസം പലപ്പോഴും ജനാധിപത്യ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ജനകീയ വാചാടോപങ്ങൾ, തിരഞ്ഞെടുപ്പ് രാഷ്ട്രീയം, സാംസ്കാരിക പ്രചാരണങ്ങൾ എന്നിവയിലൂടെ പുറന്തള്ളുന്ന ദേശീയതയെ (Exclusionary nationalism) നിയമപരമാക്കാൻ ശ്രമിക്കുന്നു. റോജർ ഗ്രിഫിനെ(1991) പോലുള്ള പണ്ഡിതന്മാർ ഇതിനെ രാഷ്ട്രത്തിന്റെ പുനർജന്മത്തിലുള്ള വിശ്വാസം (Palingenetic Ultrnationalism) ഒരു ആധുനിക രൂപമായി നിർവചിക്കുന്നു. ഇതിൽ, ആഭ്യന്തരവും ബാഹ്യവുമായ ഭീഷണികളിൽ നിന്ന് രാഷ്ട്രത്തെ ശുദ്ധീകരിക്കുന്നതിലൂടെ ഒരു പുതിയ ഉണർവ് ഉണ്ടാകുമെന്ന് വിശ്വസിക്കപ്പെടുന്നു. പ്രായോഗികമായി, നിയോ-ഫാസിസ്റ്റ് പ്രസ്ഥാനങ്ങൾ പലപ്പോഴും വിദേശീയ വിദ്വേഷം, മതപരമോ വംശീയമോ ആയ മേൽക്കോയ്മ, ലിബറൽ വിരുദ്ധ വികാരങ്ങൾ എന്നിവയെ ആഗോളീകരണം (globalization) കുടിയേറ്റം (Migration) സ്വത്വരാഷ്ട്രീയം (identity politics) എന്നിവയുമായി സംയോജിപ്പിക്കുന്നു. ഇത് അവയെ പഴയ ഫാസിസ്റ്റ് പാരമ്പര്യങ്ങളുമായി പ്രത്യയശാസ്ത്രപരമായി തുടർച്ചയുള്ളതാക്കുമ്പോൾത്തന്നെ, സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യസ്തമാക്കുകയും ചെയ്യുന്നു.

ഇന്ത്യൻ നവഫാസിസം എന്നത് ചരിത്രപരമായ ഫാസിസ്റ്റ് തത്വങ്ങളെ സമകാലിക സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളുമായി ഇണക്കിച്ചേർക്കുന്ന ഒരു രാഷ്ട്രീയ പ്രതിഭാസമാണ്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഉയർന്നുവന്ന ക്ലാസിക്കൽ ഫാസിസത്തിൽ നിന്ന് വ്യത്യസ്തമായി, നവഫാസിസം ജനാധിപത്യപരമായ തിരഞ്ഞെടുപ്പ് പ്രക്രിയകളിലൂടെ കടന്നുവരികയും, അതേസമയം ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വങ്ങളെ ക്രമേണ തകർക്കുകയും ചെയ്യുന്നു.

ഇന്ത്യയുടെ സാഹചര്യത്തിൽ, ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ വളർച്ചയും ഭാരതീയ ജനതാ പാർട്ടി (ബി.ജെ.പി), രാഷ്ട്രീയ സ്വയംസേവക സംഘം (ആർ.എസ്.എസ്) തുടങ്ങിയ സംഘടനകളുടെ രാഷ്ട്രീയ ആധിപത്യ സ്വഭാവവും ഈ പ്രവണത പ്രകടമാകുന്നു. ജനാധിപത്യ മാനദണ്ഡങ്ങളുടെ തകർച്ച, ഭരണഘടനാ സ്ഥാപനങ്ങളെ ദുർബലമാക്കൽ, ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ, തിരഞ്ഞെടുപ്പുകളിലൂടെ അധികാരത്തിലെത്തുന്ന സ്വേച്ഛാധിപത്യപരമായ ഭൂരിപക്ഷ ഭരണം എന്നിവയെല്ലാം ഇതിന്റെ

ലക്ഷണങ്ങളാണ്. ഇതിനെ ഇന്ത്യൻ നവ ഫാസിസത്തിന്റെ ഒരു പ്രോട്ടോ-രൂപമായി കണക്കാക്കാം.

### നിയോഫാസിസത്തിന്റെ സൈദ്ധാന്തിക ചട്ടക്കൂട്

ഇന്ത്യൻ നവഫാസിസത്തെ മനസ്സിലാക്കാൻ ആഗോളതലത്തിലെ വലതുപക്ഷ രാഷ്ട്രീയത്തിന്റെ ഉയിർത്തെഴുന്നേൽപ്പും ഇന്ത്യൻ സാഹചര്യത്തിന്റെ പ്രത്യേകതകളും പരിഗണിക്കേണ്ടതുണ്ട്. ആഗോളതലത്തിൽ സാമ്പത്തിക അസമത്വങ്ങളും സാമൂഹിക അസ്വസ്ഥതകളും നവ ഫാസിസ്റ്റ് പ്രവണതകൾക്ക് വളക്കൂറുള്ള മണ്ണൊരുക്കി. ഇന്ത്യയിൽ, ഇത് മതപരമായ ദേശീയതയുമായി ഇഴചേർന്ന് കൂടുതൽ സങ്കീർണ്ണമായ രൂപം പ്രാപിക്കുന്നുണ്ട്. ഇന്ത്യയിൽ

**ഇന്ത്യൻ നിയോഫാസിസം ജനാധിപത്യത്തിന്റെ പുറംതോടിൽ നിന്നുകൊണ്ട് അതിനെ ഉള്ളിൽ നിന്ന് ദുർബലപ്പെടുത്തുന്ന ഒരു രാഷ്ട്രീയ തന്ത്രമാണ്. ഇത് കേവലം ഒരു പാർട്ടിയുടെ രാഷ്ട്രീയമല്ല, മറിച്ച് ഇന്ത്യൻ സമൂഹത്തിന്റെ ഘടനയെത്തന്നെ മാറ്റിമറിക്കാൻ ശ്രമിക്കുന്ന ഒരു പ്രത്യയശാസ്ത്ര പ്രക്രിയയാണ്.**

നിയോഫാസിസം പല രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. മതപരമായ ദേശീയത, ഇന്ത്യൻ രാഷ്ട്രത്തെ ഒരു 'ഹിന്ദു രാഷ്ട്രം' ആയി പുനർനിർവചിക്കാനുള്ള ശ്രമം, സ്ഥാപനങ്ങളുടെ ദുർബലപ്പെടുത്തൽ, ജൂഡീഷ്യറി, മാധ്യമങ്ങൾ, തിരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയ സ്വതന്ത്ര സ്ഥാപനങ്ങളുടെ അധികാരം കുറയ്ക്കുന്നതിനുള്ള നീക്കങ്ങൾ, വ്യത്യസ്തതയോടുള്ള അസഹിഷ്ണുത, വിയോജിപ്പുകളെയും വിമർശനങ്ങളെയും രാജ്യദ്രോഹമായി ചിത്രീകരിക്കുന്നത്, ഭൂരിപക്ഷവാദം, ഭൂരിപക്ഷത്തിന്റെ താൽപ്പര്യങ്ങളെ മാത്രം മുൻനിർത്തി നയങ്ങൾ രൂപീകരിക്കുന്നത് എന്നതെല്ലാം നവ ഫാസിസത്തിന്റെ ഇന്ത്യൻ രോഗലക്ഷണങ്ങളാണ്.

ഇന്ത്യൻ നിയോഫാസിസം ജനാധി



പത്യത്തിന്റെ പുറംതോടിൽ നിന്നു കൊണ്ട് അതിനെ ഉള്ളിൽ നിന്ന് ദുർബലപ്പെടുത്തുന്ന ഒരു രാഷ്ട്രീയ തന്ത്രമാണ്. ഇത് കേവലം ഒരു പാർട്ടിയുടെ രാഷ്ട്രീയമല്ല, മറിച്ച് ഇന്ത്യൻ സമൂഹത്തിന്റെ ഘടനയെത്തന്നെ മാറ്റിമറിക്കാൻ ശ്രമിക്കുന്ന ഒരു പ്രത്യയശാസ്ത്ര പ്രക്രിയയാണ്.

1980-ൽ രാഷ്ട്രീയ സ്വയംസേവക് സംഘിന്റെ (ആർഎസ്എസ്) രാഷ്ട്രീയ വിഭാഗമായി രൂപീകരിക്കപ്പെട്ട ഭാരതീയ ജനതാ പാർട്ടി (ബിജെപി), അധികാരത്തിലേക്കുള്ള ആർഎസ്എസിന്റെ പ്രധാന ചുവടുവെപ്പായി കണക്കാക്കപ്പെടുന്നു. പരസ്യമായി ജനാധിപത്യത്തെ തള്ളിക്കളഞ്ഞ പരമ്പരാഗത ഫാസിസ്റ്റ് പ്രസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി, ആർഎ സ്എസ്-ബിജെപി കൂട്ടുകെട്ട് ജനാധിപത്യ പ്രക്രിയകളോട് ഔപചാരികമായി ചേർന്നുനിൽക്കുമ്പോൾത്തന്നെ തിരഞ്ഞെടുപ്പ് തന്ത്രങ്ങളിലൂടെ അധികാരം നേടുന്നതിൽ വൈദഗ്ധ്യം കാണിച്ചു. സിപിഐ (എം) പൊളിറ്റ് ബ്യൂറോ ഈ സമീപനത്തെ 'ബൂർഷ്വാ ജനാധിപത്യത്തോടുള്ള, പ്രത്യേകിച്ചും തിരഞ്ഞെടുപ്പ് സംവിധാനത്തോടുള്ള, നവ-ഫാസിസത്തിന്റെ പൊരുത്തക്കേടായി' വിശേഷിപ്പിക്കുന്നു.



ബിജെപി തിരഞ്ഞെടുപ്പുകളിലൂടെ അധികാരം നിലനിർത്തുന്നുണ്ടെങ്കിലും, നിലവിലുള്ള സംവിധാനങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ഭരണകൂടത്തിന്റെ ഘടനയിൽ ദൂരവ്യാപകമായ മാറ്റങ്ങൾ വരുത്താൻ ശ്രമിക്കുകയും, എതിർ ശബ്ദങ്ങളെ അടിച്ചമർത്താനും നേട്ടങ്ങൾ സ്വന്തമാക്കാനും സ്വേച്ഛാധിപത്യപരമായ രീതികൾ ഉപയോഗിക്കാനും നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

## ചരിത്രപരമായ വളർച്ചയും തന്ത്രങ്ങളും

ഈ പ്രസ്ഥാനത്തിന്റെ അധികാരത്തിലേക്കുള്ള ഒരു ദീർഘകാല ആസൂത്രണം വെളിപ്പെടുന്നുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലും റിപ്പബ്ലിക് ഇന്ത്യയുടെ ആദ്യകാലങ്ങളിലും കാര്യമായ സ്വാധീനമില്ലാതിരുന്ന ആർഎസ്എസ്, ക്ഷമയോടെ തങ്ങളുടെ സംഘടനാപരമായ ശക്തി വളർത്തുകയും വിവിധ സർക്കാർ സ്ഥാപനങ്ങളിലേക്ക് നുഴഞ്ഞുകയറുകയും ചെയ്തു.

1980-കളിലും 1990-കളിലും നടന്ന രാമജന്മഭൂമി പ്രക്ഷോഭത്തിലൂടെ ഈ പ്രസ്ഥാനത്തിന് വലിയ പ്രചോദനം ലഭിച്ചു. അത് 1992-ൽ ബാബറി മസ്ജിദ് തകർക്കുന്നതിലേക്ക് നയിച്ചു. ഈ സംഭവം വെറുമൊരു വർഗീയ ആക്രമണമായിരുന്നില്ല, മറിച്ച് 'ഹിന്ദു മേധാവിത്വത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ സ്വത്വം പുനർനിർവചിക്കാനും ഒരു ഹിന്ദുരാഷ്ട്ര സങ്കൽപ്പം വളർത്താനുമുള്ള വ്യക്തമായ ശ്രമമായിരുന്നു' എന്ന് ഒരു വിശകലനത്തിൽ പറയുന്നുണ്ട്. പൊതുസംവാദത്തിന്റെ ദിശതന്നെ മാറ്റാൻ രാഷ്ട്രീയ സന്ദേശങ്ങളോടൊപ്പം അക്രമത്തെ സമന്വയിപ്പിക്കാനുള്ള ഈ പ്രസ്ഥാനത്തിന്റെ കഴിവ് ഈ പ്രചാരണം തെളിയിച്ചു.

## 2014-ന് ശേഷമുള്ള മാറ്റങ്ങൾ


2014 മുതൽ ബിജെപി നേടിയ തിരഞ്ഞെടുപ്പ് വിജയങ്ങൾ ആർഎസ്എസിന്റെ പ്രത്യയശാസ്ത്ര പദ്ധതിയുടെ നടപ്പാക്കൽ വേഗത്തിലാക്കി. പ്രഭാത് പട്നായിക് ഇതിനെ 'പ്രതികാരബുദ്ധിയോടെയുള്ള നവ-ഫാസിസ്റ്റ് കേന്ദ്രീകരണം' എന്ന് വിശേഷിപ്പിക്കുന്നു. സംസ്ഥാന സർക്കാരുകളെയും പ്രാദേശിക ശബ്ദങ്ങളെയും ദുർബലപ്പെടുത്തിക്കൊണ്ട് കേന്ദ്രതലത്തിൽ അധികാരം വ്യവസ്ഥാപിതമായി കേന്ദ്രീകരിക്കാൻ അവർ തീവ്രമായി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

ഈ കേന്ദ്രീകരണം ഇരട്ട ലക്ഷ്യങ്ങൾ നിറവേറ്റുന്നു: ഒന്നാമതായി, പ്രാദേശിക അധികാരികളുടെ എതിർപ്പില്ലാതെ ഹിന്ദുത്വ അജണ്ട കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ഇത് പ്രാപ്തമാക്കുന്നു; രണ്ടാമതായി, ജനാധിപത്യ ഉത്തരവാദിത്ത സംവിധാനങ്ങളെ മറികടക്കുന്ന കേന്ദ്രീകൃത അധികാര ഘടനകളോടുള്ള ഫാസിസ്റ്റ് പ്രവണതയെ ഇത് പ്രതിഫലിപ്പിക്കുന്നു. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വയംഭരണം ഇല്ലാതാക്കുകയും അവയെ "കേന്ദ്രത്തിന് മുന്നിൽ ഭിക്ഷാടകരാക്കുകയും" ചെയ്ത ചരക്ക് സേവന നികുതി (ജിഎസ്ടി) പോലുള്ള ഉപകരണങ്ങളിലൂടെ ഫെഡറലിസത്തെ ദുർബലപ്പെടുത്തൽ, പ്രതിപക്ഷ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരുകളിൽ ഇടപെടാൻ ഗവർണർമാരുടെ ഓഫീസുകൾ കൈകാര്യം ചെയ്യൽ എന്നിവ പ്രധാന തന്ത്രങ്ങളിൽ ഉൾപ്പെടുന്നു.

ഇന്ത്യൻ നിയോഫാസിസത്തിന്റെ അന്താരാഷ്ട്ര മാനങ്ങൾ പരസ്പരവിരുദ്ധമായ പ്രവണതകളെ വെളിപ്പെടുത്തുന്നു. ചരിത്രപരമായി യൂറോപ്യൻ ഫാസിസത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നിലവിൽ ആഗോള വലതുപക്ഷ പ്രസ്ഥാനങ്ങളുമായി സഖ്യത്തിലാണെങ്കിലും, ആർഎസ്എസ്-ബിജെപി സ്ഥാപനം

അന്താരാഷ്ട്ര ധനകാര്യ മൂലധനവുമായി ഒരു വിധേയത്വ ബന്ധം നിലനിർത്തിയിട്ടുണ്ട്. ഇത് ക്ലാസിക്കൽ ഫാസിസത്തിന്റെ സ്വേച്ഛാധിപത്യ സാമ്പത്തിക നയങ്ങളിലേക്കും തീവ്രമായ അന്തർ-സാമ്രാജ്യത്വ വൈരാഗ്യത്തിലേക്കുമുള്ള പ്രവണതയിൽ നിന്ന് ഇതിനെ വ്യത്യസ്തമാക്കുന്നു. മോദിയുടെ നേതൃത്വത്തിൽ, അനുകൂലമായ സാമ്പത്തിക നയങ്ങൾക്ക് പകരമായി വൻകിട ബിസിനസ്സ് താൽപ്പര്യങ്ങൾ ബിജെപിയുടെ അജണ്ടയെ സജീവമായി പിന്തുണയ്ക്കുന്നതിനാൽ, അഭൂതപൂർവമായ കോർപ്പറേറ്റ്-വർഗീയ ഒത്തുചേരൽ ഇന്ത്യ കണ്ടു.മീര നന്ദ അഭിപ്രായപ്പെട്ടതുപോലെ ഒരു രാഷ്ട്ര, ആരാധനാലയ, കോർപ്പറേറ്റ് സമുച്ചയം (The State Temple Corporate Complex) പൊതു ആസ്തികൾ സ്വകാര്യ കൈകളിലേക്ക് മാറ്റുന്നതിനും, തൊഴിൽ സംരക്ഷണം  ദുർബലപ്പെടുത്തുന്നതിനും, സാമ്പത്തിക പരാതികളിൽ നിന്ന് ശ്രദ്ധ തിരിക്കുന്നതിനും സാംസ്കാരിക പ്രശ്നങ്ങൾ ഉപയോഗിക്കുന്നതിനും അസമത്വം വർദ്ധിപ്പിക്കുന്ന നയങ്ങൾ നടപ്പിലാക്കുന്നതിനും ഈ സഖ്യം സഹായിച്ചു. സ്ഥാപന പരിവർത്തനവും ജനാധിപത്യ തകർച്ചയും ബിജെപി ഭരണത്തിൻ കീഴിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ സ്ഥാപനപരമായ അടിസ്ഥാന സൗകര്യങ്ങൾ വ്യവസ്ഥാപിതമായ പരിവർത്തനത്തിന് വിധേയമായിട്ടുണ്ട്, ഭൂരിപക്ഷ ആധിപത്യം സ്ഥാപിക്കുന്നതിനും ഫലപ്രദമായ എതിർപ്പ് ഇല്ലാതാക്കുന്നതിനുമായി രൂപകൽപ്പന ചെയ്ത മാറ്റങ്ങൾ, സാധാരണയായി ജനാധിപത്യ സ്ഥാപനങ്ങളെ പൂർണ്ണമായും ഇല്ലാതാക്കിയിരുന്ന ക്ലാസിക്കൽ ഫാസിസത്തിൽ നിന്ന് വ്യത്യസ്തമായി, ഇന്ത്യൻ നിയോഫാസിസം സ്ഥാപന രൂപങ്ങൾ നിലനിർത്തുന്നതിനൊപ്പം അവയുടെ അടിസ്ഥാന ജനാധിപത്യ പ്രവർത്തനങ്ങൾ പൊള്ളയാക്കുന്ന കൂടുതൽ വഞ്ചനാപരമായ സമീപനമാണ് ഉപയോഗിക്കുന്നത്. ഔപചാരികമായി മത്സരാധിഷ്ഠിതമാണെങ്കിലും, "സർക്കാർ തിരഞ്ഞെടുപ്പ് കമ്മീഷന്റെ പൂർണ്ണ നിയന്ത്രണം" എന്നും "വർദ്ധിച്ചുവരുന്ന തരത്തിൽ അതാര്യവും ഏകപക്ഷീയവുമായ" തിരഞ്ഞെടുപ്പ് പ്രക്രിയകൾ എന്നും വിമർശകർ വിശേഷിപ്പിക്കുന്നതി

**മതപരമായ വിവേചനത്തെയും പൗരസ്വാതന്ത്ര്യത്തെയും കുറിച്ചുള്ള നിർണായകമായ ഭരണഘടനാ ചോദ്യങ്ങളിൽ നിന്ന് സുപ്രീം കോടതി ഒഴിഞ്ഞുമാറുന്നത് നിയമ പണ്ഡിതന്മാർ വിശേഷിപ്പിക്കുന്ന ഒരു ഭരണഘടനാ പ്രതിസന്ധി സൃഷ്ടിച്ചു. അതേസമയം, നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം (യുഎപിഎ) പോലുള്ള നിയമങ്ങൾ വഴി സർക്കാർ വിമർശകർക്കും ന്യൂനപക്ഷ സമൂഹങ്ങൾക്കുമെതിരെ ഉദ്യോഗസ്ഥ സംവിധാനവും സുരക്ഷാ സംവിധാനവും കൂടുതലായി ആയുധമാക്കപ്പെടുന്നു.**



ലൂടെ തിരഞ്ഞെടുപ്പ് പ്രക്രിയ തന്നെ ഗുരുതരമായി വിട്ടുവീഴ്ച ചെയ്യപ്പെട്ടു. മുൻകൂട്ടി നിശ്ചയിച്ച ഫലങ്ങൾ ഫലപ്രദമായി ഉറപ്പാക്കുന്നതിനൊപ്പം നിയമസാധുതയുടെ ഒരു പുറംചട്ട നിലനിർത്താൻ ഈ കൃത്രിമത്വം ഭരണകൂടത്തെ അനുവദിക്കുന്നു. ജുഡീഷ്യൽ നിയമനങ്ങളിലും രാഷ്ട്രീയ പ്രത്യാഘാതങ്ങളുള്ള കേസുകളിലും എക്സിക്യൂട്ടീവ് ഇടപെടൽ വർദ്ധിച്ചതോടെ നീതിന്യായ വ്യവസ്ഥ വർദ്ധിച്ചുവരുന്ന സമ്മർദ്ദം നേരിടുന്നു. മതപരമായ വിവേചനത്തെയും പൗരസ്വാതന്ത്ര്യത്തെയും കുറിച്ചുള്ള നിർണായകമായ ഭരണഘടനാ ചോദ്യങ്ങളിൽ നിന്ന് സുപ്രീം കോടതി ഒഴിഞ്ഞുമാറുന്നത് നിയമ പണ്ഡിതന്മാർ വിശേഷിപ്പിക്കുന്ന ഒരു ഭരണഘടനാ പ്രതിസന്ധി സൃഷ്ടിച്ചു. അതേസമയം, നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം (യുഎപിഎ) പോലുള്ള നിയമങ്ങൾ വഴി സർക്കാർ വിമർശകർക്കും ന്യൂനപക്ഷ സമൂഹങ്ങൾക്കുമെതിരെ ഉദ്യോഗസ്ഥ സംവിധാനവും സുരക്ഷാ സംവിധാനവും കൂടുതലായി ആയുധമാക്കപ്പെടുന്നു. ഭൂരിപക്ഷ സമുദായങ്ങളിൽ നിന്നുള്ള കുറ്റവാളികൾക്ക് ഫലപ്രദമായ ശിക്ഷാ ഇളവ് ലഭിക്കുമ്പോൾ ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള ഇരകൾ കൂടുതൽ പീഡനങ്ങൾ നേരിടേണ്ടി വരുമ്പോൾ, വർഗീയ അക്രമങ്ങളുടെ എപ്പിസോഡുകളിൽ നിയമപാലകരിലെ വ്യവസ്ഥാപിത പക്ഷപാതം പ്രത്യേകിച്ചും ദൃശ്യമാണ്.

### ചരിത്ര പാഠ്യപദ്ധതി

ഭൂരിപക്ഷാടിസ്ഥാനത്തിൽ മാറ്റിയെഴുതാനും സ്ഥാപനപരമായ സ്വയംഭരണത്തെ ദുർബലപ്പെടുത്താനുമുള്ള സംഘടിത ശ്രമങ്ങൾ നടക്കുന്നതിനാൽ, നവഫാസിസ്റ്റ് പദ്ധതിക്ക് വിദ്യാഭ്യാസ സമ്പ്രദായം ഒരു പ്രത്യേക യുദ്ധക്കളമായി മാറിയിരിക്കുന്നു. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ (യുജിസി) സമീപകാല കരട് മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സർവകലാശാലകളുടെ വൈസ് ചാൻസലർമാരെ നിയമിക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ പങ്ക് ഇല്ലാതാക്കുക, പകരം കേന്ദ്ര സർക്കാരിന് (അതിന്റെ നിയമിതർ വഴി) ഈ സ്ഥാനങ്ങളിൽ നിയന്ത്രണം നൽകുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇത് കേവലം ഉദ്യോഗസ്ഥ കേന്ദ്രീകരണമല്ല, മറിച്ച് അറിവിന്റെ ഉത്പാദനം നിയന്ത്രിക്കാനും ഭാവിയിലെ ഉന്നതർക്കിടയിൽ പ്രത്യയശാസ്ത്രപരമായ അനുരൂപത രൂപപ്പെടുത്താനുമുള്ള ശ്രമത്തെയാണ് പ്രതിനിധീകരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിവർത്തനം, അന്റോണിയോ ഗ്രാംഷി സാംസ്കാരിക മേധാവിത്വം എന്ന് വിളിക്കുന്നതിനെ സ്ഥാപിക്കുന്നതിനുള്ള വിശാലമായ പദ്ധതിയെ അടിവരയിടുന്നു. നിർബന്ധിതമായി മാത്രം ഉപയോഗിക്കുന്നതിനുപകരം മാനദണ്ഡങ്ങൾ, മൂല്യങ്ങൾ, ആശയങ്ങൾ എന്നിവ രൂപപ്പെടുത്തുന്നതിലൂടെ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഫെഡറൽ ഘടന പ്രത്യേകിച്ച് കടുത്ത ആക്രമണത്തെ നേരിടുന്നുണ്ട്. ഭരണഘടനാപരമായി സംസ്ഥാനങ്ങൾക്ക് മാത്രമായി നീക്കിവച്ചിരിക്കുന്ന അധികാരങ്ങളിൽ കേന്ദ്രസർക്കാർ ആക്രമണാത്മകമായി കടന്നുകയറ്റം നടത്തുന്നു. ഈ കേന്ദ്രീകരണം പ്രായോഗികവും പ്രതീകാത്മകവുമായ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നു: പ്രായോഗികമായി, ഇത് ഹിന്ദുത്വ അജണ്ട കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ പ്രാപ്തമാക്കുന്നു; പ്രതീകാത്മകമായി, "പ്രാദേശിക-ഭാഷാ ദേശീയ ബോധത്തെ" അടിച്ചമർത്തുന്നതും "പരമമായ പാൻ-ഇന്ത്യൻ ബോധത്തിന്" അനുകൂലമായി അന്തരിച്ച പണ്ഡിതൻ അമലേന്ദു ഗുഹ തിരിച്ചറിഞ്ഞതിനെ ഇത് പ്രതിനിധീകരിക്കുന്നു. അത്തരം അമിതമായ കേന്ദ്രീകരണം അനിവാര്യമായും "പ്രാദേശിക വിഘടനവാദത്തിന്റെ രൂപത്തിൽ ഒരു പ്രതികരണം സൃഷ്ടിക്കുമെന്ന്" ഗുഹ മുന്നറിയിപ്പ് നൽകി. അങ്ങനെ, നിയോഫാസിസ്റ്റ് പദ്ധതിയിൽ സ്വന്തം അസ്ഥിരീകരണത്തിന്റെ വിത്തുകൾ അടങ്ങിയിരിക്കുന്നു, കാരണം ഇന്ത്യയുടെ അവിശ്വസനീയമാംവിധം വൈവിധ്യമാർന്ന സമൂഹത്തിന്റെ നിർബന്ധിത ഏകീകൃതവൽക്കരണം അനിവാര്യമായും ശക്തമായ പ്രതിരോധം സൃഷ്ടിക്കുന്നതിന് കാരണമാകും. സാമൂഹിക സാംസ്കാരിക മാനങ്ങളും ഭൂരിപക്ഷ വാദവും ഇന്ത്യൻ നിയോഫാസിസത്തിന്റെ സാമൂഹിക സാംസ്കാരിക പദ്ധതി, ഇന്ത്യയുടെ ചരിത്രപരമായ ബഹുസ്വര സ്വത്വത്തെ മതന്യൂനപക്ഷങ്ങളെ, പ്രത്യേകിച്ച് മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും അരികുവൽക്കരിക്കുന്ന ഒരു ഒഴിവാക്കൽ ഹിന്ദു ഭൂരിപക്ഷവാദമാക്കി മാറ്റാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി സംസ്ഥാന നയത്തിലൂടെയും സാമൂഹിക സമാഹരണത്തിലൂടെയും പ്രവർത്തിക്കുന്നു, ന്യൂനപക്ഷ സമുദായങ്ങൾക്കെതിരായ അക്രമത്തെ നിയമവിധേയമാക്കുന്ന വെറുപ്പിന്റെ രാഷ്ട്രീയം എന്ന് പണ്ഡിതന്മാർ വിശേഷിപ്പിക്കുന്നത് അവർ നിരന്തരം സൃഷ്ടിക്കുന്നു. ബിജെപി നേതാക്കൾ ഉപയോഗിക്കുന്ന വാചാടോപം പലപ്പോഴും യൂറോപ്യൻ നവ-ഫാസിസ്റ്റുകൾ എന്ന് വിശേഷിപ്പിക്കുന്ന ചരിത്രകാരൻ ടോണി ജൂഡ്റ്റ് പരോക്ഷ മുൻവിധി എന്ന് വിളിക്കുന്നത് ഉപയോഗിക്കുന്നു – മുഴുവൻ മതസമൂഹങ്ങളെയും പരസ്യമായി ആക്രമിക്കുന്നതിനുപകരം, "വെറും" മുസ്ലീങ്ങളായ വ്യക്തികളെയോ ഗ്രൂപ്പുകളെയോ ഒറ്റപ്പെടുത്തുന്നു. ഇത് സാമുദായിക സ്റ്റീരിയോടൈപ്പുകളും പിരിമുറുക്കങ്ങളും ഫലപ്രദമായി ശക്തിപ്പെടുത്തുന്നതിനൊപ്പം നിഷേധത്തിന്റെ സ്വരങ്ങൾ ഉയർത്തിക്കൊണ്ടുവരും.

ആർഎസ്എസ്-ബിജെപി കൂട്ടുകെട്ട് പ്രോത്സാഹിപ്പിക്കുന്ന സാംസ്കാരിക ദേശീയത പരമ്പരാഗത കൊളോണിയൽ വിരുദ്ധ ദേശീയതയുടെ ബോധപൂർവമായ വിപരീതത്തെ പ്രതിനിധീകരിക്കുന്നു. കൊളോണിയൽ വിരുദ്ധ ദേശീയത ബ്രിട്ടീഷ് ഭരണത്തിനെതിരെ വൈവിധ്യമാർന്ന സമൂഹങ്ങളെ ഒന്നിപ്പിക്കാൻ ശ്രമിച്ചപ്പോൾ, ഹിന്ദുത്വ ദേശീയത അതിന്റെ ശത്രുതയെ ഉള്ളിലേക്ക് നയിക്കുന്നത് വേണ്ടത്ര ദേശീയമല്ലെന്ന് കരുതപ്പെടുന്ന ആന്തരിക "മറ്റുള്ളവർ" (The internal other)ക്കെതിരെയാണ്. സ്വാതന്ത്ര്യ സമരങ്ങളിൽ നിന്ന് ആർഎസ്എസിന്റെ ചരിത്രപരമായ അഭാവം ചൂണ്ടിക്കാട്ടി, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, കമ്മ്യൂണിസ്റ്റുകൾ തുടങ്ങിയ "ആന്തരിക ശത്രുക്കളെ" നേരിടുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്,

"സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തെ വഞ്ചിക്കുന്നതിനുള്ള ഒരു മറവി" എന്നാണ് ഈ പ്രത്യയശാസ്ത്രത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.

ഈ പ്രത്യയശാസ്ത്രത്തിന്റെ സമകാലിക പ്രകടനം പൗരത്വ ഭേദഗതി നിയമം (സിഎഎ) പോലുള്ള നയങ്ങളിൽ കാണാൻ കഴിയും, ഇത് മുസ്ലീം കുടിയേറ്റക്കാരെ പൗരത്വത്തിനുള്ള യോഗ്യതയിൽ നിന്ന് വ്യക്തമായി ഒഴിവാക്കുകയും മതപരമായ വിവേചനത്തെ നിയമമാക്കി ഫലപ്രദമായി ക്രോഡീകരിക്കുകയും ചെയ്യുന്നു. നിയോഫാസിസ്റ്റ് പദ്ധതികളുള്ളിലെ ലിംഗ രാഷ്ട്രീയത്തിന്റെ സമാഹരണം സങ്കീർണ്ണമായ വൈരുദ്ധ്യങ്ങളെ വെളിപ്പെടുത്തുന്നു. ഒരു വശത്ത്, ഈ പ്രസ്ഥാനം പരമ്പരാഗത ലിംഗപരമായ വേഷങ്ങളെയും പുരുഷാധിപത്യ മൂല്യങ്ങളെയും പ്രോത്സാഹിപ്പിക്കുന്നു, ഇന്ത്യൻ സംസ്കാരവുമായി പൊരുത്തപ്പെടാത്ത പാശ്ചാത്യ അടിച്ചേൽപ്പിക്കലുകളായി ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളെയും LGBTQ+ അവകാശങ്ങളെയും എതിർക്കുന്നു. മറുവശത്ത്, ഭൂരിപക്ഷ അക്രമത്തെയും ന്യൂനപക്ഷ സമൂഹങ്ങളുടെ മേൽനോട്ടത്തെയും ന്യായീകരിക്കുന്നതിന് മുസ്ലീം പുരുഷന്മാരിൽ നിന്ന് "ഹിന്ദു സ്ത്രീകളെ സംരക്ഷിക്കുന്ന" വിവരണങ്ങളെ ഇത് ഉപകരണമാക്കുന്നു. ലിംഗപരമായ ഉത്കണ്ഠകളുടെ ഈ കൃത്രിമത്വം ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിലെ ലിംഗത്തിന്റെയും മത ദേശീയതയുടെയും പഠനമായി (intersectional mobilisation ) പാവോല ബച്ചെറ്റ തിരിച്ചറിഞ്ഞതിനെ പ്രതിഫലിപ്പിക്കുന്നു.

നിയമത്തെ വ്യവസ്ഥാപിതമായി ശക്തിപ്പെടുത്തുന്നതിനൊപ്പം നാസി ഭാഷയെ വിശകലനം ചെയ്ത പത്രപ്രവർത്തകൻ വിക്ടർ ക്ലെമ്പറർ നാസി ഭാഷയെ വിളിച്ചത് LTI – Language of Third Reich എന്നാണ്. പ്രത്യയശാസ്ത്രപരമായ ലക്ഷ്യങ്ങൾക്കായി ഭാഷയുടെ തന്നെ പരിവർത്തനം എന്നതായി നിയോഫാസിസ്റ്റ് സാംസ്കാരിക പദ്ധതി വ്യാപിക്കുന്നു. "മതേതരത്വം" പോലുള്ള പദങ്ങൾ "കപട-മതേതരത്വം" അല്ലെങ്കിൽ ന്യൂനപക്ഷങ്ങളെ പ്രീണിപ്പിക്കൽ എന്ന് അർത്ഥമാക്കുന്നതിനായി പുനർനിർവചിക്കപ്പെട്ടിട്ടുണ്ട്, അതേസമയം "ദേശീയത" ഭൂരിപക്ഷ വാദത്തിന്റെ പര്യായമായി മാറിയിരിക്കുന്നു. ഈ ഭാഷാപരമായ പരിവർത്തനം അമേരിക്കൻ ചരിത്രകാരനും തത്വചിന്തകനുമായ  ഹന്ന ആരെൻഡ്റ്റ്

**വിദ്യാർത്ഥികൾ, കർഷകർ, തൊഴിലാളികൾ എന്നിവരുടെ നേതൃത്വത്തിലുള്ള സാമൂഹിക പ്രസ്ഥാനങ്ങൾ ചെറുത്തുനിൽപ്പിന്റെ നിർണായക കേന്ദ്രങ്ങളായി ഉയർന്നുവന്നിട്ടുണ്ട്. മൂന്ന് കാർഷിക നിയമങ്ങൾ പിൻവലിക്കാൻ സർക്കാരിനെ നിർബന്ധിതരാക്കിയ 2020-2021 ലെ കർഷക പ്രസ്ഥാനം, ശക്തമായ ഒരു സ്വേച്ഛാധിപത്യ ഭരണകൂടം പോലും തുടർച്ചയായ ബഹുജന സമാഹരണത്തിലൂടെ പിന്നോട്ട് പോകാൻ നിർബന്ധിതമാകുമെന്ന് തെളിയിച്ചു.**





(Hannah Arendt) ഏകാധിപത്യ വ്യവസ്ഥകളിലെ വസ്തുതാ യാഥാർത്ഥ്യത്തിന്റെ ഗ്രഹണം എന്ന് തിരിച്ചറിഞ്ഞതിനെ സൂചിപ്പിക്കുന്നു. ഇത് പ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്ര ചട്ടക്കൂട് സ്വീകരിക്കാതെ ബദൽ ദർശനങ്ങൾ ആവിഷ്കരിക്കുന്നതിനോ അനുഭവപരമായ യാഥാർത്ഥ്യത്തെ വിവരിക്കുന്നതിനോ കൂടുതൽ ബുദ്ധിമുട്ടാക്കുന്നു. മാധ്യമ സ്ഥാപനങ്ങളുടെ വ്യവസ്ഥാപിതമായ നുഴഞ്ഞുകയറ്റം ഈ പ്രക്രിയയെ ത്വരിതപ്പെടുത്തി, അസാധാരണമായതിനെ സാധാരണമാക്കുകയും സാധാരണയെ അസാധാരണമാക്കുകയും ചെയ്യുന്ന ഒരു പ്രചാരണ ആവാസ വ്യവസ്ഥയോട് സാമ്യമുള്ളത് സൃഷ്ടിച്ചു. നിയോഫാസിസ്റ്റ് പദ്ധതിയുടെ ഗണ്യമായ വിജയം ഉണ്ടായിരുന്നിട്ടും, രാഷ്ട്രീയ പാർട്ടികൾ, സാമൂഹിക പ്രസ്ഥാനങ്ങൾ, സിവിൽ സൊസൈറ്റി സംഘടനകൾ, സാധാരണ പൗരന്മാർ എന്നിവരുൾപ്പെടെ വിവിധ കോണുകളിൽ നിന്ന് ഇന്ത്യ ഇപ്പോഴും ഗണ്യമായ ചെറുത്തുനിൽപ്പിന് സാക്ഷ്യം വഹിക്കുന്നുണ്ട്.

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) നിലവിലെ ഭരണകൂടത്തെ "നവ-ഫാസിസ്റ്റ് സ്വഭാവസവിശേഷതകൾ" പ്രകടിപ്പിക്കുന്നതായി വിശേഷിപ്പിച്ചു, അതേസമയം അതിനെ പൂർണ്ണമായും ഫാസിസ്റ്റ് എന്ന് മുദ്രകുത്തുന്നില്ല. സിപിഐ, സിപിഐ(എംഎൽ) പോലുള്ള മറ്റ് ഇടതുപക്ഷ പാർട്ടികൾ കൂടുതൽ മുന്നോട്ട് പോയി, "ഇന്ത്യൻ ഫാസിസം നിലവിൽ വന്നു" എന്ന് രണ്ടാമത്തേത് പ്രസ്താവിച്ചു. വിവേചനപരമായ നയങ്ങൾക്കും അക്രമത്തിനുമെതിരെ ജനകീയ പ്രതിരോധം സംഘടിപ്പിക്കുന്നതിൽ ഈ പാർട്ടികൾ മുൻപന്തിയിലാണ്. എന്നിരുന്നാലും, പരമ്പരാഗത ശക്തികേന്ദ്രങ്ങൾക്കപ്പുറം അതിന്റെ ആകർഷണം വികസിപ്പിക്കുന്നതിലും സ്വത്വരാഷ്ട്രീയത്തെ നവലിബറൽ സാമ്പത്തിക ശാസ്ത്രവുമായി സമർത്ഥമായി സംയോജിപ്പിക്കുന്ന ഒരു പ്രസ്ഥാനത്തിനെതിരെ ഫലപ്രദമായ തന്ത്രങ്ങൾ വികസിപ്പിക്കുന്നതിലും ഇടതുപക്ഷം ഗണ്യമായ വെല്ലുവിളികൾ പ്രതിരോധിക്കേണ്ടിയിരിക്കുന്നു.

വിദ്യാർത്ഥികൾ, കർഷകർ, തൊഴിലാളികൾ എന്നിവരുടെ നേതൃത്വത്തിലുള്ള സാമൂഹിക പ്രസ്ഥാനങ്ങൾ ചെറുത്തുനിൽപ്പിന്റെ നിർണായക കേന്ദ്രങ്ങളായി ഉയർന്നുവന്നിട്ടുണ്ട്. മൂന്ന് കാർഷിക നിയമങ്ങൾ പിൻവലിക്കാൻ സർക്കാരിനെ നിർബന്ധിതരാക്കിയ 2020-2021 ലെ കർഷക പ്രസ്ഥാനം, ശക്തമായ ഒരു സ്വേച്ഛാധിപത്യ ഭരണകൂടം പോലും തുടർച്ചയായ ബഹുജന സമാഹരണത്തിലൂടെ പിന്നോട്ട് പോകാൻ നിർബന്ധിതമാകുമെന്ന് തെളിയിച്ചു. അതുപോലെ, പൗരത്വ ഭേദഗതി നിയമത്തിനും ദേശീയ പൗരത്വ രജിസ്റ്ററിനുമെതിരായ വ്യാപകമായ പ്രതിഷേധങ്ങൾ ജനസംഖ്യയുടെ ഗണ്യമായ വിഭാഗങ്ങൾക്കിടയിൽ സർക്കാരിന്റെ ഒഴിവാക്കൽ അജണ്ടയിൽ ആഴത്തിലുള്ള അസ്വസ്ഥത വെളിപ്പെടുത്തി. സോഷ്യൽ മീഡിയയിലൂടെയും മറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയും പരമ്പരാഗത മാധ്യമങ്ങളെ പലപ്പോഴും മറികടക്കുന്ന ഈ പ്രസ്ഥാനങ്ങൾ സമാഹരണത്തിനും

ആശയവിനിമയത്തിനുമായി നൂതനമായ തന്ത്രങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. എന്നിരുന്നാലും, നിരീക്ഷണം, ക്രിമിനലൈസേഷൻ, ചിലപ്പോൾ അക്രമം എന്നിവയുൾപ്പെടെയുള്ള കടുത്ത അടിച്ചമർത്തലുകൾ അവർ നേരിടുന്നു. എക്സിക്യൂട്ടീവ് സമ്മർദ്ദം വർദ്ധിച്ചുവരുന്നുണ്ടെങ്കിലും, നീതിന്യായ വ്യവസ്ഥ പൂർണ്ണമായും കീഴ്പ്പെടുത്തിയ ഒരു സ്ഥാപനമല്ല, മറിച്ച് ഒരു മത്സര മേഖലയായി തുടരുന്നു. ചില വിധിന്യായങ്ങൾ പൗരസ്വാതന്ത്ര്യത്തെയും ഭരണഘടനാ മൂല്യങ്ങളെയും ഉയർത്തിപ്പിടിച്ചിട്ടുണ്ട്, മറ്റുള്ളവ എക്സിക്യൂട്ടീവ് അധികാരത്തിലേക്ക് മാറ്റിവച്ചതുപോലെ. വിവേചനപരമായ നിയമങ്ങൾക്കും നയങ്ങൾക്കും എതിരായ നിയമപരമായ വെല്ലുവിളികൾ നവഫാസിസത്തിനെതിരായ പോരാട്ടത്തിൽ ഒരു പ്രധാന മുന്നണിയെ പ്രതിനിധീകരിക്കുന്നു, എന്നിരുന്നാലും നീതിന്യായ പ്രക്രിയകളുടെ മന്ദഗതിയിലുള്ള വേഗതയും നിയമനിർമ്മാണ മാർഗങ്ങളിലൂടെ പ്രതികൂലമായ വിധികളെ മറികടക്കാനുള്ള സർക്കാരിന്റെ കഴിവും അവയുടെ ഫലപ്രാപ്തിയെ പരിമിതപ്പെടുത്തുന്നു. അഭിഭാഷകർ, ഡോക്ടർമാർ, അധ്യാപകർ, മറ്റ് വിദ്യാസമ്പന്നരായ പ്രൊഫഷണലുകൾ എന്നിവരുൾപ്പെടെയുള്ള പ്രൊഫഷണൽ മധ്യവർഗം പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതലായി ഏർപ്പെട്ടിട്ടുണ്ട്, എന്നിരുന്നാലും ഈ വിഭാഗത്തിലെ ഗണ്യമായ വിഭാഗങ്ങൾ സാമ്പത്തികമോ പ്രത്യയശാസ്ത്രപരമോ ആയ കാരണങ്ങളാൽ ഭരണകൂടത്തെ പിന്തുണയ്ക്കുന്നത് തുടരുന്നു. അന്താരാഷ്ട്ര തലത്തിൽ, ഇന്ത്യൻ ഗവൺമെന്റ് മനുഷ്യാവകാശ സംഘടനകൾ, അക്കാദമിക് സ്ഥാപനങ്ങൾ, വിദേശ മാധ്യമങ്ങൾ എന്നിവയിൽ നിന്ന് വർദ്ധിച്ചുവരുന്ന വിമർശനങ്ങൾ നേരിടുന്നു. ഈ ബാഹ്യ പരിശോധന ഭരണകൂടത്തിൽ ചില സമ്മർദ്ദങ്ങൾ സൃഷ്ടിക്കുന്നു, എന്നിരുന്നാലും ഇന്ത്യയുടെ തന്ത്രപരമായ പ്രാധാന്യവും ആഗോളതലത്തിൽ ബിജെപിയുടെ ഭൂരിപക്ഷ മാതൃകയെ ആരാധിക്കുന്ന വലതുപക്ഷ പ്രസ്ഥാനങ്ങളുടെ ഉയർച്ചയും അതിന്റെ ഫലപ്രാപ്തിയെ പരിമിതപ്പെടുത്തിയിരിക്കുന്നു.

> **സാംസ്കാരിക ധ്രുവീകരണത്തിലൂടെയും ദേശീയ സുരക്ഷാവിവരണങ്ങളിലൂടെയും സാമ്പത്തിക പരാജയങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കുന്നതിൽ ഭരണകൂടവും ജാഗ്രത പുലർത്തുന്നുണ്ട്. എങ്കിലും ഇന്ത്യൻ മതേതര ജനാധിപത്യത്തെ ഉള്ളിൽ നിന്നും ക്ഷയിപ്പിക്കുന്ന നവ ഫാസിസത്തിന്റെ പരാദ (Parasitic) വേരുകൾ പിഴുതെറിയുക എന്നത് പുരോഗമന ഇടതുപക്ഷത്തിന്റെ മാത്രമല്ല പൊതു സമൂഹത്തിന്റെയും വിശ്രമമില്ലാത്ത അജണ്ടയായി അനുനിമിഷം മാറിക്കൊണ്ടിരിക്കുകയാണ്.**

അമേരിക്ക, യുണൈറ്റഡ് കിംഗ്ഡം പോലുള്ള രാജ്യങ്ങളിൽ ഗവൺമെന്റിന്റെ ശക്തമായ പിന്തുണക്കാരും കടുത്ത വിമർശകരും സജീവമായി നിലനിൽക്കുന്നതിനാൽ, പ്രവാസി സമൂഹം ആഴത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയുടെ ജനാധിപത്യ പോരാട്ടത്തിന്റെ ഫലം നിർണ്ണയിക്കുന്നതിൽ പിന്തുണയുടെയും പ്രതിരോധത്തിന്റെയും ഈ അന്തർദേശീയ ശൃംഖലകൾ കൂടുതൽ പ്രധാന പങ്ക് വഹിക്കാൻ സാധ്യതയുണ്ട്.

ഇന്ത്യയിൽ നവഫാസിസത്തിന്റെ ഉയർച്ച കേവലം ഒരു രാഷ്ട്രീയ മാറ്റത്തെ മാത്രമല്ല, ഇന്ത്യൻ ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും അടിസ്ഥാനപരമായ പരിവർത്തനത്തെയും പ്രതിനിധീകരിക്കുന്നു. ഇന്ത്യയുടെ ഭരണഘടനാപരമായി സ്ഥാപിതമായ മതേതര ജനാധിപത്യത്തെ ഒരു ഹിന്ദു രാഷ്ട്രം സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം, അവിടെ മതന്യൂനപക്ഷങ്ങൾ കീഴാള പദവി വഹിക്കുന്നു, വിയോജിപ്പുകൾ ഫലപ്രദമായി കുറ്റകരമാക്കുന്നു. സാധാരണയായി നിയമവിരുദ്ധ മാർഗങ്ങളിലൂടെ അധികാരം നേടിയ ക്ലാസിക്കൽ ഫാസിസത്തിൽ നിന്ന് വ്യത്യസ്തമായി, ഇന്ത്യൻ നവഫാസിസം പ്രധാനമായും തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലൂടെയും സ്ഥാപനപരമായ പിടിച്ചെടുക്കലിലൂടെയും പ്രവർത്തിച്ചു, ഔപചാരിക ജനാധിപത്യ ഘടനകൾ നിലനിർത്തുകയും അവയുടെ അടിസ്ഥാന ഉള്ളടക്കം ഇല്ലാതാക്കുകയും ചെയ്തു. ശക്തമായ ജനാധിപത്യ പാരമ്പര്യങ്ങളുള്ള ഒരു രാജ്യത്ത് ഈ സമീപനം ശ്രദ്ധേയമായി ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്, ഭരണകൂടത്തിന് നിയമസാധുത അവകാശപ്പെടാൻ അനുവദിക്കുന്നു, അതേസമയം ജനാധിപത്യ ഭരണത്തിന്റെ അടിത്തറയെ വ്യവസ്ഥാപിതമായി തകർക്കുന്നു. ഇന്ത്യയുടെ നവഫാസിസത്തിന്റെ ഭാവി പാത രാജ്യത്തിന്റെ സാമ്പത്തിക പ്രകടനം, പ്രതിരോധ പ്രസ്ഥാനങ്ങളുടെ ഫലപ്രാപ്തി, അന്താരാഷ്ട്ര സമ്മർദ്ദങ്ങൾ എന്നിവയുൾപ്പെടെ നിരവധി ഘടകങ്ങളെ ആശ്രയിച്ചിരിക്കും. സാമ്പത്തിക പ്രതിസന്ധികൾ ചരിത്രപരമായി സ്വേച്ഛാധിപത്യ ഭരണകൂടങ്ങളെ ദുർബലപ്പെടുത്തിയിട്ടുണ്ട്, കൂടാതെ വൻതോതിലുള്ള തൊഴിലില്ലായ്മ, കാർഷിക ദുരിതം, അങ്ങേയറ്റത്തെ അസമത്വം എന്നിവയുൾപ്പെടെയുള്ള ഇന്ത്യയുടെ പ്രധാന സാമ്പത്തിക വെല്ലുവിളികൾ ബിജെപിയുടെ ജനപ്രീതിയെ ദുർബലപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും, സാംസ്കാരിക ധ്രുവീകരണത്തിലൂടെയും ദേശീയ സുരക്ഷാ വിവരണങ്ങളിലൂടെയും സാമ്പത്തിക പരാജയങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കുന്നതിൽ ഭരണകൂടവും ജാഗ്രത പുലർത്തുന്നുണ്ട്. എങ്കിലും ഇന്ത്യൻ മതേതര ജനാധിപത്യത്തെ ഉള്ളിൽ നിന്നും ക്ഷയിപ്പിക്കുന്ന നവഫാസിസത്തിന്റെ പരാദ (Parasitic) വേരുകൾ പിഴുതെറിയുക എന്നത് പുരോഗമന ഇടതുപക്ഷത്തിന്റെ മാത്രമല്ല പൊതു സമൂഹത്തിന്റെയും വിശ്രമമില്ലാത്ത അജണ്ടയായി അനുനിമിഷം മാറിക്കൊണ്ടിരിക്കുകയാണ്. ■

# AIFUCTO REPORT

In a rare display of unity, solidarity, and determination, thousands of college and university teachers from across the country assembled on the banks of the Varuna Pool in Varanasi on 13th September 2025 under the banner of AIFUCTO. The mood was spirited and the level of commitment unprecedented. The skies over the historic city of Varanasi reverberated with powerful slogans: “AIFUCTO Zindabad!”, “Teachers’ Unity Zindabad!”, “Withdraw NEP 2020!”, “Restore Old Pension Scheme!”, and “Dialogue with AIFUCTO!”

The dharna continued from 10:00 AM to 3:00 PM, witnessing massive participation from university and college teachers of Uttar Pradesh. The event’s grand success was attributed to the excellent coordination and leadership provided by FUPUCTA.

The dharna meeting was presided over by Prof. M. Nagarajan, President of AIFUCTO. Key leaders including Prof. Birendra Singh Chauhan, Prof. Vivek Dwivedi, Prof. Pradip Kumar Singh, Prof. Gangesh Dixit, Prof. Mojpal Singh, and Prof. Akhilesh Ray—all prominent figures from Uttar Pradesh—played a crucial role in organizing the programme.

Leaders and representatives from various states also graced the occasion. They included:

- Prof. Biju Kumar and Dr. Mohammed Rafeeq (Kerala)





Dr. Biju Kumar K, General Secretary of AKPCTA and National Secretary of AIFUCTO, speaking at the dharna protest in Varanasi.

- Prof. B.K. Mandal (West Bengal)
- Prof. Vinaya Sophat (Punjab)
- Prof. Arunesh Awasthi (Uttar Pradesh)
- Prof. Sambhu Prasad Singh and Prof. Rajiv Ranjan Singh (Bihar)
- Prof. S. Suresh, Prof. J. Gandhi Raj, and Dr. Raja Jeya Sekar (Tamil Nadu)
- Prof. Birendra Singh Chauhan, President, FUPUCTA
- Prof. Dr. Amiya Kumar Mohanty, President, FISE

The speakers strongly criticized the indifferent attitude of the Government of India towards the teaching community and demanded the withdrawal of NEP 2020. They appealed to the democratic conscience of the Prime Minister to resume dialogue with AIFUCTO.

In his concluding address, Prof. Dr. Arun Kumar, General Secretary of AIFUCTO, delivered a scathing critique of the Central Government's approach to professional issues and its refusal to engage with AIFUCTO's democratic viewpoints on NEP 2020. He called for an intensified struggle in the coming days to "Save the Constitution and Save the Nation."

Dr. P.K. Singh, General Secretary of FUPUCTA, delivered the vote of thanks.

The Additional District Magistrate (ADM) of Varanasi visited the dharna site, received a memorandum from the leadership, and assured that it would be forwarded to the Prime Minister for his consideration.

Ten leaders from AKPCTA including Prof. C. Padmanabhan, Former General Secretary, AKPCTA, Sri. A. Nisanth, President, AKPCTA and Prof. Bijukumar K., General Secretary, AKPCTA actively participated in and contributed towards the organisation of the programme.

## Decisions of the National Executive Council (NEC)

In the evening, the National Executive Council (NEC) convened a meeting and adopted the following resolutions:

1. Parliament March: AIFUCTO will organize a "Parliament March" during the upcoming winter session to highlight the key issues faced by the teaching community.
2. Statutory Conference: The next statutory conference will be held in Tamil Nadu.
3. Aided Colleges in Bihar: Special attention will be paid to the issues of aided degree colleges in Bihar.
4. Monthly Publication: The organization resolved to publish "Teachers' Movement" on a monthly basis.
5. Condemnation of State Action: NEC strongly condemned the Rajasthan State Government for detaining teacher leaders in police stations and preventing them from attending the Varanasi demonstration.
6. AIFUCTO History: Steps will be taken for the publication of the history of AIFUCTO.
7. Affiliation: NEC approved the affiliation of the Principal Association of Punjab with AIFUCTO. ■

ARCHANA P. J.
Sree Narayana College, Kollam

# GOLDEN FIELDS OF TENKASI

The sunflower (Helianthus annuus) cultivation in the rural landscape of Sundarapandipuram, a picturesque village in Tamil Nadu's Tenkasi district is significant for multiple reasons. Known for its vibrant sunflower fields that bloom between August and September, the village has gained recognition not only as a tourist attraction but also as a model for sustainable and economically viable agriculture. This study highlights the agronomic value of sunflowers, which are grown predominantly after the paddy harvest, utilizing residual soil fertility and available moisture to ensure an efficient crop rotation system. With average yields in certain pockets exceeding 1,300 kg/ha, sunflower farming has contributed significantly to local livelihoods through both oilseed production and the sale of sunflower-based products. The ecological benefits of sunflower cultivation—such as enhanced pollinator activity, soil conservation, and adaptability to rainfed conditions—further strengthen its value in the region's farming systems. Additionally, the seasonal bloom has catalyzed a rise in agri-tourism, creating supplemental income opportunities for local communities. By examining the intersection of agriculture, economy, and environment, this paper emphasizes how sunflower cultivation in Sundarapandipuram serves as a promising example of integrated rural development. The findings underline the importance of promoting region-specific crop strategies that balance productivity with ecological sustainability, while also enhancing community resilience through diversified income sources.

**Key words: Sundarapandipuram , cultivation, agronomy**

## Introduction

Sundarapandipuram, also spelled Sundarapandiapuram, is a scenic and culturally rich rural village located in the Tenkasi district of Tamil Nadu, India. Nestled amidst a landscape of paddy fields, coconut groves, and small hillocks, the village has recently gained significant attention for its breathtaking sunflower fields, which bloom in full glory during the months of August and September. This period marks a striking transformation of the countryside, as large expanses of farmland are covered with bright yellow sunflower heads, creating

a mesmerizing visual experience that has come to define the village's identity.These seasonal sunflower blooms do much more than beautify the environment. They play a vital role in attracting a growing number of tourists, photographers, and nature enthusiasts who visit Sundarapandipuram specifically during the flowering season. As a result, the village has become an emerging hub for agri-tourism, a form of tourism that links agricultural activities with rural tourism. Local residents, many of whom are engaged in farming, have started to benefit economically from the increased footfall, with small businesses such as local eateries, tea stalls, and handicraft vendors experiencing improved sales during the peak blooming period. For many visitors, a trip to Sundarapandipuram is not just a photo opportunity but also a cultural experience—one that offers insights into traditional Tamil village life and farming practices.

**The post-harvest period provides an ideal window for sunflower planting, as the soil remains nutrient-rich and retains sufficient moisture from the monsoon rains. This sequential cropping pattern not only ensures year-round agricultural activity but also promotes sustainable land use and contributes to rural livelihoods.**

Beyond its visual and touristic appeal, the presence of sunflower cultivation in Sundarapandipuram reflects the agricultural strength and fertility of the region.


Sunflowers are typically cultivated in this area after the paddy harvest, making effective use of the land and available resources. The post-harvest period provides an ideal window for sunflower planting, as the soil remains nutrient-rich and retains sufficient moisture from the monsoon rains. This sequential cropping pattern not only ensures year-round agricultural activity but also promotes sustainable land use and contributes to rural livelihoods. From a botanical and ecological perspective, sunflower (Helianthus annuus) is a remarkable crop. It is hardy, fast-growing, and well-suited to rainfed conditions, making it ideal for the climatic profile of Tenkasi district. Sunflowers also have ecological benefits: their cultivation can improve pollinator activity, particularly bees, which in turn support biodiversity and nearby crop productivity. Moreover, sunflower plants help in maintaining soil structure and preventing erosion, especially



when grown on slopes or marginal lands. The flowers themselves follow a natural phenomenon known as heliotropism, where the buds track the movement of the sun from east to west—a fascinating trait that not only aids photosynthesis but also enhances the aesthetic value of the crop. This article aims to delve deeper into the economic, ecological, and botanical significance of sunflower cultivation in Sundarapandipuram. It will explore how this single crop plays a multifaceted role in transforming a small rural village into a destination of agricultural pride, natural beauty, and economic opportunity. Through this lens, we understand how sunflower farming in Sundarapandipuram is not only a matter of agricultural practice but also a story of community resilience, innovation, and connection with nature.

In India, sunflower cultivation spans approximately 1.48 million hectares, with a national average yield of around 900 kg/ha, primarily under rainfed conditions. Among the states, Tamil Nadu ranks high in terms of productivity. In specific regions of the state, average yields can reach about 1,328.7 kg/ha. The statewide yield also showed improvement, increasing from 981 kg/ha in 2022 to approximately 1,050 kg/ha in 2023.

In Sundarapandipuram, located in the Tenkasi district, sunflower farming is primarily practiced after the paddy harvest. Around 5,000 acres in the region are converted into vibrant sunflower fields that bloom between mid-August and September. This seasonal transformation not only supports agricultural activity but also enhances the area's appeal, attracting tourists and photographers. As a result, agri-tourism has seen a boost, increasing local visibility and awareness about sunflower cultivation.




**Importance of Sunflower Cultivation in Sundarapandipuram**

**Economic Advantages**

One of the key economic advantages of cultivating sunflower is income diversification. After harvesting paddy, farmers can grow sunflower as a catch crop. This crop is short in duration (around 90 days), requires relatively little water, and offers additional income before the start of the next main cropping season. It is particularly beneficial in regions practicing multiple cropping cycles.

Profitability is another strong incentive. Studies from the Nichabanadhi sub-basin near Tirunelveli demonstrate that improved sunflower production practices can significantly enhance yields and profits. Farmers practicing improved methods recorded net returns of ₹34,818 per hectare with a benefit-cost ratio (BCR) of approximately 2.66. In contrast, traditional methods yielded returns of ₹19,385 per hectare (BCR ~2.05), marking a notable profit increase of about ₹15,433 per hectare.

The development of improved varieties has played a crucial role in enhancing profitability and efficiency. Tamil Nadu Agricultural University (TNAU) released the hybrid CO H 3 in 2019, specifically suited for Tamil Nadu's conditions. This hybrid offers an average yield of 716 kg/ha and a high oil content of 42%, making it ideal for low-




rainfall and short-duration cropping systems. Earlier varieties like CO 3 and CO 4 have shown even higher yield potentials (1300–1600 kg/ha) with oil content ranging from 36% to 41% under both rainfed and irrigated conditions.The market demand for sunflower oil is steadily increasing, mainly due to its recognized health benefits, including cholesterol reduction. It is frequently recommended by cardiologists. Although domestic production is growing, India still depends on imported sunflower oil, making local cultivation increasingly strategic from both economic and food security standpoints.

### Agro-Ecological Benefits

Sunflower cultivation also offers valuable agro-ecological benefits. It integrates well into crop rotations, especially when grown after paddy and before the next major crop. It provides soil cover, suppresses weed growth, and places minimal strain on soil nutrients. Additionally, sunflower adapts to a variety of soil types and supports sequential cropping systems, such as those involving pulses or maize.

Its drought resilience is another major advantage. With a deep root system and moderate drought tolerance, sunflower is well-suited to post-monsoon periods when rainfall is scarce or uneven a common scenario in regions like Tenkasi.

### Social and Tourism Aspects

Sunflower fields in full bloom have become seasonal tourist attractions in rural areas. They draw thousands of visitors, contributing to rural tourism, increasing demand for transportation, and supporting cottage industries and local photography-based enterprises. The blooming season not only adds to the aesthetic and recreational appeal of the countryside but also delivers social benefits to local villagers through temporary employment in farming activities like sowing, manual pollination, harvesting, and managing tourist influx.

### Genetic Varieties & Adaptation

Institutions like TNAU and ICAR-IIOR have developed several hybrid varieties including CO 3, CO 4, and CO H 3—specifically tailored to Tamil Nadu's climate. These hybrids offer early maturity (85–100 days), high oil content (36%–42%), and resistance to common diseases. More recently, private sector innovations such as TilhanTech's SUNH hybrids (SUNH 1 released in 2021 and SUNH 2 in 2023) have pushed productivity further. These varieties mature in 84–100 days and offer yields of 1600–2600 kg/ha with up to 41% oil content, making them promising options for farmers in regions like Tenkasi.

### Production Technologies

Improved production technologies have shown strong potential to increase yields and reduce per-unit production costs. Trials in the region emphasize the importance of balanced NPK fertilization, pest management, seed treatment, timely sowing, and optimal plant spacing. These practices have resulted in significant yield improvements and higher benefit-cost ratios, moving from ~2.05 (traditional methods) to ~2.66 with improved production techniques (IPT). The result: increased farmer returns by approximately ₹15,400 per hectare.

**Pollination & Ecological Considerations**

Sunflower pollination has been adversely affected by a decline in local bee populations, mainly due to pesticide use and climate-related stress. In response, agriculture officials in Tenkasi introduced manual pollination, which, although labour-intensive, has proven effective in boosting seed quality and yield. This situation underscores the urgent need for eco-friendly pest management approaches that are pollinator friendly such as using pheromone traps, botanical insecticides, and biological control methods to ensure both crop productivity and ecological sustainability.

**Cultivation Practices in Sundarapandipuram**

**Climatic and Soil Conditions**

Sundarapandipuram, located in Tenkasi district, experiences a tropical wet and dry climate. The region receives monsoon rains from June to September, followed by dry spells. This climate is particularly suitable for sowing sunflower in August and harvesting in October, allowing the crop to avoid heavy rainfall during its flowering and seed-setting stages. The soil in the region ranges from loamy to clay-loam, which is ideal for sunflower cultivation. Sunflower is typically grown after the paddy harvest, benefiting from residual soil moisture and organic matter.

**Timing and Sowing**

The ideal sowing window varies with soil type—light soils are best sown from the second fortnight of June to mid-July, while heavier soils allow sowing up to mid-August. In Tenkasi, sunflower is generally sown in August following the rice harvest. High-yielding hybrids like CO H 3 and SUNH 2, which mature in 84 to 100 days, are well-suited to the local cropping system and climatic conditions.

**Sundarapandipuram, located in Tenkasi district, experiences a tropical wet and dry climate. The region receives monsoon rains from June to September, followed by dry spells. This climate is particularly suitable for sowing sunflower in August and harvesting in October, allowing the crop to avoid heavy rainfall during its flowering and seed-setting stages.**

**Fertilisation and Integrated Pest Management (IPM)**

Balanced application of nitrogen, phosphorus, and potassium (NPK), along with proper seed treatment and optimal plant spacing, contributes significantly to better yields. Integrated pest management practices that are eco-friendly help conserve beneficial insect populations. In areas where bee populations have declined—such as southern Tamil Nadu—manual pollination is practiced to ensure effective fertilization of the flowers.

**Harvesting and Post-Harvest Handling**

Harvesting is carried out when the seed moisture content is between 12–14%, and when the back of the flower head (capitulum) turns yellow-brown, indicating maturity. Threshing and drying need to be done carefully to preserve seed quality and oil content. Seeds are stored under proper conditions to prevent spoilage. Simple oil extraction technologies like village-level expellers or small oil mills are used locally, supported by the relatively high seed oil content of 36–42%.

**Multifaceted Benefits of Sunflower Cultivation in Sundarapandipuram**

Sunflower cultivation offers farmers a short-term cash crop option between paddy harvest and the next planting season. High-yielding hybrids and improved production technologies (IPT) can generate substantial returns per hectare. By increasing local production of sunflower oil, this practice also helps reduce dependency on imported edible oils.

**Sustainable Farming and Agroecology**

Sunflower contributes to crop diversification and minimizes periods of fallow land. Its deep root system improves soil structure, alleviates compaction, and aids in nutrient recycling, enhancing overall soil health.

**Social and Tourism Synergy**

The striking visual appeal of blooming sunflowers in Sundarapandipuram has created a unique tourism opportunity. These "Instagrammable" landscapes draw visitors, which in turn supports local vendors, photographers, and rural branding efforts. Seasonal tourism also opens up direct-to-consumer marketing possibilities for farmers through farm-gate sales.

**Botanical Value**

Sunflower is a model crop for botanical research and agricultural extension. Its heliotropic behavior (sun tracking) and rapid growth cycle make it ideal for educational demonstrations. Local field trials with hybrids like CO H3 and SUNH 2 help showcase the results of plant breeding and agronomic innovation.

## Challenges and Recommendations

One of the major challenges is the scarcity of natural pollinators due to bee population decline, which necessitates manual pollination a labor-intensive process. Additionally, manual harvesting adds to labor requirements, making scalability an issue unless sufficient labor is available. Market access is another concern, as farmers need reliable channels for both seed sales and oil processing. Adequate infrastructure, such as small-scale oil mills, is essential. To address these challenges, regionally adapted hybrids like CO H 3 and SUNH 2 should be promoted to improve yield and oil content. Training programs on improved production techniques—covering fertilization, spacing, pest control, and moisture conservation—can enhance efficiency. Encouraging beekeeping or the development of pollinator habitats can reduce the manual pollination burden. Establishing local oil processing units near cultivation areas will help retain value within the community. Additionally, developing seasonal tourism around the sunflower bloom period—through festivals or agro-tours—can further strengthen the rural economy.

## Conclusion

Sunflower cultivation in Sundarapandipuram, Tenkasi district offers an exemplary case of combining economic benefit, agro-ecological sustainability, and botanical interest. As a short-duration, drought-tolerant crop that fits into local cropping cycles, sunflower provides farmers with seasonally valuable income, supports local tourism, and highlights the interplay of biology and modern hybrid breeding. Sunflower serves as an exceptional agro-botanical model for multiple scientific and practical applications. Its heliotropic movements, driven by auxin-mediated phototropism, are widely



studied in plant physiology. The crop also showcases significant genetic diversity, with varieties like CO 3, CO 4, CO H3, and SUNH 2 illustrating the success of mutation breeding and hybridization for regional adaptation. Its oil, rich in unsaturated fatty acids, has health benefits including potential cholesterol reduction. Additionally, studies in Tamil Nadu have explored the use of sunflower latex in producing hypoallergenic rubber, underlining the crop's biotechnological promise.Adoption of high-yielding hybrids, improved agronomic practices, and pollinator-friendly strategies can significantly enhance outcomes. Harnessing the botanical relevance of sunflowers may also inspire educational outreach and agro-innovation. Ultimately, with judicious support and infrastructure, sunflower cultivation in Sundarapandipuram can scale socially, economically, and scientifically serving as a model for similar agro-ecosystems across Tamil Nadu and beyond.

### References


Agy MSFA, Oliveira RL, Carvalho GGP, Leao AG, Ribeiro OL, et al. (2012) Ingestive behavior and physiologicalresponses of goats fed with diets containing sunflower cake from biodiesel production. Arq Bras Med Vet Zootec 64(5): 1292-1301.

Akbari P, Ghalavand A, Sanavy AMM, AghaAlikhani M, Kalkhoran SS (2011) Comparison of different nutritional levels and the effect of plant growth promoting rhizobacteria (PGPR) on the grain yield and quality of sunflower. Aust J Crop Sci 5(12): 1570-1576.

Akhtar N, Mahood T, Ahmad S, Ashraf M, Arif MS, et al. (2012) Screening of sunflower populations for seed yield and its components through step-wise regression analysis. Pak J Bot 44(6): 2005-2008.

Ali A, Ullah S (2012) Effect of nitrogen on achene protein, oil, fatty acid profile, and yield of sunflower hybrids. Chilean J Agric Res 72(4): 564-567.

Andrew RL, Kane NC, Baute GJ, Grassa CJ, Rieseberg LH (2013) Recent nonhybrid origin of sunflower ecotypes in a novel habitat. MolEcol 22(3): 799-813.

Audet P, Charest C (2013) Assessing arbuscular mycorrhizal plant metal uptake and soil metal bioavailability among dwarf ' sunflowers in a stratified compartmental growth environment. Arch Agron Soil Sci 59(4): 533-548.

Aznar-Moreno JA, Martínez-Force E, Venegas-Calerón M, Garcés R, Salas J (2013) Changes in acyl-coenzyme A pools in sunflower seeds with modified fatty acid composition. Phytochemistry 87: 39-50.

Babaeian M, Piri I, Tavassoli A, Esmaeilian Y, Gholami H (2011) Effect of water stress and micronutrients (Fe, Zn and Mn) on chlorophyll fluorescence, leaf chlorophyll content and sunflower nutrient uptake in Sistan region. Afr J Agric Res 6(15): 3526-3531.

Bashir U, Javaid A, Bajwa R (2012) Allelopathic effects of sunflower residue on growth of rice and subsequent wheat crop. Chil J Agr Res 72(3): 326-331.

Bennett AJ, Bending GD, Chandler D, Hilton S, Mills P (2012) Meeting the demand for crop production: the challenge of yield decline in crops grown in short rotations. Biol Rev 87(1): 52-71.

Kumar, R., & Devi, S. (2025). Golden fields of Tenkasi: The agronomic value of sunflowers in Sundarapandipuram. Journal of Agricultural Research and Rural Development, 14(2), 112–123.

■ ഡോ. സനന്ദ് സദാനന്ദൻ
എം.ഇ എസ് അസ്മാബി കോളേജ്, കൊടുങ്ങല്ലൂർ

# ആഫ്രിക്കയിലെ മൂന്ന് ചെഗുവേര വർഷങ്ങൾ

"എന്റെതലമുറ ചോദിക്കുന്ന ചോദ്യങ്ങൾ നിരവധിയാണ്, പ്രകൃതി വിഭവങ്ങളും വെള്ളവും വെളിച്ചവും വേണ്ടുവോളമുള്ള എന്റെ പ്രദേശം എന്തുകൊണ്ട് ലോകത്തെ ഏറ്റവും ദാരിദ്ര്യം നിറഞ്ഞ ഭൂഖണ്ഡമായി മാറി? എന്തുകൊണ്ട് ഇവിടത്തെ രാഷ്ട്ര തലവന്മാർ വിദേശങ്ങളിൽ ഭിക്ഷക്കായി കൈ നീട്ടേണ്ടി വരുന്നു? എന്തുകൊണ്ട് ഭക്ഷണം തേടിയുള്ള യൂറോപ്പിലേക്കുള്ള കടൽ യാത്രയിൽ നിരവധി പേർ മുങ്ങി മരിക്കുന്നു? ഞങ്ങളുടെ ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരങ്ങൾ ലഭിക്കുന്നില്ല". ഹിറ്റ്ലറുടെ നാസിപ്പടയെ 1945 മെയ് 9 ന് സോവിയറ്റ് യൂണിയന്റെ ചെമ്പട തോൽപ്പിച്ചതിന്റെ ഓർമ്മയ്ക്കായി മോസ്കോയിൽ നടന്ന വിജയ അനുസ്മരണത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട പ്രസംഗത്തിലെ ചില വാചകങ്ങളാണ് മുകളിൽ കൊടുത്തത്. പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യമായ ബുർക്കിനോ ഫാസോയുടെ പ്രസിഡൻറ് ഇബ്രാഹിം ട്രോഡെ എന്ന് 37 കാരനാണ് ഈ ചോദ്യങ്ങൾ ലോകത്തിനുമുൻപ് ഉന്നയിച്ചത്. കുറച്ചു വർഷങ്ങളായി ലോകശ്രദ്ധ നേടിയ ആഫ്രിക്കൻ നേതാവാണ് ട്രോഡെ. രണ്ടാം ആഫ്രിക്കൻ ചെഗുവേര എന്ന് വിളിക്കുന്ന അദ്ദേഹം യൂറോപ്യൻ രാജ്യങ്ങളുടെയും അമേരിക്കയുടെയും കണ്ണിലെ കരടാണ് . ആഫ്രിക്കൻ അസ്ഥിരതകൾക്ക്, പിന്നോക്കാവസ്ഥയ്ക്ക് കാരണം ഇപ്പോഴും തുടരുന്ന യൂറോപ്യൻ കൊളോണിയൽ ചൂഷണങ്ങൾ ആണെന്ന് പല വേദികളിലും വിളിച്ചു പറഞ്ഞു. നിരവധി വധശ്രമങ്ങളും അട്ടിമറി ശ്രമങ്ങളും അതിജീവിച്ചാണ്. 2022 മുതൽ അദ്ദേഹം ഭരണത്തിൽ തുടരുന്നത്. ഐവറി കോസ്റ്റ് , ചാഡ്, മലി തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളും അദ്ദേഹത്തിന്റെ പാത പിന്തുടരുന്നു. ശക്തമായ രാഷ്ട്രീയ നിലപാടുകൾ കൊണ്ട് ട്രോഡോ പുതിയ ആഫ്രിക്കയുടെ വിപ്ലവ ശബ്ദമായിരിക്കുന്നു.

## വാർത്തകൾക്കപ്പുറത്തെ ആഫ്രിക്ക

ആഫ്രിക്കൻ വിഷയങ്ങൾ പല കാരണങ്ങളെ കൊണ്ട് നമുക്ക് വലിയ വാർത്തയല്ല. ആഫ്രിക്കൻ ഭൂഖണ്ഡം എന്നത് കേരളത്തിലെ മുഖ്യ വാർത്തകളിൽ ഇടം പിടിക്കുന്നത് അപൂർവമായാണ് 'എസ്.കെ. പൊറ്റെക്കാടിന്റെ കാപ്പിരികളുടെ നാടിനും, സക്കറിയുടെ രണ്ടാം ആഫ്രിക്കൻ യാത്രയ്ക്കും അപ്പുറം, പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും ആഭ്യന്തര സംഘർഷങ്ങളുടെയും ഒരു ഇടമായി മുഖ്യധാരാ ചർച്ചകളിൽ നിന്ന് ഈ പ്രദേശം മാറ്റിനിർത്തപ്പെട്ടു. ഏഷ്യയിലെ ഭൂരിഭാഗം രാജ്യങ്ങളെയും കോളനികൾ ആക്കി ചൂഷണം ചെയ്ത് തടിച്ചുകൊഴുത്ത കൊളോണിയൽ ശക്തിയായി ബ്രിട്ടന്റെ പേരാണ് മനസ്സിലുള്ളതെങ്കിൽ, സാമ്രാജ്യത്വവും അധിനിവേശവും അമേരിക്കയുടെ പേരോടാണ് ചേർത്തുവയ്ക്കാറ്. എന്നാൽ ആഫ്രിക്കയിൽ സംഭവിക്കുന്നതിലെ പ്രധാന വില്ലൻ ഫ്രാൻസാണ്. വർഷങ്ങളായി കോളനികൾ ആക്കി കൊള്ളയടിച്ച രാജ്യങ്ങൾക്ക് യൂറോപ്യൻ ശക്തികൾ രണ്ടാം ലോകമഹായുദ്ധാനന്തരം സ്വാതന്ത്ര്യം കൊടുക്കുന്നു. എന്നാൽ അതിനുശേഷം അവയെ ആധുനിക കോളനികൾ ആക്കി



നിയന്ത്രിക്കുന്നു. അക്കാര്യത്തിൽ ഏറ്റവും കുപ്രസിദ്ധമാണ് ഫ്രാൻസിന്റെ ചെയ്തികൾ, ഫ്രാൻസിന്റെ ചൂഷണങ്ങൾ. ഫ്രാൻസ് എന്നത് ഈഫൽ ടവറിന്റെ, ടൂറിസത്തിന്റെ, കലയുടെ, ഫാഷന്റെ ഒക്കെ ഇടമായി നിലനിൽക്കുമ്പോൾ അതിന്റെ ഗരിമ നിലനിർത്താനായി ഒഴുക്കുന്ന ആഫ്രിക്കൻ ചോരയുടെയും വിയർപ്പിന്റെയും സത്യങ്ങൾ ലോകം ചർച്ച ചെയ്യുന്നില്ല. പതിനാറാം നൂറ്റാണ്ട് മുതൽ തുടങ്ങിയതാണ് ആഫ്രിക്കയ്ക്ക് മേലുള്ള ഫ്രഞ്ച് താൽപര്യങ്ങൾ. അടിമകളായി നിരവധി പേരെ നിർബന്ധമായും പിടിച്ചുകൊണ്ടുപോകലിന്റേയും, ക്രൂരമായ പീഡനങ്ങളുടെയും,സാമ്പത്തിക ചൂഷണങ്ങളുടെയും ചരിത്രമാണ് ഫ്രാൻസിന് ആഫ്രിക്കയിൽ ഉള്ളത്. ഇപ്പോഴത്തെ 17 ആധുനിക ആഫ്രോരാഷ്ട്രങ്ങൾ ഫാൻസിന്റെ കോളനികൾ ആയിരുന്നു . ഏഷ്യയിൽ ഇന്ത്യക്കും മറ്റും സ്വാതന്ത്ര്യം ലഭിച്ച പോലെ തന്നെ 1960 ഓടുകൂടി ഫ്രാൻസ് ആഫ്രിക്കൻ കോളനികൾക്ക് സ്വാതന്ത്ര്യം നൽകിയതായി പ്രഖ്യാപിക്കുന്നു. പക്ഷേ ഇന്ത്യയിൽനിന്ന് ബ്രിട്ടൺ പോയതുപോലെയുള്ള ഒരു തിരിച്ചുപോക്ക് ആയിരുന്നില്ല ഫ്രാൻസ് നടത്തിയത് . തങ്ങളുടെ സഹായം ഇല്ലാതെ ഈ പുതിയ രാഷ്ട്രങ്ങൾക്ക് നിലനിൽപ്പില്ലെന്ന് പറഞ്ഞ് ഇവയെ ഫ്രഞ്ച് നിയന്ത്രണത്തിൽ ആക്കാൻ വേണ്ടി നിരവധി സംവിധാനങ്ങൾ ഒരുക്കിയാണ് ഇവർക്ക് സ്വാതന്ത്ര്യം കൊടുത്തത്. ഈ രാഷ്ട്രങ്ങളിലെ കറൻസി ഇപ്പോഴും സി എഫ് എ ഫ്രാങ്ക് എന്ന ഫ്രാൻസ് സമ്പൂർണ്ണമായും നിയന്ത്രിക്കുന്ന കറൻസിയാണ്. ഈ കറൻസിയുടെ മൂല്യം തീരുമാനിക്കുന്നത് ഫ്രാൻസ് ആണ്. യൂറോയിലാണ് ഇതിന്റെ വിനിമയ നിരക്ക് തീരുമാനിക്കുന്നതും. ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കാത്ത വിധം സാമ്പത്തിക ചക്രവ്യൂഹത്തിൽ അകപ്പെടുത്തിയ പോലെയാണ് ഇതുമായി ബന്ധപ്പെട്ട കരാറിലെ വ്യവസ്ഥകൾ. ഇതിന്റെ ഭാഗമായി തങ്ങളുടെ നിക്ഷേപങ്ങളുടെ പകുതിയും ഫ്രഞ്ച് ട്രഷറിയിൽ നിർബന്ധമായും നിക്ഷേപിക്കേണ്ടിയും വന്നു. സമ്പുഷ്ടമായ വിഭവങ്ങളെ പൂർണ്ണമായും നിയന്ത്രിച്ചു വരുന്നത് ഫ്രഞ്ച് കമ്പനികളാണ്. ആഫ്രിക്കയിലെ പ്രകൃതി വിഭവങ്ങളാണ് ഇവരുടെ അടിത്തറ. നിരവധി ഇടങ്ങളിൽ ഫ്രഞ്ച് സൈന്യത്തെ നിലനിർത്തി വരുന്നു. മിക്കവാറും രാഷ്ട്രങ്ങളിലെ നേതാക്കൾ ഫ്രാൻസിന്റെ കളിപ്പാവകൾ ആണ്. അഴിമതിക്ക് കുപ്രസിദ്ധരായവർ. ഇവരുടെ വൻ സാമ്പത്തിക നിക്ഷേപങ്ങൾ പാരീസിലും. ഫ്രഞ്ച് ഭരണകൂടവുമായി അടുത്ത ബന്ധം പുലർത്തുന്ന ഏകാധിപതികൾ ധൂർത്തിന്റെ അങ്ങേയറ്റത്ത് വിരാജിക്കുമ്പോൾ,പ്രകൃതി വിഭവങ്ങൾ സമ്പന്നമാണെങ്കിലും ഭൂരിപക്ഷം ജനങ്ങളും പട്ടിണിയിലും കൊടിയ

ദാരിദ്ര്യത്തിലും കഴിയുന്നു. 'ഉദാഹരണം എടുത്താൽ ഗാബോൺ എണ്ണയാലും യുറേനിയം നിക്ഷേപത്താലും സമ്പുഷ്ടമായ രാഷ്ട്രം. വർഷങ്ങളോളം ഭരിച്ചിരുന്നത് ഒമർ ബോംഗോ എന്ന ഏകാധിപതി അദ്ദേഹത്തിനു ശേഷം അദ്ദേഹത്തിന്റെ മകൻ ഇവരെ പരിപൂർണ്ണമായും നിയന്ത്രിക്കുന്നതും ഫ്രാൻസ്. എതിർ ശബ്ദങ്ങൾ ഉയർത്തിയ നേതാക്കളെയും വിഭാഗങ്ങളെയും ഫ്രാൻസ് നേരിട്ടും അല്ലാതെയും അടിച്ചമർത്തി. ഗിനിയിലെ സോഷ്യലിസ്റ്റ് നേതാവ് സെകോയു ടൂറേ ഫ്രഞ്ച് കരാറുകൾ തള്ളിക്കളയാൻ ധൈര്യം കാണിച്ചു. ദാരിദ്ര്യത്തിലുള്ള സ്വാതന്ത്ര്യമാണ് സമ്പന്നതയിലുള്ള അടിമത്തത്തെക്കാൾ മികച്ചത് എന്നാണ് ടൂറേ പ്രഖ്യാപിച്ചത്. മറുപടിയായി ഫ്രാൻസ് എല്ലാ സഹായങ്ങളും വെട്ടിമറിക്കുന്ന ഗവൺമെന്റിനെ അട്ടിമറിച്ചുകൊണ്ട് അവർക്ക് വേണ്ട പാവ ഗവൺമെന്റിനെ പ്രതിഷ്ഠിക്കുന്നു. ബുർക്കിന ഫാസോ, ഐവറി കോസ്റ്റ്, മലി, കാമറൂൺ, സെൻട്രൽ ആഫ്രിക്കൻ പബ്ലിക് ഇങ്ങനെ ഫ്രഞ്ച് കടന്നു കയറ്റം നേരിടേണ്ടി വന്ന രാഷ്ട്രങ്ങളുടെ പട്ടിക നീളുന്നു.


1962ൽ ഫ്രഞ്ച് പ്രസിഡണ്ട് ആയിരുന്ന ചാൾസ് ഡിഗോളിന്റെ കാലത്ത് തന്നെ ആഫ്രിക്കൻ കോളനികൾ കൈവിട്ടാൽ പിന്നീട് ഫ്രാൻസിന് നിലനിൽപ്പില്ല എന്ന തിരിച്ചറിവ് ഫ്രാൻസിന് ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഫ്രാൻസ് നിയോ കോളനിവൽക്കരണം എന്ന പുത്തൻ നയങ്ങൾ നടപ്പിലാക്കുന്നത്. മുൻ ഫ്രഞ്ച് പ്രസിഡണ്ടായിരുന്ന ഫ്രാങ്കോയിസ് മിറ്ററാന്റ് പറഞ്ഞത് "ആഫ്രിക്കൻ കോളനികൾ ഇല്ലെങ്കിൽ 21ആം നൂറ്റാണ്ടിലെ ചരിത്രത്തിൽ ഫ്രാൻസ് എന്ന പേര് ഉണ്ടാവുകയില്ല" എന്നാണ് 'പുറമേക്ക് സ്വതന്ത്ര രാഷ്ട്രങ്ങൾ ആണെങ്കിലും പൂർണ്ണമായും ഫ്രാൻസ് നിയന്ത്രിക്കുന്ന ഭരണകൂടവും ഫ്രഞ്ച് കമ്പനികളുടെ യഥേഷ്ട സാമ്പത്തിക ചൂഷണങ്ങളും തുടർന്നു വന്നു. ഫ്രാൻസിന്റെ 60% ഊർജ്ജവും ന്യൂക്ലിയർ ഇന്ധനം ഉപയോഗിച്ചാണ് നിർമ്മിക്കുന്നത് ആഫ്രിക്കൻ രാജ്യമായ നൈജർ ആണ് ഇതിന്റെ

**പുറമേക്ക് സ്വതന്ത്ര രാഷ്ട്രങ്ങൾ ആണെങ്കിലും പൂർണ്ണമായും ഫ്രാൻസ് നിയന്ത്രിക്കുന്ന ഭരണകൂടവും ഫ്രഞ്ച് കമ്പനികളുടെ യഥേഷ്ട സാമ്പത്തിക ചൂഷണങ്ങളും തുടർന്നു വന്നു. ഫ്രാൻസിന്റെ 60% ഊർജ്ജവും ന്യൂക്ലിയർ ഇന്ധനം ഉപയോഗിച്ചാണ് നിർമ്മിക്കുന്നത് ആഫ്രിക്കൻ രാജ്യമായ നൈജർ ആണ് ഇതിന്റെ മുഖ്യ സ്രോതസ്സ്, എന്നാൽ ഈ രാജ്യത്തെ 14 ശതമാനം ജനങ്ങൾക്ക് മാത്രമാണ് വൈദ്യുതി ലഭിക്കുന്നത്. ഇത്തരത്തിൽ സ്വന്തം വിഭവങ്ങൾ കൂടി അവർക്ക് അനുഭവിക്കാനുള്ള സാഹചര്യം ഇല്ലാതാക്കുന്നു. അതിനൊപ്പം തന്നെ കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾക്കും കുപ്രസിദ്ധമാണ് ഫ്രാൻസ് പിന്തുണയ്ക്കുന്ന വിഭാഗങ്ങളുടെ ചെയ്തികൾ.**

മുഖ്യ സ്രോതസ്സ്, എന്നാൽ ഈ രാജ്യത്തെ 14 ശതമാനം ജനങ്ങൾക്ക് മാത്രമാണ് വൈദ്യുതി ലഭിക്കുന്നത്. ഇത്തരത്തിൽ സ്വന്തം വിഭവങ്ങൾ കൂടി അവർക്ക് അനുഭവിക്കാനുള്ള സാഹചര്യം ഇല്ലാതാക്കുന്നു. അതിനൊപ്പം തന്നെ കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾക്കും കുപ്രസിദ്ധമാണ് ഫ്രാൻസ് പിന്തുണയ്ക്കുന്ന വിഭാഗങ്ങളുടെ ചെയ്തികൾ. ചൂഷണങ്ങൾക്കെതിരെ നിരവധി പ്രതിഷേധങ്ങളും സമരങ്ങളും ഉയർന്നു വന്നിട്ടുണ്ടെങ്കിലും ഫ്രഞ്ച് സൈന്യം നേരിട്ടും അവർ സഹായിക്കുന്ന സായുധ വിഭാഗങ്ങളാലും അവ അടിച്ചമർത്തപ്പെട്ടു. മനുഷ്യാവകാശ സംഘടനകൾക്കും വലിയ താല്പര്യം ഇല്ലാത്ത അല്ലെങ്കിൽ കണ്ടില്ലെന്ന് നടിക്കുന്ന ഒന്നാണ് ആഫ്രിക്കൻ രാജ്യങ്ങളിലെ ഈ ചോര നിലവിളികൾ. ആഫ്രിക്കൻ രാഷ്ട്രങ്ങളിലെ ഈ ഇടപെടലുകളെ ആദ്യകാലങ്ങളിൽ ഫ്രാൻസ് ന്യായീകരിച്ചിരുന്നത് അപരിഷ്കൃതരായ ഒരു ജനതയെ സംസ്കാര സമ്പന്നരാക്കുക എന്ന പഴയ കൊളോണിയൽ വാദമായിരുന്നെങ്കിൽ ഇന്ന് അത് ഉയർന്നുവരുന്ന മതതീവ്രവാദത്തെ തടയുക എന്ന പേരിലാണ് ഫ്രാൻസ് മേഖലയിൽ അതിന്റെ ചെയ്തികളെ ന്യായീകരിക്കുന്നത്. ഇതിനെ തടയാനുള്ള കഴിവ് ആഫ്രിക്കൻ ഭരണാധികാരികൾക്ക് ഇല്ല എന്ന് മുൻ ഫ്രഞ്ച് പ്രസിഡണ്ട് മാക്രോണിന്റെ പരാമർശം വലിയ പ്രതിഷേധങ്ങൾക്ക് ആയിരുന്നു ആഫ്രിക്കയിൽ ഇടംവെച്ചത്. ഇവിടെയാണ് ഇബ്രാഹിം ട്രോഡെ തലയുയർത്തു നിൽക്കുന്നത്.

### പുതിയ ആഫ്രിക്ക

പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യമായ ബുർക്കി നോ ഫാസോക്ക് സ്വാതന്ത്ര്യം ലഭിക്കുന്നത് 1960ലാണ് 'മേഖലയിലെ രാജ്യങ്ങളെപ്പോലെ ഫ്രഞ്ച് നിയന്ത്രണത്തിൽ തന്നെയായിരുന്നു ഈ രാജ്യവും. 1988 ജനിച്ച ഇബ്രാഹിം ഒരു പട്ടാളക്കാരനായാണ് തുടക്കം 2022ലെ സൈനിക അട്ടിമറിയിലൂടെ ഭരണത്തിൽ എത്തുന്നു ,പിന്നീട് അങ്ങോട്ട് ഫ്രാൻസ് അടക്കമുള്ള പാശ്ചാത്യ ശക്തികൾക്കെതിരെ ശക്തമായ നിലപാടുകളാണ് അദ്ദേഹം എടുത്തുവന്നത്. സ്വർണ്ണ കമ്പനികളെ ദേശസാൽക്കരിക്കുക ,റഷ്യയുമായി ബന്ധം സ്ഥാപിക്കുക ,ഫ്രഞ്ച് സൈന്യത്തെ രാജ്യത്ത് നിന്ന് പുറത്താക്കുക, ഫ്രഞ്ച് എംബസിയുടെ പ്രവർത്തനം അവസാനിപ്പിക്കുക, നാറ്റോ വിരുദ്ധ രാഷ്ട്രങ്ങളായ വെനസ്വേല, ക്യൂബ എന്നിവയുമായി ബന്ധം സ്ഥാപിക്കുക. പരസ്യമായി ആഫ്രിക്കയിലെ ചൂഷണങ്ങളെ ലോകത്തിനു മുമ്പിൽ തുറന്നു കാണിച്ചു. പല അയൽരാഷ്ട്രങ്ങളും ഇദ്ദേഹത്തിന്റെ പാത പിന്തുടർന്ന് യൂറോപ്യൻ ശക്തികളെ വെല്ലുവിളി




ക്കുന്നു. ബുർക്കിന ഫാസോയുടെ കയറ്റുമതിയുടെ 80 ശതമാനവും സ്വർണമാണ് സ്വർണ ഉൽപാദനത്തിൽ ലോകത്ത് പതിമൂന്നാം സ്ഥാനത്തുള്ള രാജ്യം, എന്നിട്ടും എന്തുകൊണ്ട് രാജ്യം ദരിദ്രമായിട്ടുള്ളത്. അവിടെയാണ് ഇബ്രാഹിമിന്റെ ചോദ്യങ്ങൾ പ്രസക്തമാകുന്നത്. 1980കളിൽ രാജ്യത്ത് അധികാരത്തിലിരുന്നിരുന്ന തോമസ് സങ്കര എന്ന ആഫ്രിക്കൻ ചെഗുവേരയുടെ പിൻഗാമിയായിട്ടാണ് ട്രോഡെ സ്വയം വിശേഷിപ്പിക്കുന്നത്. മാർക്സിസ്റ്റ് ആശയത്തിൽ വിശ്വസിച്ചു പ്രവർത്തിക്കുന്ന അദ്ദേഹം രാഷ്ട്രീയ ഗുരുവായി കണക്കാക്കുന്നത് സങ്കരയെ തന്നെയാണ്. ഫ്രാൻസിന്റെ കാർമികത്വത്തിൽ സങ്കരയെ അധികാരത്തിൽ നിന്ന് പുറത്താക്കി വെടിവെച്ചു കൊല്ലുകയാണ് ഉണ്ടായത്. ചരിത്രം ആവർത്തിക്കുമോ എന്ന് പലരും സംശയിക്കുന്നു. നിരവധി ഭീഷണികളാണ് ട്രോഡെ നേരിടുന്നത് ഒരു ഭാഗത്ത് ഉയർന്നുവരുന്ന മത തീവ്രവാദ സംഘടനകൾ; മറുഭാഗത്ത് പുറത്താക്കാനായി പാത്തിരിക്കുന്ന ഫ്രാൻസും അമേരിക്കയും മറ്റു നാറ്റോ രാഷ്ട്രങ്ങളും. മേഖലയിലെ സ്വാധീനം വർദ്ധിപ്പിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട ശക്തി റഷ്യയാണ് റഷ്യയുടെ കൂലി പട്ടാളക്കാരായ വാഗ്നർ വിഭാഗത്തിന് പല രാജ്യങ്ങളിലും നിർണായകമായ സ്വാധീനമുണ്ട്. ട്രോഡെ ഇപ്പോൾ കോമ്രേഡ് എന്ന് വിളിച്ച് ചേർത്തുപിടിച്ചിരിക്കുന്നത് വിളാഡിമിർ പുടിനെയാണ് . 'ആഫ്രിക്കൻ മേഖലയില രാജ്യങ്ങളിലെല്ലാം വർധിച്ചുവരുന്ന ചൈനീസ് നിക്ഷേപങ്ങളും ചൈനീസ് സ്വാധീനങ്ങളും മറ്റൊരു ഭാഗത്തും . ഈ വൈദേശിക താൽപര്യങ്ങൾക്കപ്പുറത്ത് എന്ന് ആഫ്രിക്കൻ രാജ്യങ്ങൾക്ക് തങ്ങളുടെ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് സ്വയം വികസിക്കാനാവും എന്നുള്ളതും യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കാൻ സാധിക്കും എന്നുള്ളത് ഇന്നും ഒരു ചോദ്യമായി അവശേഷിക്കുന്നു. ■

■ ഡോ. ജോർജ് സെബാസ്റ്റ്യൻ
ന്യൂമാൻ കോളജ്, തൊടുപുഴ

# സുവിശേഷത്തിലില്ലാത്ത മറിയമേ...

കോട്ടയം ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളും പത്തനംതിട്ട ജില്ലയിലെ മലമ്പ്രദേശങ്ങളും മലയാള മുഖ്യധാരാ സാഹിത്യത്തിൽ ആഘോഷിക്കപ്പെടാത്ത, ഒട്ടുമേ ഇടംപിടിക്കാത്ത ഭൂപ്രദേശങ്ങളാണ്. കുളളരിക്കുന്ന മീശയും പിണ്ടികുരിശുമാലയും വെളുത്ത ജുബയും ധരിച്ച് തോക്കുമായി ജീപ്പിൽ സഞ്ചരിക്കുന്ന അച്ചായവേഷരൂപികളും അവരുടെ ബംഗ്ലാവുകളിലെ ആഡംബരകാഴ്ചകളും ചില മലയാള സിനിമകളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും ആ പ്രദേശങ്ങളിലെ ഭൂരിപക്ഷം വരുന്ന അടിസ്ഥാന വർഗത്തിൽപ്പെട്ട മനുഷ്യരുടെ ജീവിതവും പശ്ചാത്തലവുമൊന്നും കവിതയിലോ ഇതര സാഹിത്യരൂപങ്ങളിലോ എടുത്തുപറയത്തക്ക രീതിയിൽ വിഷയമായിട്ടില്ല.

മലയാള നാടിന്റെ ഭംഗിയും സൗന്ദര്യവുമായി എഴുത്തുകാരും ചലച്ചിത്രകാരന്മാരും കൊണ്ടാടിയിട്ടുള്ള വള്ളുവനാടൻ ദേശനന്മകളും കുട്ടനാടൻ ഹരിതാഭയും കോട്ടയത്തെ മലമ്പ്രദേശങ്ങൾക്കത്ര അന്യമല്ലെങ്കിലും അരപ്പട്ട കെട്ടിയ (പാവാടയുടുത്ത) റബർ മരങ്ങളും പൂത്തുനിക്കുന്ന ഇല്ലിക്കാടുകളും ചെറുതും വലുതുമായ ഉയരങ്ങളിൽ നിന്നും കൊതിപ്പിക്കും വിധം എടുത്തുചാടുന്ന വെള്ളച്ചാട്ടങ്ങളും നിറഞ്ഞ കാഞ്ഞിരപ്പള്ളിയും മുണ്ടക്കയവും കാളകെട്ടിയും പൊൻകുന്നവുമൊക്കെ ഭാഷയുടെ ഭാവുകത്വത്തിലേയ്ക്ക് കടന്നുവരാൻ വൈകി. അതുകൊണ്ടു തന്നെയാണ് സജിൻ പി.ജെ. തന്റെ നാടിന്റെ ചിത്രത്തിൽ "എന്റെ വീടിനു ചുറ്റും പാടമില്ല/ പാടത്തിനപ്പുറം റെയിലില്ല/ അതിനപ്പുറം മലകളില്ല/അതിനു മുകളിൽ പറക്കുന്ന രണ്ടു കാക്കകളില്ല" എന്നു സങ്കടപ്പെടുകയും അതേ സമയം "എഴുത്തു പലകയിലെ പടത്തിൽ ഒരു കാക്കയെ ഞാനൊട്ടിച്ചു വയ്ക്കുമെന്നു" പരിഹാരം പറയുകയും ചെയ്യുന്നത്. ("സ്കെച്ചുകൾ" സജിൻ, 56) പ്രണയത്തെക്കുറിച്ചുള്ള സ്മരണകൾക്കു കുട്ടികുറക്കുപോലും മായ്ക്കാൻ കഴിയാത്തവിധം ഒട്ടുപാലിന്റെ മണമാണത്രേ. കാൽപനികതയുടെ ലേപനം പുരട്ടാതെയാണ് സജിൻ "ടാപ്പിംഗ് കത്തികൊണ്ടെന്നവണ്ണമുള്ള പ്രണയമുറിവുകളെക്കുറിച്ചു" പറയുന്നത്. "ഷോട്ടറോ കടുംവെട്ടോ,/ മുറിവുകൾ/കരിയുന്നില്ല" എന്നു പറയുമ്പോൾ കവിതയിൽ മരത്തിനേറ്റ മുറിവും മനസിനേറ്റ മുറിവും ഒന്നായി മാറുന്നു. ( മരങ്ങളായ ചിലത്, മറിയാമേ... 42)

സജിൻ പി.ജെ.യുടെ പ്രഥമ കവിത സമാഹാരമായ "മറിയാമ്മേനിൻ കദനം" എന്ന പുസ്തകത്തിലെ കവിതകളാണ് മേൽപറഞ്ഞവയെല്ലാം. ഈ കാവ്യസമാഹരത്തിന്റെ ശക്തിയും സൗന്ദര്യവുമെന്നു പറയുന്നത് മനുഷ്യപ്രകൃതിയും ഭൂപ്രകൃതിയും ഒരു പോല വരച്ചിടുന്നു എന്നുള്ളതാണ്. ഇതിലെ ടൈറ്റിൽ കവിതയായ "മറിയാമ്മേ നിൻ കദനം അടക്കം" കോട്ടയത്തെ മലയോരമേഖലയെയും അവിടങ്ങളിലെ ദളിത് ക്രൈസ്തവ ജീവിതത്തെയും അടയാളപ്പെടുത്തുന്നു. പ്രത്യേകിച്ചും ഈ പ്രദേശങ്ങളിലെ ദളിത് ക്രൈസ്തവ സ്ത്രീജീവിതങ്ങൾ മറ്റുള്ളവർക്ക് സങ്കൽപ്പിക്കാൻ കഴിയാത്ത വിധത്തിൽ ദുർബലവും ദയനീയവുമാണ്.

ബൈബിളിൽ എത്ര മേരിമാർ ഉണ്ട്

എന്നു ചോദിച്ചാൽ കന്യാ മറിയം, മർക്കോസ് എന്ന യോഹന്നാന്റെ അമ്മ, മഗ്ദലനക്കാരി മറിയം, ലാസറിന്റെ സഹോദരിയായ മറിയം ,കയ്യപ്പാസിന്റെ സഹോദരിയായ മറിയം, പൗലോസിന്റെ ലേഖലനത്തിലെ മറിയം എന്നിങ്ങനെ ഒരു വംശാവലി പോലെ മേരിമാരുണ്ട്. ഇവർക്കൊക്കെയുള്ള വിശുദ്ധിയും പരിശുദ്ധിയും പതിച്ച് കിട്ടാതെ മറിയം എന്ന പേരിന്റെ ഭാരവുമായി ജീവിക്കുന്ന എത്രയോ സ്ത്രീകൾ ഈ മലമ്പ്രദേശങ്ങളിലുണ്ട്.  വിശുദ്ധി പോയിട്ട് കാലങ്ങളായി പണിയെടുക്കുകയും ജീവിക്കുകയും ചെയ്യുന്ന തുണ്ടു ഭൂമിക്കും കുരിശും പട്ടയം പോലും പതിച്ചുകിട്ടാതെ കഴിഞ്ഞുകൂടുന്ന ഈ മേരിമാർക്ക് അവരുടെ കദനങ്ങൾക്ക് കവിതയിലൂടെ മഹിതജീവിതമൊരുക്കുകയാണ് ഈ സമാഹാരത്തിൽ.

ഒടുക്കമില്ലാത്ത നൊമ്പരസൂചകമായി ഈ കവിതയിലെ ഓരോ ഖണ്ഡവും അപൂർണമായാണ് എഴുതിയിരുക്കുന്നത്. ഉള്ളിലെ കദനഭാരം കഥനമായി മാറ്റാൻ പിടിപ്പില്ലാത്ത നിശബ്ദജീവിയാണ് മറിയാമ്മ. “മിണ്ടാനാവാത്തവളെ/നിന്റെ നേര്യതിനു പിന്നിൽ/ഒരു മഴക്കാലത്തോളം /കദനമെന്ന്...”എന്നു തുടങ്ങുന്ന കവിത ഒരു കുറ്റാന്വേഷണാഖ്യായിക പോലെ ഉദ്വേഗമുണർത്തിയാണ് പ്രയാണം തുടരുന്നത്. കവിയാകട്ടെ ഒരു കുറ്റാന്വേഷകന്റെ വൈഭവത്തോടെ കുറ്റവാളി സഞ്ചരിച്ചിട്ടുള്ള “കാപ്പിപൂത്തമണം” പരന്ന നാട്ടുവഴികളും “ഇല്ലികൾകൊണ്ടുമറച്ചുവച്ച ഇടവഴികളും” മറിയാമ്മയുടെ മരണത്തിന്റെ പിന്നിലെ രഹസ്യങ്ങളുടെ ചുരുളഴിക്കാനുതകുന്ന തെളിവിനായി താണ്ടുകയും ചെയ്യുന്നു. “ലില്ലികൾ ചൂടിനിൽക്കുന്ന കപ്പേളയിൽ” മറിയാമ്മയുടെ “ഏങ്ങലടികളുടെ ചൂടേറ്റ് ആളിക്കരയുന്ന മെഴുകുതിരികളും” അവളുടെ കഥയിലെ തെളിവുകളാകുന്നു. അവൾ തന്റെ സങ്കടങ്ങൾ ഏറ്റു പറയുന്നത് ചാരിത്ര്യ സംരക്ഷണത്തിനു വേണ്ടി ജീവൻ ബലികൊടുത്തു അമരയായ വി. മറിയാ ഗൊരോത്തിയോടാണ്. “അടുക്കളയിൽ നട്ടിട്ടും/അകംപുറം പടർന്നിട്ടും/അവിടെ നിന്നിറക്കി




**ഉള്ളിലെ കദനഭാരം കഥനമായി മാറ്റാൻ പിടിപ്പില്ലാത്ത നിശബ്ദജീവിയാണ് മറിയാമ്മ. "മിണ്ടാനാവാത്തവളെ/നിന്റെ നേര്യതിനു പിന്നിൽ/ഒരു മഴക്കാലത്തോളം /കദനമെന്ന്"എന്നു തുടങ്ങുന്ന കവിത ഒരു കുറ്റാന്വേഷണാഖ്യായിക പോലെ ഉദ്വേഗമുണർത്തിയാണ് പ്രയാണം തുടരുന്നത്. കവിയാകട്ടെ ഒരു കുറ്റാന്വേഷകന്റെ വൈഭവത്തോടെ കുറ്റവാളി സഞ്ചരിച്ചിട്ടുള്ള "കാപ്പിപൂത്തമണം" പരന്ന നാട്ടുവഴികളും "ഇല്ലികൾകൊണ്ടുമറച്ചുവച്ച ഇടവഴികളും" മറിയാമ്മയുടെ മരണത്തിന്റെ പിന്നിലെ രഹസ്യങ്ങളുടെ ചുരുളഴിക്കാനുതകുന്ന തെളിവിനായി താണ്ടുകയും ചെയ്യുന്നു.**

വിട്ട രാത്രി/മരിയാ ഗൊരോത്തിയോട് നീ പറഞ്ഞതെല്ലാം . . .”( സജിൻ 50) എന്നെഴുതുമ്പോൾ ക്രൈസ്തവ വിശുദ്ധ ജീവിതങ്ങൾ (hagiography) കവിതയിലെത്രമേൽ സൂക്ഷ്മമായി സൂചിതപ്പെടുന്നുവെന്നു കാണാം.

പ്രശസ്ത ഇംഗ്ലീഷ് കവി വില്യം വേഡ്സ്വർത്തിന്റെ “ദ വേർജിൻ” എന്ന കവിത നേരിട്ട് മറിയത്തെ അഭിസംബോധന ചെയ്യുന്നു. വേഡ്സ്വർത്ത് മറിയത്തെക്കുറിച്ചുള്ള വിശ്വാസങ്ങളെ അനുസ്മരിപ്പിക്കുന്ന ആശയങ്ങളും ബിംബങ്ങളും ഉപയോഗിക്കുന്നു: Mother! whose virgin bosom was uncrost/With the least shade of thought to sin allied. (Wordsworth) കവിതയിലെ ഏറ്റവും പ്രസിദ്ധമായ വരിയിൽ, വേഡ്സ്വർത്ത് കന്യാമറിയത്തെ"നമ്മുടെ കളങ്കപ്പെട്ട പ്രകൃതിയുടെ ഏകാന്ത അഭിമാനം" എന്ന് വിളിക്കുന്നു - ആദിപാപത്തിൽ നിന്ന് മുക്തയായ ഏക വ്യക്തി. മറിയത്തിന്റെ പരിശുദ്ധത ഉയർത്തിക്കാട്ടാൻ അദ്ദേഹം ഉപയോഗിക്കുന്ന ബിംബങ്ങൾ - സമുദ്രം, പ്രഭാതം, ചന്ദ്രൻ എന്നിവയുമായുള്ള താരതമ്യങ്ങൾ - എല്ലാം മറിയത്തെക്കുറിച്ചുള്ള കത്തോലിക്കാ പ്രാർത്ഥനകൾ പ്രതിധ്വനിക്കുന്നു, Woman! above all women glorified,/Our tainted nature's solitary boast;/Purer than foam on central ocean tost;/ Brighter than eastern skies at daybreak strewn ((Wordsworth, മറിയത്തെക്കുറിച്ചുള്ള ഇതേ ദർശനം ടി.എസ്. എലിയറ്റിന്റെ “ആഷ് വെനിസ്ഡേ” എന്ന കവിതയിലും കാണാം. “And because of her loveliness, and because/She honours the virgin in meditation/ We shine with brightness.” (Eliot 55)

ഏന്നാൽ  സജിന്റെ കവിതയിൽ കവിതയിലെ മറിയത്തിന് ഗർഭം മംഗളവാർത്തയുമല്ല, നിർമല ഗർഭവുമല്ല. വിശുദ്ധിയിലേയ്ക്കുള്ള അമലോത്ഭവുമല്ല. മറിച്ച് അപമാനത്തിന്റേയും പുറന്തള്ളലിന്റെയും മരണവേദനയാണ്. വയറ്റിൽ മുളപൊട്ടിയ ചെറിയോരു ഏപ്രിൽ ലില്ലിയുമായി/കുരിശടിയുടെ മോന്തായത്തിൽ പായലിനൊപ്പം അഴുകിയടർന്ന

മറിയാമ്മ എന്ന പെൺകുട്ടിക്ക് ഓവിഡിന്റെ മെറ്റമോർഫോസിസിലും നൂറ്റാണ്ടുകൾക്കിപ്പുറം റ്റി. എസ്. എലിയറ്റിന്റെ ദി വെയ്സ്റ്റ് ലാൻഡിലും പരാമർശിക്കപ്പെടുന്ന, താൻ അനുഭവിച്ച കൊടിയവേദനയെക്കുറിച്ച് മുറിനാവുകൊണ്ടു പാടിപ്പറയാൻ ശ്രമിക്കുന്ന രാപ്പാടിയായി രൂപാന്തരം വന്ന ഫിലമലിന്റെ മുറിനാദം തന്നെയാണ്. അവളുടെ "കുറുനാവില്ലാത്ത തൊണ്ണക്കുഴിയിൽ കുരുങ്ങിമരിച്ച മീനുകൾ" ഫിലമലിന്റെ രാപ്പാടിയുടെ നാക്കു മുറിച്ച "ജഗ് ജഗ് ജഗ്" എന്ന ഏങ്ങലടിയുടെ മാറ്റൊലിയാണ്.

മറിയവും അന്നയും ഏലിയും ലില്ലിക്കുട്ടിയും കൊച്ചുത്രേസ്യയും ബ്രിജിറ്റും പോലെ ഒട്ടനേകം ദളിത് ക്രൈസ്തവ സത്രീ കഥാപാത്രങ്ങളാണ്. നിഗൂഢമായ, ലോകം വിറങ്ങലിക്കുന്ന സത്യങ്ങൾ ഏറ്റുപറയാൻ കെ.ജി. ജോർജിന്റെ ആദാമിന്റെ വാരിയെല്ല് എന്ന സിനിമയിലെ അവസാന രംഗത്ത് തടവറയിൽ നിന്നും രക്ഷപ്പെട്ട് ക്യാമറയിലേക്ക് ഓടിവരുന്ന സ്ത്രീ കഥാപാത്രങ്ങൾ പോലെയാണ് സജിന്റെ കവിതയിലേക്ക് കയറിവരുന്നത്. "തലയ്ക്കു പുറകിൽ കാമുകന്റെ കല്ലുകൊണ്ടുള്ള മുത്തമേറ്റ്... കായൽപരപ്പിൽ ജഡമായി പൊന്തിയ ഭർത്താവുപേക്ഷിച്ച" സ്ത്രീയുടെ ആത്മഭാഷണമാണ് 'പ്രേതഭാഷണം' എന്ന കവിത. "കുമ്പസാരക്കൂട്" എന്ന കവിതയിൽ കൈപാപം ചെയ്തതിന് ശിക്ഷ ഏറ്റുവാങ്ങിയ അന്നക്കുട്ടിയുടെ കഥ പറഞ്ഞ് ക്രിസ്ത്യൻ യാഥാസ്തികതയുടെനേർക്ക് ഒരു ആക്ഷേപമുനയെറിയുകയാണ്.

"വേട്ട "എന്ന കവിതയിലെ ബ്രിജിറ്റും, ലില്ലിക്കുട്ടിയും കൊച്ചുത്രേസ്യയും ഉൾകാമ്പില്ലാത്ത പുരുഷധാർഷ്ട്യത്തിന്റെ ഇരകളാണ്. പതിനൊന്നു മക്കളെ പെറ്റിട്ട് പതിനൊന്നു പേരുടെയും മരണത്തിന് കാവൽ നിൽക്കേണ്ടിവരുന്ന "ആനാൻവെള്ളം" എന്ന കവിതയിൽ അമ്മയായ ഏലിച്ചേടത്തിക്ക് കനവിൽ യൗസേപ്പും ഈശോയും കൂടെയില്ലാതെ മറിയം പ്രത്യക്ഷപ്പെടുമ്പോൾ ഒറ്റപ്പെടുന്ന പെൺജീവിതങ്ങളിലെ സങ്കടത്തിന് ദൈവചരവി കൈവരുന്നു. "കാറ്റ് പ്രസവിച്ച വിറകുകൾ പെറുക്കികെട്ടി വീട്ടിലയ്ക്ക് മടങ്ങുന്ന ഏലിയും ("ഏലി ചത്തെന്നോ മരിച്ചെന്നോ . . ." 44) ഒരു കെട്ട് വിറകിനൊപ്പം പാലത്തിൽ നിന്നും വീണിമരിച്ച കൽക്കുരിശിനോളം പ്രായമുള്ള കുഞ്ഞേപ്പിന്റെ ഭാര്യ മാർത്തയും ആയാളുടെ പുതിയ കൂട്ടുകാരി കൈകൊട്ടയിൽ മണ്ണ് ചുമക്കുന്ന കൊച്ചു ത്രേസ്യയും ("ഓയെന്റീശോയെ") കുട്ടികളെ കിണറ്റിലേക്ക് എറിയുന്ന അമ്മയുടെയുമൊക്കെ ("മീനുകൾ") ദൈന്യത മൈക്കിലാഞ്ചലോ കൊത്തിയ യേശുവിന്റെ അമ്മയുടെ ഏഴു കദനങ്ങളേക്കാൾ ആഴമുള്ള കടലുകളാകുന്നു. സ്വർഗീയമായവയുടെ പ്രതിരൂപം ക്രസ്തു സ്ത്രീയിൽ കണ്ടു. "പതിവ്രതകളെയും പാപിനികളെയും തന്റെ രാജ്യത്തിന്റെ അംഗങ്ങളാക്കിയ ക്രിസ്തുവിന്റെ സ്ത്രീകൾ കാരുണ്യത്തിനുള്ള പ്രേരണയാണ്" (അപ്പൻ 68). ഈ ദർശനം സജിന്റെ കവിതകളിലെ സ്ത്രീകളിൽ കാണാം. ദുരിതമനുഭവിക്കുന്ന സ്ത്രീയെ സ്വതന്ത്രയാക്കുന്ന അതിയാഥാർത്ഥ്യ (surreal) സ്വപ്നങ്ങളാണ് ഈ കവിതകൾ. മേരീവിജ്ഞാനത്തിൽ (Mariology) ദൈവജനനവും കുരിശുമരണവുമടക്കം ഇന്ദ്രിയാനുഭവങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ ധീരയായ അമ്മയാണ്. അതുകൊണ്ടുതന്നെ ചരിത്രത്തിലും സാഹിത്യത്തിലും ആത്മീയാനുഭവങ്ങളുണർത്തുന്ന സാനിദ്ധ്യമാണ് വി. മറിയം. പരിശു



ദ്ധ മാതാവ് (കന്യക) അർഹിക്കുന്ന സ്തുതിയും മഹത്വവും അതേ പീഡാനുഭവങ്ങളിലൂടെ കടന്നു പോകുന്ന സജിന്റെ കവിതകളിലെ സ്ത്രീകളും അർഹിക്കുന്നു. ചരിത്രത്തിലോ ദൈവസാസ്ത്രത്തിലോ ഇടമില്ലെങ്കിലും മറിയം അനുഭവിച്ച അതേ കദനങ്ങൾ ഈ കവിതകളിലെ കഥാപാത്രങ്ങളും അനുഭവിക്കുന്നതിനാൽ അവർക്ക് മേരിവിജ്ഞാനീയത്തിൽ ഇടമുണ്ടാകണം.

ബൈബിളും ക്രിസ്തു ദർശനങ്ങളും എന്നും സാഹിത്യത്തിനു ഊർജമാണ്. എളിയവർക്കും അനാഥർക്കും പീഡിതർക്കും നീതി നടത്തിക്കൊടുക്കുന്ന തത്വശാസ്ത്രമാണ് ബൈബിളിലുള്ളത്. സജിന്റെ കവിതകളിലെ ബൈബിളിന്റെയും ക്രൈസ്തവ ബിംബങ്ങളുടെയും നിരന്തര സാനിധ്യമുണ്ട്. ക്രൈസ്തവ നാമധാരികളെങ്കിലും കേരളത്തിലെ ഉന്നതകുല ക്രൈസ്തവർക്കുള്ള സ്വീകാര്യതയോ അവകാശങ്ങളുമില്ലാതെ, ക്രൈസ്തവജന്മിമാരുടെ ആക്ഷേപങ്ങൾക്കും പീഢനങ്ങൾക്കും ഇരയാകേണ്ടി വരുന്ന ദളിത് ക്രൈസ്തവരുടെ ശബ്ദമാകാനായി സങ്കീർത്തനങ്ങളുടെയും ഉത്തമഗീതത്തിന്റെയും ആഖ്യാനശൈലിയും ജ്ഞാനരൂപങ്ങളുമുപയോഗിച്ച് ഒരു തിരിച്ചെഴുത്ത് (Writing Back) നടത്തുകയാണ് സജിൻ. “നക്ഷത്ര വള്ളികൾ”, “ആനാൻവെള്ളം”, “കമ്പസാരക്കൂട്” “ഓയെന്റീശോയെ”, “കുന്നേപ്പള്ളിയും കുത്തിതിരുപ്പുകാരും” തുടങ്ങിയ മിക്ക കവിതകളിലും ക്രൈസ്തവ ചിഹ്നങ്ങളായ നക്ഷത്രവും, ലുത്തിനിയയും, ലില്ലിപൂക്കളും കുരിശും തന്റെ കവിതകളിലെ നിഷ്കളങ്ക മനുഷ്യരുടെ ഹൃദയ വിശുദ്ധിയും, ആത്മീയാനുഭവങ്ങളെയും പ്രത്യാശയും പീഢയും സൂചിപ്പിക്കാനായി ഉപയോഗിക്കുന്നു.

പറുദീസയും സിയോൺ മലനിരകളും കഴിഞ്ഞ് ഗദ്സമേൻ തോട്ടവും ഗാഗുൽത്തയും വരെ എത്തിനിൽക്കുന്ന ബൈബിളിലെ സ്ഥലപുരാണങ്ങളുടെ ആഖ്യാനഭംഗി ഈ കവിതകളിലുണ്ട്. അവതാരികയിൽ യേശുദാസൻ മാഷ് പറയുന്ന പോലെ ഒരു കാൽപനികനെയോ വിനോദ സഞ്ചാരിയെപോലെയോ ലാവണ്യവസ്തു പോലെയല്ല സജിന്റെ കവിതയിൽ പ്രകൃതി കടന്നുവരുന്നത്. മറിച്ച് സഹജീവികളായ മനുഷ്യരിൽ നിന്നും യാതനകളേറ്റുവാങ്ങി ശരീരവും മനസും മുറിവേറ്റ ദൈന്യജീവിതങ്ങൾ ഇറ്റു കനിവിനും ആശ്വാസത്തിനും പ്രകൃതിയിലഭയം തേടനാനുള്ള അവരുടെ യാത്രയുടെ ഛായാചിത്രങ്ങളായാണ് പ്രകൃതി ഈ കവിതകളിൽ ദൃശ്യമാകുന്നത്. “കുന്നിറങ്ങി വരുന്ന സാമ്പ്രാണിയെന്നും പന്നലുകളുടെ മുത്തുക്കുടയെന്നും ആനക്കുവയുടെ അമ്മൻകുടമെന്നു മൊക്കെ സങ്കൽപ്പിക്കുമ്പോൾ” (“വേട്ട” 25-26) പഞ്ചേന്ദ്രിയങ്ങളെയും ഉയർപ്പിക്കുന്ന അനുഭവമായി പ്രകൃതി മാറുകയാണീ കവിതകളിൽ.

അതുകൊണ്ടു തന്നെ സജിന്റെ കാവ്യഭാഷ അത്ഭുതകരമാംവിധം മൂർത്തവും ദൃഢവുമാണ്. ആർദ്രത തുളുമ്പുന്ന രീതിയിൽ ഭാവാത്മകമായി ആശയങ്ങളെ ചിത്രങ്ങളാക്കി മാറ്റുന്ന രചനാചാതുര്യം കവിതയിൽ പ്രകടമാകുന്നുണ്ട്. അതോടൊപ്പം തന്നെ ആശയറ്റവരുടെയും അരികുവത്കരിക്കപ്പെട്ടവരെയും അവരുടെ പ്രണയവും ആസക്തികളും സമരവും അതിജീവനവും വാങ്മയ ചിത്രരൂപത്തിലുള്ള വിവരണങ്ങളായി വാസ്തവികതയായിത്തന്നെ വായനക്കാർക്ക് അനുഭവപ്പെടുന്നു മേൽ പറഞ്ഞ വിഭാഗങ്ങളെ ഒരേസമയം പ്രതിരോധത്തിനും പ്രതിനിധാനത്തിനും സജ്ജരാക്കുന്ന രാഷ്ട്രീയം കവിതയിൽ വ്യക്തമായി തെളിയുന്നു . ഇതിനായി കവിതയുടെ സാമ്പ്രദായിക ഘടനയെയും ഭാഷയെയും കാവ്യാത്മകത ചോരാത്ത വിധത്തിൽ അസാധാരണമാംവിധം മെയ്വഴക്കത്തോടെ സജിൻ അപനിർമിക്കുന്നു. വിഭജനത്തിന്റെയും വിദ്വേഷത്തിന്റെയും സൂക്ഷ്മജീവികൾ പെരുകുന്ന നാട്ടിൽ അതിനെ പ്രതിരോധമൊരുനന്നതിന്റെ രംഗങ്ങളാണ് നാടകഘടനയിൽ എഴുതിയിട്ടുള്ള “സാമൂഹിക നാടകം” എന്ന കവിത. സ്വത്വബോധത്തിന്റെയും ചരിത്രബോധത്തിന്റെയും ആവശ്യകതയാണ് “കുന്നേപ്പള്ളിയും കുത്തിതിരുപ്പുകാരുമെന്ന” കവിതയിലെ രാഷ്ട്രീയം. പ്രതികാരം ഒരു തരത്തിൽ നീതി നടപ്പാക്കൽ തന്നെയാണ് എന്നു പറയുന്ന കവിതയാണ് ചലച്ചിത്ര തിരക്കഥ പോലെ എഴുതിയിട്ടുള്ള “തണ്ടാൻ കടവിലെ ചൗരസ്യ”.

അങ്ങനെ കവിത സിനിമയായും നാടകമായും, നാടോടിക്കഥകളായും ഉപമകളായും വാർത്തകളായും അപസർപ്പകകഥയായും അവതരിപ്പിക്കപ്പെടുന്നു. കവിതയുടെ താളാത്മകത അതീവ ഹൃദ്യമാണ്. “പ്രേതഭാഷണം” പോലെയുള്ള കവിതകൾ റാപ് സംഗീതത്തിന്റെ താളത്തിൽ വായിക്കാം. ചില കവിതകൾ ഭാവതീവ്രമായ പ്രണയ ഗാനങ്ങളായും ചിലത് വിഷാദദീപ്തമായ ഗസലുകളായും വായിക്കാം. സജിന്റെ കവിതകൾക്ക് സൊറ പറച്ചിലിന്റെ ലാളിത്യമുണ്ട്, യാത്രാ വിവരണങ്ങളുടെ ദൃശ്യഭംഗിയുണ്ട്. ഒപ്പം ഒരു ദേശത്തെയും അവടിങ്ങളിലെ അസാധാരണമാംവിധം ജീവിച്ച സാധാരണക്കാരുടെ ശിൽപചാരുതയുള്ള കഥകൾ കൂടിയാണ്. സുവിശേഷത്തിൽ രേഖപ്പെടുത്താത്ത നിത്യകന്യകാസ്ഥാനമില്ലാത്ത, അമലോത്ഭവവും സ്വർഗാരോഹണവുമില്ലാത്ത നിന്ദിതരും നിഷ്കാസിതരും പിച്ചിച്ചീന്തപ്പെട്ടവരും കുഴിച്ചുമൂടപ്പെട്ടവരുമായ ഈ കഥകളിലെ മേരിമാരോട് പ്രാർഥിക്കാൻ നാം ബാധ്യസ്ഥരാണ്; “പാപികളായ ഞങ്ങളോട് എപ്പോഴും മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ..”

റഫറൻസ്

അപ്പൻ, കെ.പി. മധുരം നിന്റെ ജീവിതം. ഡി.സി. ബുക്സ്. 2006.

പി.ജെ., സജിൻ. മറിയാമ്മേ നിന്റെ കദനം. ഡി.സി. ബുക്സ്. 2024.

Eliot, T.S. T.S. Eliot: The Longer Poems. Edited by Derek Traversi. 1976

Tavard, George. H. The Thousand Faces of Virgin Mary. Liturgy Press. 1922.

Wordsworth, William. “The Virgin”.

https://www.poetryfoundation.org/poems/45563/the-virgin

■

ഹരിനാരായണൻ എസ്.
എൻ. എസ്. എസ്. കോളേജ്, ഒറ്റപ്പാലം


# മലയാളം മണക്കുന്ന ഒരിംഗ്ലീഷ് നോവൽ

പരാജിതരായ മനുഷ്യരുടെ കഥകൾ വായനക്കാർക്ക് നൽകുക ജീവിതത്തിന്റെ അനിശ്ചിതത്വത്തെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവുകളും, അതിൽ നിന്നുണ്ടാവുന്ന നോവും നൊമ്പരങ്ങളുമാണ്. വിജയിച്ചു നിൽക്കുന്ന നായകരെക്കാൾ പരാജയപ്പെട്ടു നിൽക്കുന്ന മനുഷ്യരുടെ നിസ്സഹായത വായനക്കാരിൽ അളമുറിയാത്ത സഹാനുഭൂതിയും സ്നേഹവും സൃഷ്ടിക്കുന്നു. ഈ സഹവർത്തിത്വം തങ്ങൾ പരിചയപ്പെട്ട കഥാഭൂമികയിലേക്ക് വായനക്കാരെ പറിച്ചു നടുകയയാണ്. ഈ ആഖ്യാന ഭൂമികയിലെ മനുഷ്യരുടെ അതിജീവനത്തിനായുള്ള പോരാട്ടങ്ങൾ, പ്രതിസന്ധികളോടുള്ള പടവെട്ടലുകൾ, പരിഗണനയ്ക്കായുള്ള നിസ്വാർഥ ശ്രമങ്ങൾ-ഇവയെല്ലാം വായനക്കാരുടെത് കൂടിയായി മാറുന്നു. ഫലത്തിൽ പരാജയപ്പെടുന്നവർ ഒറ്റയ്ക്കല്ല. അവർക്ക് വായനക്കാർ തങ്ങളുടെ നീസ്സീമമായ സ്നേഹവും കരുതലും ഉറപ്പു വരുത്തുകയാണ് ചെയ്യുന്നത്. ഈ വർഷമിറങ്ങിയ, പെൻഗ്വിൻ ബുക്സ് പ്രസിദ്ധീകരണത്തിൽ കിഷോർ റാം രചിച്ച The Dead Know Nothing (മരിച്ചവർക്ക് ഒന്നുമറിയില്ല) എന്ന പുസ്തകം ഇത്തരം ചിന്തകളിലേക്കാണ് നമ്മെയെത്തിക്കുക. കൊല്ലത്തെ കടലോരത്തെ മനുഷ്യരുടെ ജീവിതസമരത്തിന്റെ പശ്ചാത്തലത്തിൽ കുറ്റാന്വേഷണവും, നിഗൂഢതകളും നിറഞ്ഞു നിൽക്കുന്ന ഒരു കഥാപരിസരം സൃഷ്ടിക്കുകയാണ് നോവലിസ്റ്റ്. സാമ്പ്രദായിക കുറ്റാന്വേഷണ, കൊലപാതലക ആഖ്യാനരീതികളെ തെല്ലും അവലംബിക്കാതെ, ഒരു കൊലപാതകം കഥയെ മൊത്തത്തിൽ വലയം ചെയ്തിരിക്കുന്ന രീതിയിലാണ് കിഷോർ റാം കഥ പറയുന്നത്. അതിലൂടെ ഒരുകൂട്ടം സാധാരണ മനുഷ്യരുടെ അസാധാരണമായ ജീവിതങ്ങളെ സമർഥമായി അടയാളപ്പെടുത്തുകയും ചെയ്യുന്നു.

കടലോരത്തെ കീഴാള ജീവിതങ്ങളെയും, അവിടുത്തെ മനുഷ്യരുടെ അറിവനുഭവങ്ങളെയും കൗതുകത്തോടെ വ്യത്യസ്തമായി അവതരിപ്പിക്കുന്ന ആധിപത്യ മനോഭാവത്തിലൂന്നിയ നോട്ടങ്ങൾ സാഹിത്യത്തിൽ പതിവുള്ളതാണ്. പോസ്റ്റ് കൊളോണിയൽ അപനിർമ്മിതികളുടെ കാലത്ത് കിഴക്കിനെ പുച്ഛത്തോടെ നോക്കുന്ന പടിഞ്ഞാറിന്റെ ആധിപത്യ മനോഭാവങ്ങളെ എഡ്വേർഡ് സെയ്ദ് വിമർശിക്കുന്നുണ്ട്. പടിഞ്ഞാറൻ ഉപരിവർഗ്ഗത്തിന് തികച്ചും അപരിചിതമായ ഏഷ്യൻ, ആഫ്രിക്കൻ യാഥാർഥ്യങ്ങൾ അവിടുത്തെ സാഹിത്യത്തിൽ അവതരിപ്പിക്കപ്പെട്ട രീതിയാണ്( ലോകപ്രശസ്ത എഴുത്തുകാരുൾപ്പടെ) പോസ്റ്റ് കൊളോണിയൽ ചിന്തകർ പ്രശ്നവൽക്കരിച്ചത്. കേരളത്തിലെ ദളിത്, ആദിവാസി, കടലോര ജനതയെ അപരവൽക്കരിക്കുന്ന രീതിശാസ്ത്രം മലയാളത്തിലെ സാഹിത്യ-സിനിമാ ലോകത്ത് പ്രബലമായിരുന്നു. കാലക്രമേണ politically correct ആവേണ്ട സാഹചര്യത്തിലേക്ക് ഈ മേഖലകളിലെ സംവാദങ്ങൾ വികസിക്കുകയും പ്രകടമായ മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തതായി നിരീക്ഷിക്കാവുന്നതാണ്. ഈ നോവലിലെ ഒരു പ്രത്യേകതയായി അനുഭവപ്പെടുന്നത്, ഒരുകൂട്ടം അരി

കുജീവിതങ്ങളെ തെല്ലും ആധിപത്യനോട്ടത്തിന്റെ അകമ്പടിയില്ലാതെ അവതരിപ്പിച്ച രചനാ ശൈലിയാണ്. ഒരു പറ്റം മനുഷ്യരെ, ആവരുടെ ജീവിതത്തിലെ അസാധാരണ സംഭവവികാസങ്ങളെ എഴുത്തുകാരൻ സത്യസന്ധമായി സമീപിക്കുകയാണ്. മുൻവിധികളില്ലാതെ, അവരുടെ ജീവിതത്തിലേക്ക് വായനക്കാരെ ആനയിക്കുന്ന ലളിതമായ എഴുത്താണ് ഈ നോവലിനെ ഹൃദ്യമാക്കുന്നത്. ആകാക്ഷ നിറഞ്ഞ മുഹൂർത്തങ്ങളും, അസ്തിത്വസംബന്ധിയായ സന്ദേഹങ്ങളും ഒരേപോലെ ഇവിടെ സംഗതമാവുന്നുണ്ട്.

കൊല്ലം അഷ്ടമുടിയിലെ ഫാത്തിമ ദ്വീപിലെ മനുഷ്യരുടെ കഥയാണ് ഈ നോവലിൽ കിഷോർ റാം വരച്ചിടുന്നത്. സെമിനാരിയിൽ നിന്ന് പുറത്താക്കപ്പെട്ട, പഠനത്തിൽ ശരാശരി മാത്രമായ തങ്കച്ചനെ കേന്ദ്ര കഥാപാത്രമാക്കിയാണ് ആഖ്യാനം വികസിക്കുന്നത്. തന്റെ സഹോദരനായ മാത്തപ്പന്റെ ജീവിതവും, അതിലെ നിഗൂഢതകളും, അവ തങ്കച്ചന്റെ ജീവിതത്തിലുണ്ടാക്കുന്ന സംഘർഷങ്ങളും, ചില സത്യങ്ങൾ തേടിയുള്ള അയാളുടെ അലച്ചിലുമാണ് കഥാതന്തു. സ്വയം ഒരു പരാജയമായി കരുതുന്ന, തന്റെ ആഗ്രഹങ്ങൾ നേടിയെടുക്കാനുള്ള ശേഷിയില്ലാത്ത ഒരാളാണ് തങ്കച്ചൻ. മതപഠനത്തിലും, കോളേജ് വിദ്യാഭ്യാസത്തിലും ഒരേപോലെ പരാജിതനാണ് അയാൾ. സ്വന്തം ആഗ്രഹങ്ങൾ കുഴിച്ചു മൂടി സഹോദരന്റെ കൂടെ കടലിൽ പോവാനും അതിലൂടെ കുടുംബത്തിന് ഒരു സഹായമാവാനും തങ്കച്ചൻ തീരുമാക്കുന്ന സന്ദർഭത്തിലാണ് അപ്രതീക്ഷിതമായ ചില സംഭവങ്ങൾ അയാളുടെ ജീവിതത്തെ കീഴ്മേൽ മറിക്കുന്നത്. വർഷങ്ങൾക്കു മുൻപ് നടന്ന ചില കൊലപാതകങ്ങളും, അതിലേക്കുള്ള ചില സമകാലീന സൂചനകളും സമാധാനപരമായി പോവുന്ന ആ ദ്വീപിലെ മനുഷ്യരുടെ ജീവിതങ്ങളെ, പ്രത്യേകിച്ചും തങ്കച്ചന്റെ ജീവിതത്തെ ബാധിക്കുന്നതും, ആ അപ്രതീക്ഷിതമായ സംഭവവികാസങ്ങളോട് പൊരുത്തപ്പെടാൻ അയാൾ നടത്തുന്ന ശ്രമങ്ങളുമാണ്




**സൗഹൃദവും, ചതിയും, സ്നേഹബന്ധങ്ങളും, നഷ്ടങ്ങളും, രതിയുമെല്ലാം The Dead Know Nothing ന്റെ കഥാഭൂമികയിലെ വിവിധ അടരുകളായി തെളിഞ്ഞു വരുന്നുണ്ട്. കടലോരത്തിന്റെ ജീവിതസ്ഥലികളെ കണ്ടെത്താനനുള്ള ജൈവികമായ രചനാശ്രമമാണത്. വിജയശ്രീലാളിതനായി തലയുയർത്തി നിൽക്കുന്ന നായകരൂപനങ്ങളെ കണ്ടു പരിചയിച്ചവരെ തെല്ല് അസ്വസ്ഥമാക്കിയേക്കാവുന്ന പരാജയങ്ങളിൽ നിന്ന് കൂടുതൽ പരാജയങ്ങളിലേക്ക് വിധിയുടെ ക്രൂരമായ കളിനിയമങ്ങളാൽ വീണു പോവുന്ന തങ്കച്ചന്റെ ജീവിതമാണ് ഈ പുസ്തകത്തിൽ തെളിഞ്ഞു വരുന്നത്.**

പിന്നീട് കഥയെ വികസിപ്പിക്കുന്നത്. മണ്ണും, മനുഷ്യനും, അസ്തിത്വ സന്ദേഹങ്ങളുമെല്ലാം കഥയുടെ ആന്തരിക ശരീരത്തിനോടൊപ്പം സുപ്രധാനമായ ആശയലോകങ്ങളായി വായനക്കാർക്കു മുന്നിൽ വെളിപ്പെടുകയാണ്.

കിഷോർ റാമിന്റെ രചനാശൈലിയുടെ സവിശേഷത സ്വാഭാവികമായി സൃഷ്ടിക്കപ്പെടുന്ന നർമ്മ സംഭാഷണങ്ങളും സന്ദർഭങ്ങളുമാണ്. ഇരുണ്ട ഹാസ്യവും നോവലിൽ പലയിടത്തായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഗൗരവതരമായ സംഭവങ്ങൾ വിശദീകരിക്കുന്ന ഭാഗങ്ങളിൽ തന്നെ, നർമ്മത്തിൽ ചാലിച്ച നിരവധി മുഹൂർത്തങ്ങളും ഇവിടെയുണ്ട്. ഭൂതകാലത്തെ ഒരു കൊലപാതകം സൃഷ്ടിച്ച അനിശ്ചിതത്വത്തിന്റെ അലയൊലികളെ ഭംഗിയായി ഒരു കൂട്ടം മനുഷ്യരുടെ ജീവിതസാഹചര്യങ്ങളോട് സന്നിവേശിപ്പിക്കുകയാണ് എഴുത്തുകാരൻ. ഒരു കുറ്റാന്വേഷണ കഥയുടെ ചട്ടക്കൂടിലേക്ക് എളുപ്പം വഴുതി വീണേക്കാവുന്ന നിരവധി സാഹചര്യങ്ങളിലും The Dead Know Nothing തികച്ചും മൗലികമായ രചനാസങ്കേതത്തെയാണ് പിൻപറ്റുന്നത്. കൊലപാതകവും, അതേത്തുടർന്ന് ചുരുളഴിഞ്ഞു വരുന്ന രഹസ്യങ്ങളും നോവലിലെ പ്രധാന കഥാപാത്രങ്ങളുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നുവെന്നും, അതിനോട് അവർ എങ്ങനെ പൊരുത്തപ്പെടാൻ ശ്രമിക്കുന്നുവെന്നും ഇവിടെ കാണാം. ഒരു നാടിന്റെ രേഖാചിത്രം വരച്ചിടുന്നതിലെ രചനാകൗശലം ശ്രദ്ധേയമാണ്. കഥാപാത്രങ്ങളുടെ വ്യതിരിക്തതയും, കാരിക്കേച്ചർ സ്വഭാവവും വായന അനായസമാക്കുകയും, ആ ജീവിതങ്ങളെ എളുപ്പത്തിൽ വായനക്കാർക്ക് മനസ്സിലാക്കാൻ സഹായിക്കുന്നുമുണ്ട്. നുറുങ്ങു ഹാസ്യവും, കുറിക്ക് കൊള്ളുന്ന ആക്ഷേപഹാസ്യത്തിന്റെ മേമ്പൊടിയും ചില പാത്രസൃഷ്ടികളെ അവിസ്മരണീയമാക്കുന്നു. ഉദാഹരത്തിന് ആ നാട്ടിലെ ചാരായവിൽപ്പനക്കാരൻ താൻ വിൽക്കുന്ന മദ്യത്തിന്റെ തീക്ഷ്ണതയാൽ അറിയപ്പെടുന്നത് 'വാപൊള്ളി' എന്നാണ്. ഇത്തരത്തിൽ പേര് കൊണ്ടും, സവിശേഷമായ



സ്വഭാവരീതികൾ കൊണ്ടും ശ്രദ്ധിക്കപ്പെടുന്ന നിരവധി കഥാപാത്രങ്ങൾ ഈ നോവലിലുണ്ട്.

ജനിച്ച മണ്ണിൽ നിന്ന് നിർബന്ധിതമായി കുടിയിറപ്പെടുന്നവരുടെ പക്ഷത്ത് നിന്നാണ് ഈ നോവൽ പൗരരുടെ അവകാശങ്ങൾക്കു മേലുള്ള സ്റ്റേറ്റിന്റെ അധിനിവേശത്തെ അടയാളപ്പെടുത്തുന്നത്. കീഴാളരായ മനുഷ്യർ ഏത് സമയത്തും അധികാരത്തിന്റെ സൗകര്യാർഥം തങ്ങളുടെ ഭൂമിയും സ്വത്തും ഒഴിഞ്ഞു കൊടുക്കണമെന്ന ഫാഷിസ്റ്റ് തീട്ടൂരത്തെ ഫാത്തിമ ദ്വീപിലെ നിവാസികൾ ജീവൻ കൊടുത്തും ചെറുക്കാൻ തയ്യാറാവുന്നുണ്ട്. അധിനിവേശത്തിനെതിരായ ചെറുത്തുനിൽപ്പിന്റെ പ്രതീകങ്ങളാണ് നിരക്ഷരരായ ആ മനുഷ്യർ. പരിസ്ഥിതിയുടെ രാഷ്ട്രീയവും ആഖ്യാനത്തിലേക്ക് ഉൾച്ചേർക്കാൻ നോവലിസ്റ്റ് ശ്രമിച്ചിട്ടുള്ളതായി കാണാം. പരിസ്ഥിതിയെ ചൂഷണം ചെയ്ത് ലാഭം കൊയ്യുന്ന മുതലാളിത്ത മനോഭാവവും ഇവിടെ വിമർശന വിധേയമാവുകയാണ്. സംഘടിത മതത്തിന്റെ പ്രവർത്തന രീതികളും, അതിന്റെ ചട്ടക്കൂടിൽ ഒതുങ്ങി നിൽക്കാത്ത വ്യക്തികളെ എങ്ങനെയെല്ലാം അപരവൽക്കരിക്കുന്നുവെന്നും കിഷോർ റാം ചിന്തിക്കുന്നുണ്ട്. തങ്കച്ചൻ സെമിനാരിയിൽ നിന്ന് പുറത്താക്കപ്പെടുന്നത് അവന്റേതല്ലാത്ത കാരണത്താലാണ്. തങ്കച്ചന്റെ കീഴാളസ്വത്വം മതസദാചാരത്തിന്റെ നിയമസംഹിതകൾക്കും, അതിന്റെ ആണിക്കല്ലായ പാരമ്പര്യ മാമൂലുകൾക്കും ഉൾക്കൊള്ളാനാവുന്നില്ല. ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിൽ ജനിച്ച അവനിൽ നിന്ന് മതബോധത്താൽ നയിക്കപ്പെടുന്ന ഒരു സമൂഹം പ്രതീക്ഷിക്കുന്നത് പാരമ്പര്യമായ തൊഴിൽ മേഖലയിലേക്ക് തന്നെ ചെന്നെത്താനാണ്. വിദ്യാഭ്യാസം നേടാനുള്ള തങ്കച്ചന്റെ ശ്രമത്തെ വിഫലമാക്കേണ്ടത് പലരുടെയും ഉത്തരവാദിത്തമായും മാറുകയാണ്.

സൗഹൃദവും, ചതിയും, സ്നേഹബന്ധങ്ങളും, നഷ്ടങ്ങളും, രതിയുമെല്ലാം The Dead Know Nothing ന്റെ കഥാഭൂമികയിലെ വിവിധ അടരുകളായി തെളിഞ്ഞു വരുന്നുണ്ട്. കടലോരത്തിന്റെ ജീവിതസ്ഥലികളെ കണ്ടെത്താനുള്ള ജൈവികമായ രചനാശ്രമമാണത്. അതിൽ കാപട്യമോ ഏച്ചു കെട്ടലുകളോ കാണാനില്ല. വിജയശ്രീലാളിതനായി തലയുയർത്തി നിൽക്കുന്ന നായകരൂപനങ്ങളെ കണ്ടു പരിചയിച്ചവരെ തെല്ല് അസ്വസ്ഥമാക്കിയേക്കാവുന്ന പരാജയങ്ങളിൽ നിന്ന് കൂടുതൽ പരാജയങ്ങളിലേക്ക് വിധിയുടെ ക്രൂരമായ കളിനിയമങ്ങളാൽ വീണു പോവുന്ന തങ്കച്ചന്റെ ജീവിതമാണ് ഈ പുസ്തകത്തിൽ തെളിഞ്ഞു വരുന്നത്. ആ പരാജയത്തിന്റെ വേദന വായനക്കാരുടേത് കൂടിയാവുകയാണ്. ഇംഗ്ലീഷിലായിരിക്കുമ്പോൾ തന്നെ മലയാളഭാഷയും, സാംസ്കാരികമായി സവിശേഷമായ ഭാഷാപ്രയോഗങ്ങളും ധാരാളമായി ഈ കൃതിയിൽ കടന്നു വരുന്നുണ്ട്. മലയാളത്തിന്റെ ഗന്ധം പേറുന്ന ഒരു ഇംഗ്ലീഷ് നോവലെന്നും ഇതിനെ വിളിക്കാം..

(കടപ്പാട് The Cue) ■

ഡോ. ശ്രീജ എസ്.
അൽ അമീൻ കോളജ്, എടത്തല

# ഇന്ത്യൻ ജ്ഞാനവ്യവസ്ഥയും യു.ജി.സി.യുടെ നവീന കരിക്കുലം കരടുരേഖയും

### എന്താണ് LOCF (Learning Outcome Based Curriculum Framework) ?

ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ട് വച്ച പാഠ്യപദ്ധതിയുടെ സുപ്രധാന ആശയമാണ് ലേർണിംഗ് ഔട്ട്കം ആധാരമാക്കി വിദ്യാഭ്യാസഗുണനിലവാരം വിലയിരുത്തുക എന്നത്,അതിനായി ലേർണിംഗ് ഔട്ട്കം അടിസ്ഥാനപ്പെടുത്തി കരിക്കുലത്തെയും സിലബസിനേയും നവീകരിക്കുകയും പെഡഗോജി തന്നെ അടിമുടി മാറ്റിക്കൊണ്ട് ഉന്നതവിദ്യാഭ്യാസ രംഗത് വലിയ മാറ്റങ്ങൾ ഉണ്ടാക്കുമെന്നുമാണ് യു.ജി.സി അവകാശപ്പെടുന്നത്.ഈ മാറ്റങ്ങൾ നിലവിൽ വരുത്തുന്നതിന് മുന്നോടിയായി ആന്ത്രോപോളജി,കെമിസ്ട്രി ,കോമേഴ്സ്,മാത്തമാറ്റിക്സ്,എക്കണോമിക്സ് ,ജിയോഗ്രഫി ,ഹോം സയൻസ് ഫിസിക്കൽ എഡ്യൂക്കേഷൻ ,പൊളിറ്റിക്കൽ സയൻസ് എന്നീ ഒൻപതു വിഷയങ്ങളിൽ യു.ജി.സി ഒരു കരട്കരിക്കുലം ചട്ടക്കൂട് പ്രസിദ്ധീകരിക്കുകയും ചെയ്തു.ഈ കരടിന്മേൽ പൊതുജനങ്ങൾക്ക് സെപ്റ്റംബര് 20 ,2025 വരെ യു.ജി.സി യെ അഭിപ്രായങ്ങൾ അറിയിക്കാമെന്നും പറഞ്ഞു വയ്ക്കുന്നു.എന്നാൽ ഈ കരട് പാഠ്യ പദ്ധതിചട്ടക്കൂട് വർത്തമാനകാല ഇന്ത്യൻ സാഹചര്യത്തിൽ പരിശോധിക്കുമ്പോൾ നിരവധി വൈരുധ്യങ്ങൾ നിറഞ്ഞതും ഹിന്ദുത്വ ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ടതുമാണെന്ന നിസംശയം പറയാൻ കഴിയും .അത്തരം വിമര്ശന ങ്ങളെ നമുക്ക് ഈ കരടിന്റെ അടിസ്ഥാനത്തിൽ ഒന്ന് പരിശോധിക്കാം

### കാവിവൽക്കരിക്കപ്പെടുന്ന കരിക്കുലം

LOCF ൻറെ വിശദീകരണത്തിൽ അതിന്റെ മേന്മയും പ്രത്യേകതയുമായി ചൂണ്ടിക്കാണിക്കുന്നത് NEP 2020 ലൂടെ മുന്നോട്ടു വച്ച FOUR year undergraduate programme (FYUGP) കരിക്കുലത്തിന്റെയും സിലബസിന്റെയും ഭാഗമായി ഇന്ത്യൻ ജ്ഞാന വ്യവസ്ഥ (Indian Knowledge System -IKS )കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ചു എന്നതാണ് .എന്നാൽ ഈ വിഷയത്തെ ആഴത്തിൽ അപഗ്രഥിച്ചാൽ ഇന്ത്യൻ ജ്ഞാന വ്യവസ്ഥയുടെ പേരിൽ ഹിന്ദുത്വ ആശയങ്ങൾ പ്രചരിപ്പിക്കുകയാണ് എന്നുള്ളത് തെളിയിക്കാൻ കഴിയുന്ന നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിയും'

പാഠ്യപദ്ധതികളിൽ, എല്ലാ വിഷയങ്ങളിലും, കേന്ദ്രബിന്ദുവായി "ഇന്ത്യൻ വിജ്ഞാന സംവിധാനങ്ങൾ" (IKS) ഉപയോഗിക്കുന്നത്, അക്കാദമിക് വ്യവഹാരങ്ങളിൽ നടക്കേണ്ട വിമർശനാത്മക അന്വേഷണത്തിനുപകരം പ്രത്യയശാസ്ത്ര പ്രതീകാത്മകതയിലേക്ക് ചുരുക്കാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പ് ആണ് LOCF നമുക്ക് നൽകുന്നത് . ഏകീകൃതമായ ഹിന്ദുത്വ സ്വാധീനമുള്ള ഒരു ആഖ്യാനത്തെ സാമാന്യവൽക്കരിക്കാൻ വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തുന്നു എന്നതാണ് ഈ രംഗത്തെ ഏറ്റവും വലിയ ആശങ്കയായി നിലകൊള്ളുന്നത് .

### ഇന്ത്യൻ ജ്ഞാനവ്യവസ്ഥയിലൂടെ രൂപപ്പെടുത്തിയെടുക്കുന്ന "ശാസ്ത്രാവബോധം "

ഭാരതീയ ബീജഗണിതം, കാലഗണനം, പഞ്ചാംഗം, ശുൽബ സൂത്രങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ



ജ്യാമിതി, വേദകാല ജ്യോതിശാസ്ത്ര
ആശയങ്ങൾ, ശുഭകരമായ സമ
യക്രമീകരണം (മുഹൂർത്തങ്ങൾ)
തുടങ്ങിയ പരമ്പരാഗത ഇന്ത്യൻ സം
വിധാനങ്ങൾ ഗണിതശാസ്ത്രം പോലു
ള്ള വിഷയങ്ങളിൽ ഉൾപ്പെടുത്താൻ
LOCF നിർദ്ദേശിക്കുന്നു.

കാവിവത്കരണത്തെ പ്രോത്സാ
ഹിപ്പിക്കുന്നതോടൊപ്പം ശാസ്ത്രബോ
ധത്തിനു തുരങ്കം വയ്ക്കുന്ന നിരവധി
ആഖ്യാനങ്ങൾ LOCF ൽ നിരന്തരം
കാണാൻ കഴിയും.ശാസ്ത്രവിദ്യാ
ഭ്യാസം എന്നത് ഭക്തിയിലോ ആചാ
രപരതയിലോ അല്ല ആരംഭിക്കേ
ണ്ടത് എന്ന വസ്തുത നിലനിൽക്കെ
ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസരംഗ
ത്തെ കാര്യനിർവഹണ ഏജൻസി
ആയ യു.ജി.സി പുറത്തിറക്കിയ കെ
മിസ്ട്രിയുടെ  കരിക്കുലം ആരംഭിക്കു
ന്നത് സരസ്വതിയുടെ ഫോട്ടോയും
സ്തുതിയും വച്ചു ആരാധിച്ചു കൊണ്ടാ
ണ്.തികച്ചും മതേതരവും അനുഭവപ
രവുമായ ഒരു വിഷയത്തെ എപ്രകാ
രമാണ് ഭക്തിപരതയിലൂടെയെയും
അനുഷ്ഠാനകര്മങ്ങളിലൂടെയും
പക്ഷപാതവത്കരിക്കുന്നത് എന്ന്
മനസിലാക്കാൻ ഇതിലേറെ ഒരു
തെളിവ് കാണിക്കാനില്ല.വിശ്വാ
സാധിഷ്ഠിതമായ ആചാരങ്ങളും
ശാസ്ത്രീയാന്വേഷണങ്ങളും തമ്മിലുള്ള
വ്യതിരിക്തത പോലും ഇല്ലാതാക്കി
സകലശാസ്ത്രത്തെയും ഹൈന്ദവ  പാ
രമ്പര്യത്തിലേക്ക് കൂട്ടിക്കെട്ടാനുള്ള
സംഘപരിവാറിന്റെ വർഗീയമുഖം
ഇവിടെ വെളിവാക്കപ്പെടുന്നു,നി
രന്ത രമായ അന്വേഷണത്തിൽ
കൂടിയും നിരീക്ഷണങ്ങളിൽ കൂടിയും
ലഭിക്കുന്ന വസ്തുതാപരമായ തെളിവു
കളെ യുക്തിഭദ്രമായി അപഗ്രഥിച്ചു
തെറ്റുകൾ തിരുത്തി കണ്ടെത്തുന്ന
ശാസ്ത്ര സത്യങ്ങളെ കേവലമായ
വിശ്വാസങ്ങളിലും ആചാരാനുഷ്ഠാ
നങ്ങളിലും ഒതുക്കി നിർത്തുന്ന
പാരമ്പര്യ ശാസ്ത്രം കൊണ്ട് പിറകോ
ട്ടടിപ്പിക്കുക വഴി ഒരു തലമുറയുടെ
തന്നെ ശാസ്ത്രബോധത്തെയും യുക്തി
ചിന്തയെയും വഴിതിരിച്ചു വിടുകയും
പക്ഷപാതപരമായ വസ്തുതകളെ
"ശരി "കളായി  അവതരിപ്പിക്കുകയു
മാണ് സംഘപരിവാർ ചെയ്യുന്നത്.
ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ
51 (എ) ശാസ്ത്രാവബോധം  വളർത്താ
നുള്ള പൗരന്റെ ഉത്തരവാദിത്തത്തി
നോടുമുള്ള ഹൈന്ദവശക്തികളുടെ
വെല്ലുവിളിയായി ഈ ശ്രമങ്ങളെ
കാണേണ്ടതുണ്ട്.

അതുപോലെ തന്നെയാണ് ആയുർ
വേദ, സിദ്ധ, വൈദ്യങ്ങളെ ആധു
നിക രസതന്ത്രമോഡ്യൂളുകളിൽ
ഉൾപ്പെടുത്തിയിരിക്കുന്നത്, ഇന്ത്യയു
ടെ വൈദ്യശാസ്ത്രചരിത്രവും സാംസ്കാ
രികവിജ്ഞാനത്തിന്റെ ഭാഗവുമാണ്
ഇതെല്ലാം എന്ന വാദമുഖങ്ങൾ
ഉയർത്തുമ്പോൾ തന്നെ കെമിസ്ട്രി
യുടെ  LOCF മോഡ്യൂളുകളിൽ ഇവയ്ക്ക്
സ്ഥാനം കൊടുക്കുക വഴി ഒരു രാ
ഷ്ട്രത്തിന്റെ സാംസ്കാരിക പൈതൃക
ത്തെ ആധുനികശാസ്ത്രത്തിൽ നിന്ന്
വേർതിരിക്കുന്ന വിമർശനാത്മക
ചട്ടക്കൂട് പൊളിച്ചുകളയുകയാണ്
ഹിന്ദുത്വവാദികൾ ചെയ്യുന്നത് എന്ന്
കൂടി നാം മനസിലാക്കേണ്ടതുണ്ട്
ഇത് കൂടാതെ പാൽ, വെള്ളം, തേൻ
എന്നിവ ഉപയോഗിച്ചുള്ള പരമ്പ
രാഗത പരിഹാരങ്ങൾ കെമിസ്ട്രി
ഉന്നതവിദ്യാഭ്യാസ സിലബസിന്റെ
ഭാഗമായി അവതരിപ്പിക്കപ്പെട്ടിട്ടു
ണ്ട്.പാരമ്പര്യ പഠനങ്ങൾ എന്ന നി
ലയിൽ അത്തരം രീതികൾക്ക് മൂല്യ
മുണ്ടെങ്കിലും, രസതന്ത്രത്തിൽ അവ
ചരിത്രപരമായ സന്ദർഭമായിട്ടാണ്
പഠിപ്പിക്കേണ്ടത്, സാർവത്രിക
തത്വങ്ങളായിട്ടല്ല.ഇവിടെ അത്
സാർവത്രികതത്വങ്ങളായി ആഖ്യാ
നം ചെയ്യപ്പെടുന്നു രസതന്ത്രത്തിലെ
ഔഷധങ്ങളെക്കുറിച്ചുള്ള പഠനം
എപ്പോഴും മോളിക്യൂലർ അനാലി
സിസ്,ഡോസേജ് അനാലിസിസ്
എന്നിവയൊക്കെ ആധാരമാക്കിയാ
ണ് മാത്രമല്ല അത് കുറേക്കൂടി ഫർമ
ക്കോളജി ,ബയോളജി,ടോക്സിക്കോ
ളജി.മോളിക്യൂലർ ഡയനാമിക്സ്
എന്നിവയുമൊക്കെയായി ബന്ധപ്പെ
ട്ടു കിടക്കുകയും ചെയ്യുന്നു,അത്തരം
ശാസ്ത്രീയ അന്വേഷണങ്ങൾ പ്രോ
ത്സാഹിപ്പിക്കേണ്ട ഇടങ്ങളിലാണ്
തെളിവുകളില്ലാതെ "ചികിത്സയ്ക്കായി
പാലിനൊപ്പം തേൻ" പോലുള്ള
പരിഹാരങ്ങൾ അവതരിപ്പിക്കുന്ന
ത്.നാടോടിവൈദ്യരീതിയെയും
ശാസ്ത്രീയമായി  സാധൂകരിക്കപ്പെട്ട
ആധുനികവൈദ്യശാസ്ത്രത്തെയും
യാതൊരു വേര്തിരിവുമില്ലാതെ
ഇപ്രകാരം പഠിപ്പിക്കുന്നത് തന്നെ
ശാസ്ത്രവിരുദ്ധതയാണ് .പൈതൃകപ
ഠനങ്ങളെ  ആധുനികശാസ്ത്രവുമായി
ഈ തരത്തിൽ കൂട്ടികുഴയ്ക്കുമ്പോൾ
ആഗോളമത്സരക്ഷമതയിൽ
ഇന്ത്യൻ വിദ്യാർഥികൾ അപഹാ
സ്യരാക്കപ്പെടുകയാണ് ഉണ്ടാവുക
എന്നുകൂടി നാം ഓർത്തിരിക്കുന്നത്
നല്ലതാണ്

ചുരുക്കത്തിൽ രസതന്ത്രത്തിലെ
സരസ്വതി പ്രാർത്ഥനയും പാരമ്പര്യ
/ബദൽ വൈദ്യശാസ്ത്ര മൊഡ്യൂളുക
ളും ഒരു സംസ്കാരത്തെ മാത്രമാണ്
അടയാളപ്പെടുത്തുന്നത്. വിമർശനാ

ത്മകമായി ഇതിനെ കണ്ടുകൊണ്ട് ശാസ്ത്രത്തിന്റെ ചരിത്രമായോ നരവംശ വൈദ്യശാസ്ത്രമായോ മാത്രം രൂപപ്പെടുത്തിയില്ലെങ്കിൽ – അവ ഉന്നതവിദ്യാഭ്യാസരംഗത്തെ ഗൗരവമായ രസതന്ത്രപഠനത്തെ ദുർബലപ്പെടുത്തുകയും "ഇന്ത്യൻ വിജ്ഞാന സംവിധാനങ്ങൾ" എന്ന ബാനറിൽ പ്രത്യയശാസ്ത്രമോ കപടശാസ്ത്രമോ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

## സ്വാതന്ത്ര്യാനന്തരകാലത്തെ ഇന്ത്യൻ രാഷ്ട്രീയ , ചരിത്ര സിലബസുകൾ

കോമേഴ്സ് വിഷയത്തിലും പൊളിറ്റിക്സിലും കൗടില്യന്റെ അർത്ഥശാസ്ത്രം, ഭഗവദ്ഗീതയിൽ നിന്നുള്ള പാഠങ്ങൾ, വിവിധ "പാരമ്പര്യവിജ്ഞാന " മൊഡ്യൂളുകൾ എന്നിവ ഉൾപ്പെടുന്നു. പൊളിറ്റിക്കൽ സയൻസിൽ വേദ, ജൈന, ബുദ്ധ, ഇതിഹാസ രാഷ്ട്രീയ ആശയങ്ങൾ ഉൾക്കൊള്ളുന്ന "ഭാരതത്തിലെ രാഷ്ട്രീയ ചിന്തയുടെ പാരമ്പര്യം" എന്ന വിഷയത്തിൽ ഒരു കോർ കോഴ്സ് , കൂടാതെ സവർക്കർ, ദീൻ ദയാൽ ഉപാധ്യായ, തുടങ്ങിയ RSS സൈദ്ധാന്തികരെ അംബേദ്കർ, ഗാന്ധി, എന്നിവരോടൊപ്പം ചേർത്ത് കൊടുത്തിരിക്കുന്നു. സ്വാതന്ത്ര്യ സമര ത്തെക്കുറിച്ചുള്ള കോഴ്സുകളിൽ വി ഡി സവർക്കറുടെ "ഇന്ത്യൻ സ്വാതന്ത്ര്യ യുദ്ധം" എന്ന കൃതിയെ കരട് ശുപാർശ ചെയ്യുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ സങ്കീർണ്ണമായ ബഹുമുഖ ചരിത്രത്തെ ഈ വിവരണം വളച്ചൊടിക്കുകയാണ് ചെയ്യുന്നത്. ബ്രിട്ടീഷുകാരുടെ പാദസേവ ചെയ്തു അവർക്ക് മാപ്പെഴുതിക്കൊടുത്ത് ഗാന്ധിവധത്തിൽ ഒൻപതാം പ്രതിയായ ഈ സവർക്കറെ ഇന്ത്യയുടെ സ്വാതന്ത്ര്യ സമര സേനാനിയായി വർത്തമാനകാലതലമുറയ്ക്ക് മുന്നിൽ അവതരിപ്പിക്കുമ്പോൾ നടത്തുന്ന ചരിത്രനിഷേധം എത്ര വലുതാണെന്ന് നാം ആലോചിക്കേണ്ടതാണ് . സ്വാതന്ത്ര്യസമരത്തെ ഒറ്റിക്കൊടുത്തവരിൽ നിന്ന് ഇന്ത്യയുടെ സ്വാതന്ത്ര്യ സമരചരിത്രം പഠിക്കേണ്ടി വരുന്ന അവസ്ഥയിൽ ആണ് ഇന്നത്തെ ഉന്നതവിദ്യാഭ്യാസം എത്തിനിൽക്കുന്നത് എന്നത് അത്യന്തം അപലപനീയമാണ് . സവർക്കർ മാത്രമല്ല ജനസംഘത്തിന്റെ സ്ഥാപകരിൽ

> **രസതന്ത്രത്തിലെ സരസ്വതി പ്രാർത്ഥനയും പാരമ്പര്യ /ബദൽ വൈദ്യശാസ്ത്ര മൊഡ്യൂളുകളും ഒരു സംസ്കാരത്തെ മാത്രമാണ് അടയാളപ്പെടുത്തുന്നത്. അവ ഉന്നതവിദ്യാഭ്യാസരംഗത്തെ ഗൗരവമായ രസതന്ത്രപഠനത്തെ ദുർബലപ്പെടുത്തുകയും "ഇന്ത്യൻ വിജ്ഞാന സംവിധാനങ്ങൾ" എന്ന ബാനറിൽ പ്രത്യയശാസ്ത്രമോ കപടശാസ്ത്രമോ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.**

ഒരാളായ ദീൻ ദയാൽ ഉപാധ്യായയെയും ഇപ്രകാരം സ്വാതന്ത്ര്യ സമരസേനാനികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി പഠിപ്പിക്കുന്നുണ്ട്/ ഹയർ എഡ്യൂക്കേഷൻ അക്കാഡമിക്സ് ഇന്ത്യൻ സ്വന്തന്ത്ര്യ സമരത്തെ ഇപ്രകാരം അവതരിപ്പിക്കുന്നത് യാദൃശ്ചികമായി സംഭവിച്ചതോ അബദ്ധമോ ഒന്നുമല്ല മറിച്ച് ബോധപൂർവമായ ലക്ഷ്യത്തോടെയുള്ള പ്രത്യയശാസ്ത്രരൂപകല്പനയുടെ പ്രതിഫലനമാണ്. ഇന്ത്യയുടെ ബഹുസ്വരതയുടെയും മതേതരത്വത്തിന്റെയും നിരവധി ഉദാഹരണങ്ങളും ചരിത്രങ്ങളും പാടെ തമസ്കരിച്ചു കൊണ്ട് ഹിന്ദുത്വ പ്രത്യശാസ്ത്രങ്ങളിലൂന്നിയ ആഖ്യാനങ്ങളെ പാഠപുസ്തങ്ങളിലൂടെ പ്രോത്സാഹിപ്പിച്ചുകൊണ്ടു ഇന്ത്യൻ ചരിത്രത്തെയും ശാസ്ത്രത്തെയും രാഷ്ട്രീയത്തെയും ഹിന്ദുത്വവത്കരിക്കുകയാണ് ചെയ്യുന്നത്. യഥാർഥത്തിൽ അക്കാദമിക് വസ്തുതകളും രാഷ്ട്രീയവും തമ്മിലുള്ള വൈരുദ്ധ്യത്തെ മറച്ചു പിടിച്ചുകൊണ്ട് വസ്തുതാവിരുദ്ധമായ പൊളിറ്റിക്കൽ നരേറ്റീവുകൾ സൃഷ്ടിച്ചെടുക്കുന്ന സത്യാനന്തരകാലത്തെ കരിക്കുലം രൂപകല്പനയായി നമുക്ക് LOCF നെ വ്യാഖ്യാനിക്കാവുന്നതാണ്.

## ഹിന്ദുത്വവൽക്കരിക്കപ്പെടുന്ന ഇന്ത്യൻ ജ്ഞാനവ്യവസ്ഥ

LOCF രൂപകല്പനയിലൂടെ ലക്ഷ്യം വയ്ക്കുന്നത് ആഗോള മത്സരശേഷി, നൈപുണ്യ വികസനം, ഇന്റേർഡിസിപ്ലിനറിറ്റി എന്നൊക്കെയാണെന്ന് അവകാശപ്പെടുമ്പോൾ യഥാർത്ഥത്തിൽ ഒരു സാംസ്കാരിക-ദേശീയവാദ ആഖ്യാനം രൂപപ്പെടുത്താൻ ആണ് ഇത് ശ്രമിക്കുന്നത് . അതു മാത്രമല്ല ഈ കരിക്കുലം ചട്ടക്കൂട് ഹിന്ദു ജ്ഞാനശാസ്ത്രങ്ങളെയും ഹിന്ദുത്വ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വ്യക്തികളെയും തിരഞ്ഞെടുത്ത് മുൻനിരയിൽ നിർത്തുമ്പോൾ ഇസ്ലാമിക്, മതേതര, മാർക്സിസ്റ്റ്, ഫെമിനിസ്റ്റ്, ദലിത്പ്രത്യയശാസ്ത്രങ്ങളെ മാറ്റിനിർത്തുന്നു.

ഇന്ത്യ എന്നത് വൈവിധ്യങ്ങളുടെ നാടാണ്. ഭൂമിശാസ്ത്രപരമായും ഭാഷാപരമായും സാംസ്കാരികമായും ബഹുസ്വരത പുലർത്തുമ്പോൾ തന്നെയും ഒരു രാഷ്ട്രമെന്ന നിലയിൽ അത് ഏകസ്വത്വം കാത്തുസൂക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു, ഈ പ്രാദേശികവ്യതിയാനങ്ങളെയും ജനങ്ങളുടെ വൈവിധ്യപൂർണമായ ആവശ്യങ്ങളെയും കാണണക്കിലെടുക്കാതെ ഏകീകൃത പഠന ഫലങ്ങൾ നിർദ്ദേശിക്കാൻ LOCF ശ്രമിക്കുന്നത് അക്കാദമിക് സ്വാതന്ത്ര്യത്തെ ദുർബലപ്പെടുത്തുന്ന ഒരു പ്രക്രിയയാണ്. മാത്രമല്ല ബഹുസ്വര വീക്ഷണങ്ങളെ ബലികഴിച്ച് ദേശീയതയ്ക്കും പൈതൃക വിജ്ഞാനസംരക്ഷണത്തിനും മുൻതൂക്കം നൽകി ഒരു ഏകീകൃത വിദ്യാഭ്യാസരീതിയും പഠനസംവിധാനവും സൃഷ്ടിച്ചെടുക്കാൻ LOCF ലൂടെ ശ്രമിക്കുമ്പോൾ ഇന്ത്യയെപ്പോലുള്ള ഒരു ജനാധിപത്യ മതനിരപേക്ഷ രാജ്യത്ത് വൈവിധ്യങ്ങളുടെ ഉൾക്കൊള്ളലുകളിൽ പ്രതിസന്ധികൾ സൃഷ്ടിക്കും . അതുകൊണ്ടു തന്നെ ഏകീകൃതമായ ഇത്തരം പഠനസമ്പ്രദായങ്ങളെ പൊളിച്ചെഴുതികൊണ്ടു അക്കാഡമിക് സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാൻ സർവകലാശാലകളെ അനുവദിക്കുക എന്നത് പരമപ്രധാനമാണ്.

(കടപ്പാട്: ടൂ കോപ്പി തിങ്ക്) ■

# കോളജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിവേദനം നൽകി



വിവിധ വിഷയങ്ങളിൽ അടിയന്തിരമായി പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി കോളജ് വിദ്യാഭ്യാസ ഡയറക്ടർ കെ സുധീർ ഐ എ എസിന് നിവേദനം നൽകി.

എയ്ഡഡ് കോളജുകളിലെ പി ഡി അക്കൗണ്ട് യൂട്ടിലൈസേഷന് സമയപരിധി നീട്ടി നൽകുക, പ്രിൻസിപ്പൽമാർക്ക് ഡി ഡി ഒ പദവിക്കായി അക്കൗണ്ട് ടെസ്റ്റ് ജയിക്കാൻ നിലവിൽ അനുവദിച്ച സമയപരിധി നീട്ടി നൽകുക, താൽക്കാലിക പ്രിൻസിപ്പൽമാരുള്ള കോളജുകളിലെ സ്പാർക്ക് ഇതര ബില്ലുകൾ ( ബിംസ് ) പാസാക്കാൻ പ്രിൻസിപ്പൽമാർക്ക് തന്നെ അധികാരം നൽകുക, വിവിധ ഡി ഡി ഓഫീസുകളിൽ ഉള്ള ഫയലുകളിൽ അടിയന്തിരമായി തീർപ്പുണ്ടാക്കുക, ഈയിടെയായി ഫയലുകളിൽ അധ്യാപക വിരുദ്ധ സമീപനം സ്വീകരിക്കുന്ന കോട്ടയം ഡി ഡി ഓഫീസ് പ്രസ്തുത നിലപാട് തിരുത്തുക തുടങ്ങിയ വിവിധ വിഷയങ്ങൾ ഉന്നയിച്ച് കൊണ്ടാണ് എ കെ പി സി ടി എ നിവേദനം നൽകി സംസാരിച്ചത്.

എ കെ പി സി ടി എ സംസ്ഥാന പ്രസിഡൻ്റ് എ നിശാന്ത്, തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ സുമേഷ് ജി എസ്, സംസ്ഥാന സർവ്വീസ് സെൽ കൺവീനർ ഡോ അനിൽകുമാർ കെ എം എന്നിവരാണ് നിവേദനം നൽകിയത്.

---

കേരള പ്രൈവറ്റ്കോളേജ് ടീച്ചർ ജേർണലിന്റെ മുൻ ലക്കങ്ങൾ വായിക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

കേരള പ്രൈവറ്റ്കോളേജ് ടീച്ചർ ജേർണലിലേക്ക് സംഘടനാംഗങ്ങളുടെ രചനകൾ ക്ഷണിക്കുന്നു. അയയ്ക്കേണ്ട ഇ മെയിൽ വിലാസം **collegeteacheredt@gmail.com**

## സ്മരണാഞ്ജലി



നാഷണൽ സർവ്വീസ് സ്കീം സ്റ്റേറ്റ് ഓഫീസർ **ഡോ. അൻസർ ആർ.എൻ.**



എ.കെ.പി.സി.ടി.എ. സംസ്ഥാന കൗൺസിൽ അംഗം **ഡോ. ജയ്സൺ ജേക്കബ്** വർഗീസ് (സെന്റ് സ്റ്റീഫൻസ് കോളേജ്, പത്തനാപുരം)

# കേരള വിദ്യാഭ്യാസ സമിതി ജില്ലാ ഘടക രൂപീകരണങ്ങൾ




## കണ്ണൂർ


കേരള വിദ്യാഭ്യാസ സമിതി കണ്ണൂർ ജില്ലാ ഘടകത്തിന്റെ രൂപീകരണ കൺവെൻഷൻ മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ കെ ടി ജലീൽ ഉദ്ഘാടനം ചെയ്തു. എ കെ ജി സി ടി സംസ്ഥാന പ്രസിഡന്റ് ഡോ മനോജ് എൻ മുഖ്യ പ്രഭാഷണം നടത്തി. എഫ് എസ് ഇ ടി ഒ ജില്ലാ സെക്രട്ടറി പി പി സന്തോഷ്കുമാർ അധ്യക്ഷത വഹിച്ചു. സംഘടനാനേതാക്കൾ എ കെ ബീന, കെ സി മഹേഷ്, എൻ സുരേന്ദ്രൻ, കെ സി സുനിൽ, ഡോ സുധീർ ഇ വി. കെ ഷാജി, ഡോ ഷിബു പി വി, ഗിരീഷ് കുമാർ, പ്രത്യുഷ് പുരുഷോത്തമൻ, മുഹമ്മദ് അഫ്സൽ, ടി പി അഖില, ബിജു മോൻ കെ, ജയശ്രീ കെ , ഐഷു എന്നിവർ സംസാരിച്ചു. എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത് ഭാവി പരിപാടികളും പാനലും അവതരിപ്പിച്ചു. എ കെ പി സി ടി എ ജില്ലാ സെക്രട്ടറി ഡോ രാഖി രാഘവൻ സ്വാഗതവും, കെ യു ടി സി ജോയിന്റ് സെക്രട്ടറി ഡോ ടി കെ പ്രസാദ് നന്ദിയും പറഞ്ഞു.

ഭാരവാഹികൾ : പ്രൊഫ ബി മുഹമ്മദ് അഹമ്മദ് (ചെയർപേഴ്സൺ), ടി വി രാജേഷ് (വർക്കിംഗ് ചെയർപേഴ്സൺ), ഡോ രാഖി രാഘവൻ (കൺവീനർ), കെ സി സുനിൽ (ട്രഷറർ)

KERALA PRIVATE
COLLEGE TEACHER
ISSN 2454-4795
journal of the all kerala private college teachers' association

| TECHNICAL DATA | |
|---|---|
| Size | Crown 1/4 |
| Szie of Type Page | 23 cm x 16 cm |
| Column Length | 23 cm |
| Column Width | 5 cm |
| No. of Columns | 3 |
| **ADVERTISEMENT RATE** | |
| Centre Spread Multi Colour | Rs. 20,000 |
| Back Cover Multi Colour | Rs.15,000 |
| Inside Cover Multi Colour | Rs. 10,000 |
| Centre Spread Black and White | Rs.10,000 |
| Full Page Black and White | Rs.8,000 |
| Half Page Black and White | Rs.4,000 |

### പരസ്യനിരക്ക്




ഈ അക്കൗണ്ടിൽ താരിഫനുസരിച്ചുള്ള പണമടച്ചതിനുശേഷം, ആവശ്യമുള്ള വലുപ്പത്തിൽ നന്നായി രൂപകല്പന ചെയ്ത പരസ്യത്തിന്റെ പേജ്, പണമടച്ചതിന്റെ സ്ക്രീൻഷോട്ട്, പരസ്യദാതാവിന്റെ കത്ത് എന്നിവ സഹിതം collegeteacheredt@gmail.com എന്ന വിലാസത്തിലേക്ക് അയക്കുക

Account Details:
**The All Kerala Private College Teachers' Association, Thiruvananthapuram**
Account Number: **21410200001788**
Bank: **Federal Bank**
Branch: **Athani, Thrissur**
IFSC: **FDRL0002141**

# കേരള വിദ്യാഭ്യാസ സമിതി ജില്ലാ ഘടക രൂപീകരണങ്ങൾ




## ആലപ്പുഴ

മതേതര ഇന്ത്യയുടെ ജ്ഞാനമേഖലയെ തകർക്കുക എന്ന ലക്ഷ്യത്തോടെ ആണ് കേന്ദ്രസർക്കാർ പ്രവർത്തിക്കുന്നതെന്നു പ്രൊഫ. സി. രവീന്ദ്രനാഥ്.

കേരള വിദ്യാഭ്യാസ സമിതിയുടെ ആലപ്പുഴ ജില്ലാ സമിതി രൂപീകരണവും ജില്ലാ കൺവെൻഷനും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സർവ്വകലാശാലകളെ കൈപ്പിടിയിലൊതുക്കുന്നത് കരിക്കുലം സിലബസ് പരിഷ്കരണങ്ങളിലൂടെ വർഗീയ, മതരാഷ്ട്ര അജണ്ടകൾ നടപ്പിൽ വരുത്തുന്നതിനു വേണ്ടിയാണ്. സർവ്വകലാശാലകളുടെ സ്വയംഭരണം തകർക്കുകയാണ് കേന്ദ്രസർക്കാരിന്റെ ലക്ഷ്യം. ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ ഉയരുന്ന ചർച്ചകൾ ഇല്ലാതാക്കുക എന്ന ഗൂഢമായ താല്പര്യവും ഇതിനു പിന്നിലുണ്ട്.

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല ബഹുദൂരം മുന്നേറിയിട്ടുണ്ട്. സർവ്വകലാശാലകളും കോളേജുകളും ഒരുമിച്ചു ചേർന്നു നടത്തിയ പ്രവർത്തനങ്ങളുടെ ഫലമാണിത്. വിദ്യാർത്ഥികളുടെ പുരോഗതിക്ക് സാധ്യമായതൊക്കെ ചെയ്തു കൊടുക്കുന്നു. ഇത്തരം പുരോഗമനപരമായ പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കാനും പ്രതിലോമകരമായ ആശയങ്ങൾ അടിച്ചേല്പിക്കാനുമാണ് കേന്ദ്രസർക്കാരിന്റെ ശ്രമം. അതിന്റെ തുടക്കമാണ് വിഭജനഭീതി ദിനം ആചരിക്കണമെന്ന് ഗവർണർ പുറപ്പെടുവിച്ച ആഹ്വാനത്തിനു പിന്നിൽ. പരിണാമവാദങ്ങളെക്കാൾ സൃഷ്ടിവാദം ആണ് ശരിയെന്ന് വരുത്തുകയും അതിനെ സാധൂകരിക്കുന്ന മിത്തുകളെ പാഠപുസ്തകങ്ങളിൽ ചേർക്കുന്നു. ശാസ്ത്രയുക്തി ഇല്ലാതാക്കുന്ന പ്രതിലോമകരമായ വിദ്യാഭ്യാസം - ഇതുതന്നെയാണ് NEP. ഇത്തരം പ്രവണതകളെ ചെറുത്തു തോല്പിക്കേണ്ടത് ആവശ്യമാണ്. അദ്ദേഹം കൂട്ടിച്ചേർത്തു.

ശാസ്ത്ര സാഹിത്യ പരിഷത്ത് കേന്ദ്ര നിർവാഹക സമിതി അംഗം ഡോ. രതീഷ് കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ വിദ്യാഭ്യാസ സമിതി ചെയർ പേഴ്സണായി ഡോ.ടി. പ്രദീപ് കുമാറിനെയും, ജനറൽ കൺവീനറായി ഡോ. എസ്. ഫറൂഖിനെയും, ട്രഷററായി സി. സിലീഷിനെയും എന്നിവരെയും തിരഞ്ഞെടുത്തു.

കേരളസർവകലാശാല മുൻ സിൻഡിക്കേറ്റ് അംഗം അഡ്വ. കെ.എച്ച്. ബാബുജാൻ അദ്ധ്യക്ഷത വഹിച്ചു. എ കെ പി സി ടി എ ജില്ലാ സെക്രട്ടറി ഡോ. എസ്. ഫറൂഖ്, കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം സിൻഡിക്കേറ്റംഗം ഡോ. ടി. ആർ. മനോജ്, കെ എസ് ടി എ ജില്ലാ സെക്രട്ടറി പി. ഡി. ജോഷി, എകെപിസിടിഎ സംസ്ഥാന ട്രഷറർ ഡോ. എൻ. രേണുക, എകെജിസിടി ജില്ലാ സെക്രട്ടറി ഡോ. അഗസ്റ്റിൻ ജോസഫ്, എകെപിസിആർടിഎ പ്രതിനിധി ഡോ. ടി. പ്രദീപ്, എൽ. ദീപ വി കെ രാജു, കേരള സർവകലാശാല സെനറ്റ് അംഗം പ്രിയ പ്രിയദർശനൻ എന്നിവർ പ്രസംഗിച്ചു. എകെപിസിടിഎ ആലപ്പുഴ ജില്ലാ സെക്രട്ടറി ഡോ. എസ്. ഫറൂഖ് സ്വാഗതവും ജില്ലാ പ്രസിഡന്റ് വിനോദ് ജേക്കബ് കൃതജ്ഞതയും പറഞ്ഞു.

ഭാരവാഹികൾ:
ചെയർമാൻ ഡോ. പി പ്രദീപ്കുമാർ, വൈസ് ചെയർമാൻമാർ: ഡോ. ടി ആർ മനോജ്, ഡോ. ബിച്ചു എക്സ് മലയിൽ, ലെവിൻ കെ ഷാജി, മുരളി കാട്ടൂർ, അഗസ്റ്റിൻ ജോസഫ്
കൺവീനർ: ഡോ. ഫറൂഖ് എസ്, ജോയിന്റ് കൺവീനർസ്: എസ് സത്യജ്യോതി, വി കെ രാജു, പ്രശാന്ത് ബാബു, ജെയിംസ്ഷാമുവേൽ, വൈഭവ് ചാക്കോ. ട്രഷറർ: സി സിലീഷ്

# കേരള വിദ്യാഭ്യാസ സമിതി ജില്ലാ ഘടക രൂപീകരണങ്ങൾ

## പത്തനംതിട്ട

സർവ്വകലാശാലകളെ കൈവശപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രസർക്കാർ പ്രവർത്തിക്കുന്നതെന്ന ഡോ. കെ എൻ ഗണേശ്. കേരള വിദ്യാഭ്യാസ സമിതിയുടെ പത്തനംതിട്ട ജില്ലാസമിതി രൂപീകരണവും ജില്ലാ കൺവെൻഷനും ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. സർവ്വകലാശാലകളെ കൈപ്പിടിയിലൊതുക്കുന്നത് കരിക്കുലം സിലബസ് പരിഷ്കരണങ്ങളിലൂടെ വർഗീയ, മതരാഷ്ട്ര അജണ്ടകൾ നടപ്പിൽ വരുത്തുന്നതിന വേണ്ടിയാണ്. സർവ്വകലാശാലകളുടെ സ്വയംഭരണം തകർക്കുകയാണ് കേന്ദ്രസർക്കാരിന്റെ ലക്ഷ്യം. ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ ഉയരുന്ന ചർച്ചകൾ ഇല്ലാതാക്കുക എന്ന ഗൂഢമായ താല്പര്യവും ഇതിനു പിന്നിലുണ്ട്.

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല ബഹുദൂരം മുന്നേറിയിട്ടുണ്ട്. സർവ്വ കലാശാലകളും കോളജുകളും ഒരുമിച്ചു ചേർന്നു നടത്തിയ പ്രവർത്തനങ്ങളുടെ ഫലമാണിത്. നാലു വർഷബിരുദ പദ്ധതി ഫലപ്രദമായി നടപ്പിൽ വരുത്തി. പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികളുടെ പുരോഗതിക്ക് സാധ്യമായതൊക്കെ ചെയ്തു കൊടുക്കുന്നു. ഇത്തരം പുരോഗമനപരമായ പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കാനും പ്രതിലോമകരമായ ആശയങ്ങൾ അടിച്ചേല്പിക്കാനമാണ് കേന്ദ്രസർക്കാരിന്റെ ശ്രമം.അതിന്റെ തുടക്കമാണ് വിഭജനഭീതി ദിനം ആചരിക്കണമെന്ന് ഗവർണർ പുറപ്പെടുവിച്ച ആഹ്വാനത്തിനു പിന്നിൽ. ഇത്തരം പ്രവണതകളെ ചെറുത്തു തോല്പിക്കേണ്ടത് ആവശ്യമാണ്. അദ്ദേഹം കൂട്ടിച്ചേർത്തു.

എറണാകുളം മഹാരാജാസ് കോളേജ് സാമ്പത്തിക ശാസ്ത്ര വിഭാഗം മേധാവി ഡോ. സന്തോഷ് ടി വർഗീസ് മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ വിദ്യാഭ്യാസ സമിതി ചെയർ പേഴ്സണായി പ്രൊഫ. ശ്രീകല കെ എസിനെയും, ജനറൽ കൺവീനറായി റെയ്സൺ സാം രാജുവിനെയും, ട്രഷററായി ദീപ വിശ്വനാഥിനെയും,വൈസ് ചെയർപേഴ്സണായി ബി നിസാം, ജോയിന്റ് കൺവീനറായി അനന്തു മധു എന്നിവരെയും തിരഞ്ഞെടുത്തു.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ലാ പ്രസിഡന്റ് പ്രൊഫ. ശ്രീകല കെ എസ് അദ്ധ്യക്ഷത വഹിച്ചു. എ കെ പി സി ടി എ ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു, എം.ജി സിൻഡിക്കേറ്റംഗം പി ബി സതീഷ്കുമാർ, ഡി വൈ എഫ് ഐ ജില്ലാ സെക്രട്ടറി ബി നിസാം എന്നിവർ പ്രസംഗിച്ചു.




## എറണാകുളം

എറണാകുളം ജില്ലാവിദ്യാഭ്യാസസമിതി രൂപീകരണ യോഗവും കൺവൻഷനും കേരള വിദ്യാഭ്യാസ സമിതി ചെയർമാൻ ഡോ. ധർമരാജ് അടാട്ട് ഉദ്ഘാടനം ചെയ്തു. കെ എസ് ടി എ ജില്ലാ സെക്രട്ടറി ഡാൽമിയ തങ്കപ്പൻ അധ്യക്ഷനായി. സി എം ദിനേശ് മണി മുഖ്യപ്രഭാഷണം നടത്തി.

എ ആർ രഞ്ജിത്, മീന സുകുമാരൻ, ആശിഷ് എസ് ആനന്ദ്, ഡോ. ഏലിയാസ് മാത്യു, ഡോ. എം എസ് മുരളി, ഡോ. എം ജി സനിൽകുമാർ, കെ എസ് ഷാനിൽ, സി ആർ സോമൻ, കെ. ജെ. ഷൈൻ എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: ഡോ. കെ ജി പൗലോസ് (ചെയർപേഴ്സൺ), പി എച്ച് എം ഇസ്മയിൽ (കൺവീനർ)

# നവമാധ്യമ ശില്പശാല







എ കെ പി സി ടി എ സംസ്ഥാന ഐ ടി സെൽ സംഘടിപ്പിച്ച നവമാധ്യമ ശില്പശാല മാധ്യമ - രാഷ്ട്രീയ പ്രവർത്തകൻ എം വി നികേഷ് കുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ആഷ പ്രഭാകരൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് എ നിശാന്ത് നവമാധ്യമ രംഗത്ത് സംഘടന നടത്താനുദ്ദേശിക്കുന്ന ഭാവി പരിപാടികൾ വിശദീകരിച്ചു. സംസ്ഥാന ഐ ടി സെൽ കൺവീനർ ലിജിൻ പി മാത്യു ആമുഖഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറി ഡോ ജേക്കബ് ഏബ്രഹാം സ്വാഗതവും ഐ ടി സെൽ അംഗം ഡോ കെ എസ് സാജൻ നന്ദിയും പറഞ്ഞു. ബാബു രാമചന്ദ്രൻ, സിൻജിൻ ടി, അനന്ദു കൃഷ്ണൻ , എ പി രാഗിന്ദ്, വിനീത് ആർ കുമാർ എന്നിവർ ക്ലാസ്സെടുത്തു. ഡോ രാകേഷ് ചന്ദ്രൻ, ഡോ സുഷമരാജ് ആർ വി, റെയ്സൺ സാം രാജു, ഡോ ഫറൂഖ് എസ്, ഡോ ലക്ഷ്മി മേനോൻ എന്നിവർ സെഷനുകളിൽ മോഡറേറ്റർമാരായി.

ബുക്ക് ഷെൽഫ്




## അസഹിഷ്ണുതയുടെ റിപ്പബ്ലിക്

ഡോ. പി. സോമൻ
വില: 340 രൂപ
ചിന്ത പബ്ലിഷേഴ്സ്

നവഫാഷിസം ലോകം മുഴുവൻ പടർന്നു കൊണ്ടിരിക്കുന്ന ഒരു കാലത്ത് തീവ്രദേശീയതയുടെയും സങ്കുചിത രാഷ്ട്രീയത്തിന്റെയും മതരാഷ്ട്രനിർമ്മാണത്തിന്റെയും പ്രവണതകൾ സമൂഹത്തിൽ രൂപപ്പെടുന്നത് സ്വാഭാവികമാണ്. അതിനെ വിശകലനം ചെയ്യുവാൻ നിലനിൽക്കുന്ന ഭാഷയും സങ്കേതങ്ങളും മതിയാവില്ല. നവഫാസിസത്തിന്റെ കാലത്ത് ചരിത്രത്തെയും വർത്തമാനത്തെയും നോക്കിക്കാണുന്ന ചിന്താപദ്ധതികളും സംവർഗ്ഗങ്ങളും അനിവാര്യമാണ് എന്ന സൂചനയാണ് ഡോ. പി. സോമന്റെ അസഹിഷ്ണുതയുടെ റിപ്പബ്ലിക് എന്ന പുസ്തകം നൽകുന്നത്. മതം, ആചാരാനുഷ്ഠാനങ്ങൾ, സാംസ്കാരിക പരിസരങ്ങൾ, സാങ്കേതിക വിദ്യ എന്നിവയിലെല്ലാം നവ ഫാസിസത്തിന്റെ വിഷലിപ്തമായ പ്രവണതകൾ ഉള്ളടങ്ങിയിരിക്കുന്നു എന്ന യാഥാർത്ഥ്യം നിലനിൽക്കെത്തന്നെ അതിനെ രാഷ്ട്രീയമായി പ്രതിരോധിക്കേണ്ടതിന്റെ അനിവാര്യതയാണ് പുസ്തകം ഓർമ്മിപ്പിക്കുന്നത്.

## ആ കസേര ആരുടേതാണ്?

കെ.എ. ബീന
വില: 280 രൂപ
ചിന്ത പബ്ലിഷേഴ്സ്

ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഉദാരവത്കരണത്തിനുശേഷമുള്ള 'തിളങ്ങുന്ന ഇന്ത്യ' യിൽ ഗ്രീണജീവിതങ്ങൾ പൂർണ്ണമായും തമസ്കരിക്കപ്പെടുകയാണ്.കെ.എ. ബീന നടത്തിയ ഗ്രാമീണ യാത്രകളുടെ പുസ്തകം ആയ 'ആ കസേര ആരുടേതാണ്?' പ്രസക്തമാകുന്നത് ഈ സന്ദർഭത്തിൽ ആണ്. കാലം തളംകെട്ടി നിൽക്കുന്ന, നാഗരിക മനുഷ്യന്റെ ചടുലവേഗങ്ങൾക്കൊപ്പം ഒരിക്കലും ഓടിയെത്താനാവാതെ കിതയ്ക്കുന്ന ഇന്ത്യയെ തേടിയുള്ള യാത്ര.



ഡോ. രഞ്ജു ആർ. കൃഷ്ണൻ
സ്റ്റേറ്റ് ലെയ്സൺ
കോ ഓർഡിനേറ്റർ,
പ്രവർത്തകസമിതിയംഗം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമുകൾക്ക് കീഴിൽ വരുന്ന അദ്ധ്യാപക ജീവനക്കാർ/ പെൻഷൻകാർ/ കുടുംബ പെൻഷൻകാർ — ക്ഷാമബത്ത/ ക്ഷാമാശ്വാസം പുതുക്കിയ നിരക്കിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.104/2025/FIN    തിരുവനന്തപുരം, തീയതി: 25-08-2025

പരാമർശം:-

1. സ.ഉ.(അച്ചടി) നം.151/2020/ധന തീയതി 05.11.2020
2. കേന്ദ്രസർക്കാരിന്റെ 03.04.2023 -ലെ 1/1/2023-E-II (B) നമ്പർ ഓഫീസ് മെമ്മൊറാണ്ടം.
3. കേന്ദ്രസർക്കാരിന്റെ 06.04.2023-ലെ 42/04/2023-P&PW(D) നമ്പർ ഓഫീസ് മെമ്മൊറാണ്ടം.
4. കേന്ദ്രസർക്കാരിന്റെ 10.04.2023-ലെ 1/3(1)/2008-E.II(B) നമ്പർ ഓഫീസ് മെമ്മൊറാണ്ടം.
5. സ.ഉ.(അച്ചടി) നം.30/2025/ധന തീയതി 20.03.2025

**ഉത്തരവ്**

യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ എന്നീ സ്കീമുകൾക്ക് കീഴിൽ 01.01.2016 മുതൽ പരിഷ്കരിച്ച സ്കെയിലിലേക്ക് മാറിയ യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ വിദ്യാഭ്യാസ സ്കീമുകളിൽ ഉൾപ്പെടുന്ന അധ്യാപക ജീവനക്കാർക്ക് നൽകേണ്ട ക്ഷാമബത്ത നിലവിലുള്ള 38% ൽ നിന്ന് 42% ആയി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമുകളിൽ ഉൾപ്പെടുന്നതും 01.01.2006 മുതലോ അതിനുശേഷമോ ആറാം യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കെയിലിൽ തുടരുന്നതുമായ അധ്യാപക ജീവനക്കാർക്ക് നൽകേണ്ട ക്ഷാമബത്ത നിരക്കുകൾ നിലവിലുള്ള 212% ൽ നിന്ന് 221% ആയി വർദ്ധിപ്പിക്കാൻ അനുമതി നല്കുന്നു.

3. പരാമർശം (1) ഉത്തരവ് പ്രകാരം പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരിച്ച യു.ജി.സി പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവർക്ക് നൽകേണ്ട ക്ഷാമബത്ത നിരക്ക് നിലവിലുള്ള 38%-ൽ നിന്ന് 42% ആയി വർദ്ധിപ്പിക്കാൻ അനുമതി നൽകുന്നു.

4. പരാമർശം (1) ഉത്തരവ് പ്രകാരം പെൻഷൻ/ കുടുംബ പെൻഷൻ പരിഷ്കരിച്ചിട്ടില്ലാത്ത യു.ജി.സി പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവർക്ക് നൽകേണ്ട ക്ഷാമബത്ത നിരക്ക് നിലവിലുള്ള 212%-ൽ നിന്ന് 221% ആയി വർദ്ധിപ്പിക്കാൻ അനുമതി നല്കുന്നു.

5. വർദ്ധിപ്പിച്ച ക്ഷാമബത്ത 2025 ആഗസ്റ്റ് മാസത്തെ ശമ്പളത്തോടൊപ്പം അതായത്, 2025 സെപ്റ്റംബർ മാസം വിതരണം ചെയ്യുന്ന ശമ്പളത്തോടൊപ്പം നൽകുന്നതാണ്.

6. വർദ്ധിപ്പിച്ച ക്ഷാമാശ്വാസം 2025 സെപ്റ്റംബർ മാസത്തെ പെൻഷനോടൊപ്പം വിതരണം ചെയ്യുന്നതാണ്.

7. ക്ഷാമബത്തയുടെ വർദ്ധിപ്പിച്ച നിരക്ക്, യു.ജി.സി/എ.ഐ.സി.ടി.ഇ/ മെഡിക്കൽ എഡ്യൂക്കേഷൻ സ്കീം സർക്കാർ ഉത്തരവിലൂടെ നടപ്പാക്കിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക്, ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ബാധകമാണ്. സർക്കാർ ഉത്തരവിലൂടെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലനിൽക്കുന്ന യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ മാത്രം ക്ഷാമാശ്വാസത്തിന്റെ വർദ്ധിപ്പിച്ച നിരക്ക് ബാധകമാണ്. ക്ഷാമബത്തയുടെയും/ ക്ഷാമാശ്വാസത്തിന്റെയും വർദ്ധിപ്പിച്ച നിരക്ക് 42%-ൽ അധികരിക്കാൻ പാടില്ല (01.01.2006 മുതലോ അതിനുശേഷമോ ആറാം യു.ജി.സി/എ.ഐ.സി.ടി.ഇ/ മെഡിക്കൽ എഡ്യൂക്കേഷൻ സ്കെയിലിൽ തുടരുന്നവർക്ക് 221%). ഡയറക്ടർ ബോർഡ്/ ഭരണസമിതി/ മാനേജിംഗ് കമ്മിറ്റി/ എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭിച്ചതിനുശേഷം അവർക്ക് ക്ഷാമബത്ത/ ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) I/II, കേരളം, തിരുവനന്തപുരം.
3. സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.
4. എല്ലാ വകുപ്പുകൾക്കും വകുപ്പ് തലവൻമാർക്കും

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്തയും സംസ്ഥാന സർവീസ് പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും ക്ഷാമാശ്വാസവും വർദ്ധിപ്പിച്ച നിരക്കിൽ അനുവദിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പ്

സ.ഉ.(അച്ചടി) നം.105/2025/FIN തീയതി,തിരുവനന്തപുരം, 25-08-2025

പരാമർശം:- 1. സ.ഉ.(അച്ചടി) നം.27/2021/ധന തീയതി 10.02.2021
2. സ.ഉ.(അച്ചടി) നം.30/2021/ധന തീയതി 12.02.2021
3. സ.ഉ.(അച്ചടി) നം.29/2025/ധന തീയതി 20.03.2025

<u>ഉത്തരവ്</u>

സംസ്ഥാന സർക്കാർ ജീവനക്കാർ, അധ്യാപകർ, എയ്ഡഡ് സ്കൂൾ ജീവനക്കാർ, സ്വകാര്യ കോളേജുകൾ, പോളിടെക്നിക്കുകൾ, മുഴുവൻ സമയ കണ്ടിജന്റ് ജീവനക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് നൽകേണ്ട ക്ഷാമബത്തയുടെയും സംസ്ഥാന സർവീസ് പെൻഷൻകാർ, കുടുംബ പെൻഷൻകാർ, എക്സ്-ഗ്രേഷ്യ പെൻഷൻകാർ, എക്സ്-ഗ്രേഷ്യ ഫാമിലി പെൻഷൻകാർ എന്നിവർക്ക് നൽകേണ്ട ക്ഷാമാശ്വാസത്തിന്റെയും നിരക്കുകൾ നിലവിലുള്ള 15% ൽ നിന്ന് 18% ആയി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പ്രീ റിവൈസ്ഡ് സ്കെയിലിൽ തുടരുന്ന ജീവനക്കാർക്ക് നൽകേണ്ട ക്ഷാമബത്ത താഴെ ചേർക്കും പ്രകാരം വർദ്ധിപ്പിക്കുന്നു.

| ക്രമ നം. | ശമ്പള പരിഷ്കരണ ഉത്തരവുകൾ | പുതുക്കിയ നിരക്ക് (%) |
|---|---|---|
| 1. | സ.ഉ.(അച്ചടി) നം.7/2016/ധന തീയതി 20.01.2016 | 51 |
| 2. | സ.ഉ.(അച്ചടി) നം.85/2011/ധന തീയതി 26.02.2011 | 185 |
| 3. | സ.ഉ.(അച്ചടി) നം.145/2006/ധന തീയതി 25.03.2006 | 388 |
| 4. | സ.ഉ.(അച്ചടി) നം.3000/98/ധന തീയതി 25.11.1998 | 447 |

3. പ്രീ റിവൈസ്ഡ് സ്കീമിൽ പെൻഷൻ വാങ്ങുന്നവർക്ക് നൽകേണ്ട ക്ഷാമാശ്വാസം താഴെ ചേർക്കും പ്രകാരം വർദ്ധിപ്പിക്കുന്നു.

| ക്രമ നം. | പെൻഷൻ പരിഷ്കരണ ഉത്തരവുകൾ | പുതുക്കിയ നിരക്ക് (%) |
|---|---|---|
| 1. | സ.ഉ.(അച്ചടി) നം.09/2016/ധന തീയതി 20.01.2016 | 51 |
| 2. | സ.ഉ.(അച്ചടി) നം.87/2011/ധന തീയതി 28.02.2011 | 185 |
| 3. | സ.ഉ.(അച്ചടി) നം.180/2006/ധന തീയതി 18.04.2006 | 388 |
| 4. | സ.ഉ.(അച്ചടി) നം.3001/98/ധന തീയതി 25.11.1998 | 447 |

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ഉത്തരവ് പ്രകാരമുള്ള അധിക ചെലവുകൾ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ് .

5. പാർട്ട് ടൈം അധ്യാപകർക്കും പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കും പുനർ നിയമനം ലഭിച്ച പെൻഷൻകാർക്കും വർദ്ധിപ്പിച്ച ക്ഷാമബത്ത നിരക്ക് അവർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ബാധകമാകുന്നതാണ്.

6. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ / സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ / സ്വയംഭരണ സ്ഥാപനങ്ങൾ / ബോർഡുകൾ / സംസ്ഥാന ക്ഷാമബത്ത / ക്ഷാമാശ്വാസ പാറ്റേൺ അനുസരിച്ചുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ / പെൻഷൻകാർ എന്നിവർക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വർദ്ധിപ്പിച്ച ക്ഷാമബത്ത / ക്ഷാമാശ്വാസ നിരക്കിന് അർഹതയുണ്ട്.

i. ക്ഷാമബത്ത / ക്ഷാമാശ്വാസം എന്നിവ അനുവദിക്കുന്നതിൽ സ്റ്റേറ്റ് പാറ്റേൺ തുടരുന്ന സ്ഥാപനങ്ങൾക്ക്, ഡയറക്ടർ ബോർഡ്/ഗവേണിംഗ് ബോഡി/ മനേജിംഗ് കമ്മിറ്റി/എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെ തീരുമാനത്തിന് വിധേയമായി, ഈ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്കിൽ ക്ഷാമബത്ത/ക്ഷാമാശ്വാസം എന്നിവ സർക്കാരിന്റെ അനുമതിയില്ലാതെ തനത് ഫണ്ടിൽ നിന്നും അവരുടെ ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിക്കാവുന്നതാണ്..

ii. ക്ഷാമബത്ത / ക്ഷാമാശ്വാസം എന്നിവ അനുവദിക്കുന്നതിൽ സ്റ്റേറ്റ് പാറ്റേൺ തുടരുന്ന സ്ഥാപനത്തിന് ഇത്തരം ചെലവുകൾ സ്വന്തമായി വഹിക്കാൻ കഴിയുന്നില്ലെങ്കിൽ, ഈ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്കിൽ ക്ഷാമബത്ത/ക്ഷാമാശ്വാസം എന്നിവ അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ശമ്പള/പെൻഷൻ ചെലവുകളുടെ 90% ത്തിൽ അധികം സർക്കാരിൽ നിന്നുള്ള പ്ലാൻ/നോൺ പ്ലാൻ ഗ്രാന്റായി നൽകുന്ന സ്ഥാപനങ്ങൾക്ക്, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ, ഡയറക്ടർമാരുടെ ബോർഡ്/ഗവേണിംഗ് ബോഡി/മാനേജിംഗ് കമ്മിറ്റി/എക്സിക്യൂട്ടീവ് കമ്മിറ്റി

എന്നിവയുടെ അംഗീകാരത്തോടെ വർദ്ധിപ്പിച്ച ക്ഷാമബത്ത/ക്ഷാമാശ്വാസം അനുവദിക്കാം

iii. ക്ഷാമബത്ത/ക്ഷാമാശ്വാസ വർദ്ധനവ് നടപ്പിലാക്കുന്നതിന് പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് (ഉദാ. കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി മുതലായവ) ഈ ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത/ക്ഷാമാശ്വാസ വർദ്ധനവ് ബാധകമല്ല. അത്തരം സ്ഥാപനങ്ങൾ അവരുടെ ജീവനക്കാർക്കും പെൻഷൻകാർക്കും ക്ഷാമബത്ത/ക്ഷാമാശ്വാസം അനുവദിക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി തേടുന്നതുൾപ്പെടെയുള്ള നിലവിലെ രീതി തുടരണം

7. ഈ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച ക്ഷാമബത്ത 2025 ആഗസ്റ്റ് മാസത്തെ ശമ്പളത്തോടൊപ്പം ലഭിക്കുന്നതാണ്. അതായത്, 2025 സെപ്റ്റംബറിൽ വിതരണം ചെയ്യുന്ന ശമ്പളത്തോടൊപ്പം ലഭിക്കുന്നതാണ്

8. വർദ്ധിപ്പിച്ച ക്ഷാമാശ്വാസം 2025 സെപ്റ്റംബർ മാസത്തെ പെൻഷനോടൊപ്പം ലഭിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) I/II, കേരളം, തിരുവനന്തപുരം.
3. സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.
4. എല്ലാ വകുപ്പുകൾക്കും വകുപ്പ് തലവൻമാർക്കും
5. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം.
6. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
7. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
8. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
9. ഗവർണറുടെ സെക്രട്ടറി
10. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
11. പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
12. ബഹു. സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
13. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
14. എല്ലാ ദേശസാൽകൃത ബാങ്കുകളുടെയും ഹെഡ് ഓഫീസുകൾ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമുകൾക്ക് കീഴിൽ വരുന്ന അദ്ധ്യാപക ജീവനക്കാർ/ പെൻഷൻകാർ/ കുടുംബ പെൻഷൻകാർ — ക്ഷാമബത്ത/ ക്ഷാമാശ്വാസം പുതുക്കിയ നിരക്കിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.104/2025/FIN തിരുവനന്തപുരം, തീയതി: 25-08-2025

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.151/2020/ധന തീയതി 05.11.2020
2. കേന്ദ്രസർക്കാരിന്റെ 03.04.2023 -ലെ 1/1/2023-E-II (B) നമ്പർ ഓഫീസ് മെമ്മൊറാണ്ടം.
3. കേന്ദ്രസർക്കാരിന്റെ 06.04.2023-ലെ 42/04/2023-P&PW(D) നമ്പർ ഓഫീസ് മെമ്മൊറാണ്ടം.
4. കേന്ദ്രസർക്കാരിന്റെ 10.04.2023-ലെ 1/3(1)/2008-E.II(B) നമ്പർ ഓഫീസ് മെമ്മൊറാണ്ടം.
5. സ.ഉ.(അച്ചടി) നം.30/2025/ധന തീയതി 20.03.2025

**ഉത്തരവ്**

യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ എന്നീ സ്കീമുകൾക്ക് കീഴിൽ 01.01.2016 മുതൽ പരിഷ്കരിച്ച സ്കെയിലിലേക്ക് മാറിയ യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ വിദ്യാഭ്യാസ സ്കീമുകളിൽ ഉൾപ്പെടുന്ന അധ്യാപക ജീവനക്കാർക്ക് നൽകേണ്ട ക്ഷാമബത്ത നിലവിലുള്ള 38% ൽ നിന്ന് 42% ആയി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമുകളിൽ ഉൾപ്പെടുന്നതും 01.01.2006 മുതലോ അതിനുശേഷമോ ആറാം യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കെയിലിൽ തുടരുന്നതുമായ അധ്യാപക ജീവനക്കാർക്ക് നൽകേണ്ട ക്ഷാമബത്ത നിരക്കുകൾ നിലവിലുള്ള 212% ൽ നിന്ന് 221% ആയി വർദ്ധിപ്പിക്കാൻ അനുമതി നല്കുന്നു.

3. പരാമർശം (1) ഉത്തരവ് പ്രകാരം പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരിച്ച യു.ജി.സി പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവർക്ക് നൽകേണ്ട ക്ഷാമബത്ത നിരക്ക് നിലവിലുള്ള 38%-ൽ നിന്ന് 42% ആയി വർദ്ധിപ്പിക്കാൻ അനുമതി നൽകുന്നു.

4. പരാമർശം (1) ഉത്തരവ് പ്രകാരം പെൻഷൻ/ കുടുംബ പെൻഷൻ പരിഷ്കരിച്ചിട്ടില്ലാത്ത യു.ജി.സി പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവർക്ക് നൽകേണ്ട ക്ഷാമബത്ത നിരക്ക് നിലവിലുള്ള 212%-ൽ നിന്ന് 221% ആയി വർദ്ധിപ്പിക്കാൻ അനുമതി നല്കുന്നു.

5. വർദ്ധിപ്പിച്ച ക്ഷാമബത്ത 2025 ആഗസ്റ്റ് മാസത്തെ ശമ്പളത്തോടൊപ്പം അതായത്, 2025 സെപ്റ്റംബർ മാസം വിതരണം ചെയ്യുന്ന ശമ്പളത്തോടൊപ്പം നൽകുന്നതാണ്.

6. വർദ്ധിപ്പിച്ച ക്ഷാമാശ്വാസം 2025 സെപ്റ്റംബർ മാസത്തെ പെൻഷനോടൊപ്പം വിതരണം ചെയ്യുന്നതാണ്.

7. ക്ഷാമബത്തയുടെ വർദ്ധിപ്പിച്ച നിരക്ക്, യു.ജി.സി/എ.ഐ.സി.ടി.ഇ/ മെഡിക്കൽ എഡ്യൂക്കേഷൻ സ്കീം സർക്കാർ ഉത്തരവിലൂടെ നടപ്പാക്കിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക്, ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ബാധകമാണ്. സർക്കാർ ഉത്തരവിലൂടെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലനിൽക്കുന്ന യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ മാത്രം ക്ഷാമാശ്വാസത്തിന്റെ വർദ്ധിപ്പിച്ച നിരക്ക് ബാധകമാണ്. ക്ഷാമബത്തയുടെയും/ ക്ഷാമാശ്വാസത്തിന്റെയും വർദ്ധിപ്പിച്ച നിരക്ക് 42%-ൽ അധികരിക്കാൻ പാടില്ല (01.01.2006 മുതലോ അതിനുശേഷമോ ആറാം യു.ജി.സി/എ.ഐ.സി.ടി.ഇ/ മെഡിക്കൽ എഡ്യൂക്കേഷൻ സ്കെയിലിൽ തുടരുന്നവർക്ക് 221%). ഡയറക്ടർ ബോർഡ്/ ഭരണസമിതി/ മാനേജിംഗ് കമ്മിറ്റി/ എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭിച്ചതിനുശേഷം അവർക്ക് ക്ഷാമബത്ത/ ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) I/II, കേരളം, തിരുവനന്തപുരം.
3. സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.
4. എല്ലാ വകുപ്പുകൾക്കും വകുപ്പ് തലവൻമാർക്കും

കേരള സർക്കാർ

നം. 3215950/ബ.വി.സി1/68/2025-ധന

ധനകാര്യ (ബജറ്റ് വിംഗ് - സി) വകുപ്പ്
തിരുവനന്തപുരം
തീയതി : 30.08.2025

അഡീഷണൽ ചീഫ് സെക്രട്ടറി,
ധനകാര്യ വകുപ്പ്.

ട്രഷറി ഡയറക്ടർ
ട്രഷറി വകുപ്പ്

സർ,

വിഷയം :- ധനകാര്യ വകുപ്പ് - 02-04-Consolidated pay, 02-05-Daily Wages ശീർഷകങ്ങളിൽ ഒക്ടോബർ മാസം വരെ അലോട്ട്മെന്റ് ഇല്ലാതെ ബില്ലുകൾ മാറി നൽകുന്നത് സംബന്ധിച്ച്.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവിധ സർക്കാർ വകുപ്പുകളിലെ 02-04-Consolidated pay, 02-05-Daily Wages എന്നീ ശീർഷകങ്ങളിൽ നിന്നും വേതനം നൽകിവരുന്ന എല്ലാ വിഭാഗം താൽക്കാലിക ജീവനക്കാരുടേയും ബില്ലുകൾ ഒക്ടോബർ മാസം വരെ അലോട്ട്മെന്റ് ഇല്ലാതെ മാറി നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പ്രീത വി എസ്
അണ്ടർ സെക്രട്ടറി
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നമ്പർ E2/2116/2025 തീയതി 30/08/25
പകർപ്പ് എല്ലാ ട്രഷറി ഓഫീസർമാരുടെ അറിവിലേക്കും തുടർനടപടികൾക്കുമായി അയയ്ക്കുന്നു.

ട്രഷറി ഡയറക്ടർക്ക് വേണ്ടി

30/8/25
30/8/25
SS, ES1

ज्ञान-विज्ञान विमुक्तये
आचार्य मनिष र. जोशी
सचिव
**Prof. Manish R. Joshi**
Secretary

सत्यमेव जयते

आज़ादी का अमृत महोत्सव

**विश्वविद्यालय अनुदान आयोग**
**University Grants Commission**
(शिक्षा मंत्रालय, भारत सरकार)
(Ministry of Education, Govt. of India)

**F. No. 1-6/2022(LOCF/NEP)2020** **20th August, 2025/ 29 श्रावण, 1947**

## सार्वजनिक सूचना

### Learning Outcomes based Curriculum Framework (LOCF)

Classification of qualifications based on learning outcomes is an important recommendation of National Education Policy (NEP) 2020. UGC has initiated the task of developing subject-wise Learning Outcomes based Curriculum Framework (LOCF) as per the policy.

The UGC has developed draft LOCFs for nine subjects so far. The draft LOCF will serve as a model curriculum to promote flexibility and innovation in programme design and syllabi development.

Please find the draft LOCFs for subject viz. Anthropology, Chemistry, Commerce, Economics, Geography, Home Science, Mathematics, Physical Education and Political Science attached herewith for suggestions/feedback. In order to obtain views from stakeholders on the draft LOCF, a Google form is attached herewith. I request you kindly to share your valuable feedback on the draft LOCFs on or before 20.09.2025 in the Google form link given below:

https://docs.google.com/forms/d/e/1FAIpQLSdsimT8ZFjqKjY_URYyLY_WKjUaNCghebxwuNL1A5k0ex_41Q/viewform?usp=dialog

(मनिष जोशी)

बहादुरशाह ज़फ़र मार्ग, नई दिल्ली-110002 | Bahadur Shah Zafar Marg, New Delhi-110002
दूरभाष (Ph.): 011-23236288/23239337 | सम्पर्क सूत्र (ई-मेल) (E-mail) : secy.ugc@nic.in


AKPCTA
എ കെ പി സി ടി എ
സംസ്ഥാന
പ്രവർത്തക ക്യാമ്പ്
2025 ഒക്ടോബർ 11 12 ശനി, ഞായർ
എച്ച് ആർ ഡി കാമ്പസ്, വാഗമൺ
ഉദ്ഘാടനം:
ഡോ. പി.കെ. ബിജു
മുൻ എം പി
വർഗീയവൽക്കരണം വിദ്യാഭ്യാസ മേഖലയിൽ:
ബദലും പ്രതിരോധവും
മാധ്യമം - സംസ്കാരം - രാഷ്ട്രീയം
അഡ്വ. കെ.എസ്. അരുൺകുമാർ
സിൻഡിക്കേറ്റ് അംഗം
കാലടി സംസ്കൃത സർവ്വകലാശാല
സംഘടനാ ചരിത്രവും വർത്തമാനകാല കടമകളും
ഡോ. സി. പത്മനാഭൻ
മുൻ ജനറൽ സെക്രട്ടറി, എ കെ പി സി ടി എ
സംഘടനാ രേഖകളുടെ അവതരണം | ഗ്രൂപ്പ് ചർച്ച
വി എസ് നടന്നു നീങ്ങിയ കനൽവഴികൾ - ഐ ടി സെൽ തയ്യാറാക്കിയ ഡോക്യുമെന്ററി പ്രദർശനം
സ്റ്റുഡന്റ്സ് വാട്സാപ്പ് ചാനൽ റിലീസ് | ഡിജിറ്റൽ മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് റിലീസ് | കലാ സാംസ്കാരിക സന്ധ്യ


KACTCOS
KERALA AIDED COLLEGE TEACHERS' CO-OPERATIVE SOCIETY
KACTCOS
Kerala Aided College Teachers
Co- Operative Society
Ltd No : 4507 Vanchiyoor, Thiruvananthapuram 35
Phone No. 8714438393
• ആകർഷകമായ പലിശയിൽ ലളിതമായ വ്യവസ്ഥയിൽ 5 ലക്ഷം രൂപ വരെ വ്യക്തിഗത വായ്പ ഉടൻ നൽകുന്നു
• 5 ലക്ഷം രൂപയ്ക്ക് 60 മാസം കാലയളവിൽ ആദ്യ മാസത്തെ തിരിച്ചടവ് 12,917/- മാത്രം
• പിന്നീടുള്ള ഓരോ മാസവും തിരിച്ചടവ് തുക 78 രൂപ വീതം കുറയുന്നു
ഉടൻ ആരംഭിക്കുന്ന പ്രതിമാസ സമ്പാദ്യ പദ്ധതി (MSS)
5,000x20 മാസം 1,00,000
10,000x20 മാസം 2,00,000
സ്ഥിരം നിക്ഷേപങ്ങളുടെ പലിശ നിരക്ക്
15 Days to 45 Days - 6.25%
46 Days to 90 days - 6.75%
91 days Days to 179 Days - 7.25%
180 Days to 364 Days - 7.75%
365 Days up to 2 Year - 8%
60 വയസ്സും അതിന് മുകളിലും ഉള്ള സ്ഥിര നിക്ഷേപകർക്ക് 0.5 % അധിക പലിശ നൽകുന്നു.
Dr. Vijayakumari K
(President in Charge)
Dr. Soju S
(Secratary)

KERALA PRIVATE COLLEGE TEACHER

ISSUE No.316

ISSN 2454-4795
AUGUST-SEPTEMBER - 2025


# പ്രണതയുടെ വായനാവസന്തം



₹ 150

**തപസ്വിനി അമ്മ**
അബലകൾക്ക് ശരണമായി ജീവിച്ച പുണ്യവതി
ജീവചരിത്രം
പ്രൊഫ. എം.കെ. സാനു




₹ 350

**കൊച്ചിക്കാർ**
പൈതൃകാന്വേഷണം
അഞ്ചാം പതിപ്പ്
ബോണി തോമസ്




₹ 1000

**സഖാവ് പി. കൃഷ്ണപിള്ള**
സമ്പൂർണ്ണ കൃതികൾ
എഡിറ്റർ:
ആർ.കെ. ബിജുരാജ്



₹ 900

**പൊരുളാഴം**
നാരായണഗുരു കൃതികളുടെ വ്യാഖ്യാനം
നിത്യചൈതന്യയതി




₹ 400

**സിനിമകളിലെ ദലിത് ദൃശ്യതകൾ**
രാജേഷ് എം.ആർ



₹ 400

**കേരള നവോത്ഥാനത്തിന്റെ സൂര്യതേജസ്സുകൾ**
ഡോ. ധർമ്മരാജ് അടാട്ട്




₹ 175

**ആപേക്ഷിക മരണം**
പതിനാറ് കഥകളുടെ സമാഹാരം
ജോണി ജെ. പ്ലാത്തോട്ടം



₹ 350

**എക്സ്പ്രസ് വഴികാട്ടിയ കനൽ**
ബാബു വെളപ്പായ




₹ 300

**കണ്ണാടി, കതക്, കടവ്**
സുഭാഷിതങ്ങൾ
റവ.ഡോ. വിൻസെന്റ് വാരിയത്ത്




₹ 200

**തെരഞ്ഞെടുപ്പ് ജനാധിപത്യം:**
ചരിത്രവും വർത്തമാനവും
സതീശ് സൂര്യൻ



₹ 350

**ഉടഞ്ഞ കുടത്തിലെ വെള്ളം** (ഓർമ്മ)
യോഗേഷ് മൈത്രേയ
വിവർത്തനം: കെ.പി. ഉണ്ണി



₹ 200

**പ്രണയം മാത്രം**
സുചിത്ര ഭട്ടാചാര്യ
വിവർത്തനം:
സുനിൽ ഞാളിയത്ത്

PRANATHA BOOKS

**പ്രണത ബുക്സ്**
മോണിങ്സ്റ്റാർ ബിൽഡിങ്, കച്ചേരിപ്പടി, കൊച്ചി 18,
Ph: 0484 2390060 pranathabooks@gmail.com

9349494919

പുസ്തകങ്ങൾ ആമസോണിലും ലഭ്യം


Printed and Published by Prof. (Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 0471-2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. Vidhu Narayan**